

കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ

വാർഷിക റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ

വാർഷിക റിപ്പോർട്ട് 2019-2020

1. ആമുഖം

2005-ലെ ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള കമ്മീഷനുകൾ ആക്റ്റ് (കമ്മീഷൻസ് ഫോർ ദ പ്രൊട്ടക്ഷൻ ഓഫ് ചൈൽഡ് റൈറ്റ്സ് ആക്റ്റ് - സി.പി.സി.ആർ ആക്റ്റ്) പ്രകാരം രൂപവത്ക്കരിക്കപ്പെട്ട കേരള സംസ്ഥാന ബാലാവ കാശസംരക്ഷണ കമ്മീഷൻ 2013 ജൂൺ മൂന്നിനാണ് പ്രവർത്തനം ആരംഭിച്ചത്. കമ്മീഷന്റെ ഏഴാമത്തെ വാർഷിക റിപ്പോർട്ടാണിത്.

മേൽപ്പറഞ്ഞ കേന്ദ്രനിയമത്തിലെ 13-ാം വകുപ്പ്, 2012-ലെ കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ ചട്ടങ്ങളിലെ ചട്ടം 17 എന്നിവയിലാണ് കമ്മീഷന്റെ കർത്തവ്യങ്ങളും ചുമതലകളും നിഷ്കർഷിച്ചിട്ടുള്ളത്. ഇവയ്ക്കനുസൃത മായ രീതിയിൽ പ്രവർത്തനങ്ങൾ ഊർജ്ജസ്വലമായി മുന്നോട്ട് കൊണ്ടുപോയതിനോ ടൊപ്പം 2019-2020 വർഷത്തിലേയ്ക്ക് കമ്മീഷൻ തയ്യാറാക്കിയ നടപടി രൂപരേഖയ്ക്ക് അനുസൃതമായ പരിപാടികളും റിപ്പോർട്ട് കാലയളവിൽ കമ്മീഷൻ ആസൂത്രണം ചെയ്ത് നടപ്പാക്കുകയുണ്ടായി.

പ്രസ്തുത നിയമവ്യവസ്ഥകൾ പ്രകാരം ബാലാവകാശങ്ങൾ സംരക്ഷിക്കുന്ന തിനുവേണ്ടി തത്സമയം പ്രാബല്യത്തിലിരിക്കുന്ന ഏതെങ്കിലും നിയമങ്ങളിലോ അതിൻകീഴിലോ വ്യവസ്ഥ ചെയ്തിട്ടുള്ള സുരക്ഷാ ഏർപ്പാടുകൾ പരിശോധിക്കുകയും പുന:പരിശോധിക്കുകയും ചെയ്ത് അവ ഫലപ്രദമായി നടപ്പിലാക്കുന്നതിനാവശ്യമായ മാർഗ്ഗങ്ങൾ ശുപാർശ ചെയ്യുന്നതിനുപുറമെ ബാലാവകാശലംഘനം സംബന്ധിച്ച പരാ തികൾ അന്വേഷണവിചാരണ ചെയ്ത് നടപടികൾ തുടങ്ങുന്നതിന് ശുപാർശ ചെയ്യു ന്നതും കമ്മീഷന്റെ ഏറ്റവും പ്രധാനപ്പെട്ട കർത്തവ്യമാണ്. ഇത്തരം കാര്യങ്ങളുടെ നിർവ്വഹണത്തിനായി കമ്മീഷനിൽ പരാതിപരിഹാരവിഭാഗം പ്രവർത്തിക്കുന്നുണ്ട്. കമ്മീഷനിൽ ലഭിക്കുന്ന പരാതികളിൽ ബന്ധപ്പെട്ടവരിൽനിന്ന് റിപ്പോർട്ട് തേടുകയും ഓരോ കേസിലെയും വിഭിന്നങ്ങളായ തെളിവുകളും സാഹചര്യങ്ങളും അപഗ്രഥിച്ചും

ബന്ധപ്പെട്ട അധികാരസ്ഥാനങ്ങൾക്കും ശുപാർശകൾ നൽകുകയും ചെയ്യുന്ന സമ്പ്രദായമാണ് പരാതികളുമായി ബന്ധപ്പെട്ട് കമ്മീഷൻ അവലംബിക്കുന്നത്.

കുട്ടികളുമായുള്ള സംവാദം, ജില്ലകളിലെ വിവിധ സർക്കാർ വകുപ്പുകളുമായി ബന്ധപ്പെട്ട പദ്ധതിപ്പങ്കാളികൾ (stakeholders), സന്നദ്ധസംഘടനകളുടെ പ്രതിനിധികൾ എന്നിവരുമായി ബാലാവകാശസംരക്ഷണം സംബന്ധിച്ച തുടർച്ചയായ ചർച്ചകൾ എന്നിവയ്ക്കു പുറമേ കമ്മീഷൻ നടത്തിയ കൂടിയാലോചനായോഗങ്ങൾ, ബോധവത്കരണ പ്രവർത്തനങ്ങൾ എന്നിവയിൽ സുപ്രധാനമായവ ചുവടെ പറയുന്നു.

കുട്ടികൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ അടിസ്ഥാനമാക്കി വിവിധ തലത്തിലുള്ള പദ്ധതിപ്പങ്കാളികളുമായി കമ്മീഷൻ കൂടിയാലോചനകൾ നടത്തിയിട്ടുണ്ട്. സംസ്ഥാനത്തെ സ്കൂളുകളിൽ കുട്ടികൾ നേരിടുന്ന അടിസ്ഥാനസൗകര്യങ്ങളുടെ അപര്യാപ്തതയും കുട്ടികളുടെ സുരക്ഷയുമൊക്കെ കമ്മീഷൻ ചർച്ച ചെയ്ത വിഷയങ്ങളാണ്. ദുരിതം അനുഭവിക്കുന്നവരും പാർശ്വവൽക്കരിക്കപ്പെട്ടവരും പ്രതികൂലാവസ്ഥയിൽ ജീവിക്കുന്നവരുമായ കുട്ടികളുടെ പ്രശ്നങ്ങളെക്കുറിച്ച് കമ്മീഷൻ ആഴത്തിൽ പഠിക്കുകയും സർക്കാരിന് ശുപാർശ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. വിക്റ്റിം കോമ്പൻസേഷൻ സ്കീം, ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ആന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളുടെയും ഹോസ്റ്റലുകളുടെയും നടത്തിപ്പ് സംബന്ധിച്ച കാര്യങ്ങൾ, എൻഡോസൾഫാൻ ദുരിതബാധിതരായ കുട്ടികളുടെ പ്രശ്നങ്ങൾ, പ്രത്യേകശ്രദ്ധയും സുരക്ഷയും ആവശ്യമുള്ള കുട്ടികളുടെ വിഷയങ്ങൾ എന്നിവ അടിസ്ഥാനമാക്കി സർക്കാരിന് കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടുകൾ അവയിൽ ചിലതാണ്. കഴിഞ്ഞ വർഷം സമാനവിഷയങ്ങളിൽ നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങൾ പരിഗണനയ്ക്കായി കമ്മീഷൻ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം ആക്റ്റ് 2009 (ആർ.റ്റി.ഇ. ആക്റ്റ്), ലൈംഗിക കുറ്റകൃത്യങ്ങളിൽനിന്ന് കുട്ടികളെ സംരക്ഷിക്കുന്നതിനുള്ള ആക്റ്റ് 2012 (പോക്സോ ആക്റ്റ്), ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) ആക്റ്റ് 2015 എന്നീ കേന്ദ്ര നിയമങ്ങൾ സംസ്ഥാനത്ത് നടപ്പാക്കുന്നത് നിരീക്ഷിക്കുന്നതിനുള്ള ചുമതലയും കമ്മീഷനുണ്ട്.

കമ്മീഷന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച കാര്യങ്ങൾ പൊതുജനങ്ങളിലേയ്ക്കും വിവിധ പദ്ധതിപ്പങ്കാളികളിലേയ്ക്കും സമഗ്രമായി എത്തിക്കുന്നതിനായി വെബ്സൈറ്റ് നിലവിലുണ്ട്. 2016-ലെ ബാലാവകാശവാരാഘോഷത്തോടനുബന്ധിച്ച് കമ്മീഷന്റെ മലയാളം വെബ്സൈറ്റും പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. അതോടൊപ്പം

തന്നെ, ഫേസ്ബുക്ക്, ടിറ്റർ മുതലായ സാമൂഹ്യമാധ്യമങ്ങളിലും കമ്മീഷൻ സാന്നിധ്യം അറിയിച്ചുതുടങ്ങി. പരാതികൾ ഓൺലൈനായി സമർപ്പിക്കുന്നതിനും പരാതി സംബന്ധിച്ച കാര്യങ്ങൾ നിരീക്ഷിക്കുന്നതിനുമായി ആരംഭിച്ച ഓൺലൈൻ പരാതി സമർപ്പണ സംവിധാനത്തിനും വൻ സ്വീകാര്യതയാണ് പൊതുസമൂഹത്തിൽനിന്ന് ലഭിച്ചത്.

2. കമ്മീഷന്റെ ചുമതലകളും അധികാരങ്ങളും

2005-ലെ ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള കമ്മീഷനുകൾ ആക്റ്റ് (സി.പി.സി.ആർ.ആക്റ്റ്), സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം ആക്റ്റ് 2009 (ആർ.റ്റി.ഇ.ആക്റ്റ്), കുട്ടികളെ ലൈംഗിക കുറ്റകൃത്യങ്ങളിൽനിന്ന് സംരക്ഷിക്കുന്നതിനുള്ള ആക്റ്റ് 2012 (പോക്സോ ആക്റ്റ്), ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) ആക്റ്റ് 2015 എന്നിവ പ്രകാരമുള്ള ചുമതലകളും കർത്തവ്യങ്ങളും അധികാരങ്ങളുമാണ് കമ്മീഷനുള്ളത്.

2005-ലെ സി.പി.സി.ആർ. ആക്റ്റിലെ 13-ാം വകുപ്പ് പ്രകാരം ചുവടെ പറയുന്നവ കമ്മീഷന്റെ ചുമതലകളാണ്.

- ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമങ്ങളിലോ അതിൻ കീഴിലോ വ്യവസ്ഥ ചെയ്തിട്ടുള്ള സുരക്ഷാ ഏർപ്പാടുകൾ പരിശോധിക്കുകയും പുന:പരിശോധിക്കുകയും ചെയ്ത് അവ ഫലപ്രദമായി നടപ്പിലാക്കുന്നതിനാവശ്യമായ മാർഗ്ഗങ്ങൾ ശുപാർശ ചെയ്യുക.
- കമ്മീഷന് യുക്തമെന്ന് തോന്നുന്നപക്ഷം വാർഷികമായും അല്ലാതെയും ഇത്തരം സുരക്ഷാ ഏർപ്പാടുകളുടെ പ്രവർത്തനത്തിന്മേലുള്ള റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിക്കുക.
- ബാലാവകാശലംഘനവുമായി ബന്ധപ്പെട്ട കേസുകളിൽ അന്വേഷണ വിചാരണ ചെയ്ത് നടപടികൾ തുടങ്ങുന്നതിന് ശുപാർശ ചെയ്യുക.
- ഭീകരപ്രവർത്തനം, വർഗ്ഗീയകലാപം, ലഹള, പ്രകൃതിദുരന്തം, ഗാർഹിക പീഡനം, എച്ച്.ഐ.വി/എയ്ഡ്സ്, മനുഷ്യക്കടത്ത്, പീഡനം, ഭേദ്യം ചെയ്യലും ചൂഷണവും, അശ്ലീലസാഹിത്യം, ലൈംഗികചൂഷണം എന്നിവ മൂലം ബുദ്ധിമുട്ടുന്ന കുട്ടികളുടെ അവകാശങ്ങൾ നിഷേധിക്കുന്ന എല്ലാ ഘടകങ്ങളും പരിശോധിക്കുകയും ഉചിതമായ പരിഹാരങ്ങൾ ശുപാർശ ചെയ്യുകയും ചെയ്യുക.
- ദുരിതം അനുഭവിക്കുന്നതും പാർശ്വവത്കരിക്കപ്പെട്ടതും പ്രതികൂലാവസ്ഥയിലുള്ളതും നിയമവുമായി പൊരുത്തപ്പെടാത്തതും പക്വതയില്ലാത്തതും കുടുംബമില്ലാത്തതും തടവുകാരുടേത് ഉൾപ്പെടെ പ്രത്യേക ശ്രദ്ധയും പരിരക്ഷയും

ആവശ്യമുള്ളതുമായ കുട്ടികളെ സംബന്ധിച്ച സംഗതികൾ കണക്കിലെടുക്കുകയും ഉചിതമായ പരിഹാരമാർഗ്ഗങ്ങൾ ശുപാർശ ചെയ്യുകയും ചെയ്യുക.

- സമാധാന ഉടമ്പടികളും മറ്റ് അന്താരാഷ്ട്ര രേഖകളും പഠിക്കുകയും ബാലാവകാശങ്ങളിന്മേൽ നിലവിലുള്ള നയങ്ങളുടെയും കാര്യപരിപാടികളുടെയും മറ്റ് പ്രവർത്തനങ്ങളുടെയും ആനുകാലിക പുന:പരിശോധന ഏറ്റെടുക്കുകയും കുട്ടികളുടെ ഉത്തമ താല്പര്യത്തിനായി അവയുടെ ഫലപ്രദമായ നടപ്പാക്കലിനു വേണ്ട ശുപാർശകൾ നടത്തുകയും ചെയ്യുക.
- ബാലാവകാശമേഖലയിൽ ഗവേഷണം നടത്തുകയും അത് പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
- സമൂഹത്തിന്റെ വിവിധ വിഭാഗങ്ങൾക്കിടയിൽ ബാലാവകാശ സാക്ഷരത പ്രചരിപ്പിക്കുകയും പ്രസിദ്ധീകരണങ്ങൾ, മാധ്യമങ്ങൾ, സെമിനാറുകൾ, ലഭ്യമായ മറ്റ് മാർഗ്ഗങ്ങൾ എന്നിവയിലൂടെ ബാലാവകാശങ്ങളുടെ സംരക്ഷണത്തിന് നിലവിലുള്ള സുരക്ഷാ ഏർപ്പാടുകളുടെ അവബോധം പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
- സാമൂഹ്യസംഘടനകൾ ഉൾപ്പെടെയുള്ളവർ നടത്തുന്ന ബാലസംരക്ഷണ മന്ദിരമോ മറ്റ് താമസസ്ഥലമോ കുട്ടികൾക്ക് വേണ്ടിയുള്ള സ്ഥാപനങ്ങളോ പരിശോധിക്കുകയോ പരിശോധിപ്പിക്കുകയോ ചെയ്യുകയും ആവശ്യമാണെന്നു കാണുന്നപക്ഷം ഈ അധികാര സ്ഥാപനങ്ങളുമായി ചേർന്ന് പരിഹാര നടപടി സ്വീകരിക്കുകയും ചെയ്യുക.
- ബാലാവകാശങ്ങൾ നിഷേധിക്കലും ലംഘനവും കുട്ടികളുടെ സംരക്ഷണത്തിനും അഭിവൃദ്ധിക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്ന നിയമങ്ങൾ നടപ്പാക്കാതിരിക്കലും കുട്ടികളുടെ കഷ്ടപ്പാടുകൾ ലഘൂകരിക്കുന്നതിന് ലക്ഷ്യമിട്ട നയപരമായ തീരുമാനങ്ങളോ മാർഗ്ഗനിർദ്ദേശകരേഖകളോ നിർദ്ദേശങ്ങളോ നടപ്പാക്കാതിരിക്കലും കുട്ടികളുടെ ക്ഷേമം ഉറപ്പുവരുത്തലും അങ്ങനെയുള്ള കുട്ടികൾക്ക് ആശ്വാസം നൽകലും എന്നീ സംഗതികൾ സംബന്ധിച്ച പരാതികളിൽ അന്വേഷണ വിചാരണ നടത്തുകയും സ്വമേധയാ പരിഗണനയ്ക്ക് എടുക്കുകയും ചെയ്യുക.

2.1 ബാലാവകാശ സംരക്ഷണ കമ്മീഷനുകൾ ആക്റ്റിലെ 15-ാം വകുപ്പു പ്രകാരം അന്വേഷണ വിചാരണയ്ക്കുശേഷം ചുവടെപ്പറയുന്ന നടപടികൾക്ക് കമ്മീഷന് അധികാരമുണ്ട്

- ബാലാവകാശത്തിന്മേൽ ഗൗരവതരമായ ലംഘനമോ തത്സമയം പ്രാബല്യത്തിലിരിക്കുന്ന ഏതെങ്കിലും നിയമത്തിന്റെ ലംഘനമോ നടന്നതായി

അന്വേഷണവിചാരണയിൽ വെളിപ്പെട്ടാൽ, ബന്ധപ്പെട്ട ആളിനോ ആളുകൾക്കോ എതിരായി പ്രോസിക്യൂഷൻ നടപടികളോ കമ്മീഷന് ഉചിതമെന്നു തോന്നുന്ന നടപടികളോ ആരംഭിക്കുവാൻ സർക്കാരിനോടോ മറ്റ് അധികാര സ്ഥാനത്തോടോ ശുപാർശ ചെയ്യുക.

- നിർദ്ദേശങ്ങൾക്കോ ഉത്തരവുകൾക്കോ റിട്ടുകൾക്കോ വേണ്ടി ബഹുമാനപ്പെട്ട സുപ്രീം കോടതിയെയോ ഹൈക്കോടതിയെയോ സമീപിക്കുക.
- ഇടക്കാല ആശ്വാസം പീഡിതനോ ആ വ്യക്തിയുടെ കുടുംബാംഗങ്ങൾക്കോ നൽകുന്നതിനായി സർക്കാരിനോടോ ബന്ധപ്പെട്ട അധികാരസ്ഥാനത്തോടോ ശുപാർശ ചെയ്യുക.

2.2 സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം ആക്റ്റ്, 2009 (ആർ.റ്റി.ഇ. ആക്റ്റ്) പ്രകാരമുള്ള അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും

ആർ.റ്റി.ഇ.ആക്റ്റിലെ 31-ാം വകുപ്പു പ്രകാരം, പ്രസ്തുത ആക്റ്റിലെ 2 (സി) വകുപ്പിൽ നിർവ്വചിക്കുന്ന പ്രകാരമുള്ള ഒരു കുട്ടിയുടെ വിദ്യാഭ്യാസത്തിനുള്ള അവകാശം നിരീക്ഷിക്കുന്നതിനുള്ള അധികാരം സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷനിൽ നിക്ഷിപ്തമാണ്.

ഇതുപ്രകാരം, വിദ്യാഭ്യാസ അവകാശത്തിനുള്ള സുരക്ഷാ ഏർപ്പാടുകൾ പരിശോധിക്കുകയും പുന:പരിശോധിക്കുകയും ചെയ്യുന്നതിനും അവ ഫലപ്രദമായി നടപ്പിൽ വരുത്തുന്നതിനുള്ള മാർഗ്ഗങ്ങൾ ശുപാർശ ചെയ്യുന്നതിനും കുട്ടിയുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശവുമായി ബന്ധപ്പെട്ട പരാതികൾ അന്വേഷണ വിചാരണ ചെയ്യുന്നതിനും കമ്മീഷന് അധികാരമുണ്ട്. ഈ നിയമത്തിലെ 32(4) വകുപ്പ് പ്രകാരം കമ്മീഷൻ പ്രസ്തുത നിയമത്തിൻകീഴിലുള്ള അപ്പീൽ അധികാര സ്ഥാനം കൂടിയാണ്. കൂടാതെ, വിദ്യാഭ്യാസ അവകാശ നിരീക്ഷണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിൽ കമ്മീഷന് ബാലാവകാശ സംരക്ഷണ കമ്മീഷനുകൾ ആക്റ്റിലെ എല്ലാ അധികാരങ്ങളും വിനിയോഗിക്കാമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

2.3 ലൈംഗിക അതിക്രമങ്ങളിൽനിന്ന് കുട്ടികളെ സംരക്ഷിക്കുന്നതിനുള്ള ആക്റ്റ് 2012 (പോക്സോ ആക്റ്റ്) പ്രകാരമുള്ള അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും

കുട്ടികളെ ലൈംഗിക കുറ്റകൃത്യങ്ങളിൽ നിന്ന് സംരക്ഷിക്കുന്നതിനുള്ള ആക്റ്റ്, 2012 (പോക്സോ ആക്റ്റ്)-ലെ 44-ാം വകുപ്പ് പ്രകാരം പോക്സോ നിയമത്തിലെ വ്യവസ്ഥകൾ നടപ്പാക്കുന്നത് നിരീക്ഷിക്കുന്നതിനുള്ള അധികാരവും കമ്മീഷനിൽ

നിക്ഷിപ്തമാണ്. ഇതുപ്രകാരം, ചുവടെ പറയുന്ന കാര്യങ്ങൾ കമ്മീഷൻ നിരീക്ഷിക്കുന്നതാണ്.

- പോക്സോ ആക്റ്റ് പ്രകാരമുള്ള കേസുകൾ വിചാരണ ചെയ്യുന്നതിനായി പ്രത്യേക കോടതികൾ സംസ്ഥാന സർക്കാർ നാമനിർദ്ദേശം ചെയ്യുന്നത്;
- ടി കോടതികളിൽ പ്രത്യേക പബ്ലിക് പ്രോസിക്യൂട്ടർമാരെ സംസ്ഥാന സർക്കാർ നിയമിക്കുന്ന കാര്യം;
- വിചാരണഘട്ടത്തിലും വിചാരണയ്ക്കുമുമ്പും കുട്ടിയെ സഹായിക്കുന്നതിനായി സർക്കാരിതര സംഘടനകൾക്കും മന:ശാസ്ത്രം, സാമൂഹ്യസേവനം, മാനസിക ശാരീരിക ആരോഗ്യം തുടങ്ങിയവയുമായി ബന്ധപ്പെട്ട വിദഗ്ദ്ധർക്കും വ്യക്തികൾക്കുമായി പോക്സോ നിയമത്തിലെ 39-ാം വകുപ്പു പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിക്കുന്നതും അത്തരം മാർഗ്ഗനിർദ്ദേശങ്ങളുടെ നടപ്പാക്കലും;
- പോലീസ് ഉദ്യോഗസ്ഥർക്കും മറ്റു സർക്കാർ ജീവനക്കാർക്കും പരിശീലനം നൽകുന്നതിനുള്ള മാർഗ്ഗരൂപരേഖകൾ തയ്യാറാക്കുന്നതും അവ നടപ്പാക്കുന്നതും;
- കൂടാതെ പോക്സോ നിയമത്തിലെ വ്യവസ്ഥകൾ സംബന്ധിച്ച അറിവ് പൊതുജനങ്ങൾ, കുട്ടികൾ, രക്ഷാകർത്താക്കൾ തുടങ്ങിയവർക്കെല്ലാം ഇലക്ട്രോണിക് മാധ്യമങ്ങൾ ഉൾപ്പെടെയുള്ള മാധ്യമങ്ങളിലൂടെ നിശ്ചിത ഇടവേളകളിൽ ലഭ്യമാക്കുന്നതിനായി സംസ്ഥാന സർക്കാരിനെ സഹായിക്കുന്നതും ലൈംഗികാതിക്രമങ്ങൾ സംബന്ധിച്ച് റിപ്പോർട്ട് ചെയ്യപ്പെട്ട കേസുകളിൽ ബന്ധപ്പെട്ട അധികാരസ്ഥാനങ്ങളിൽനിന്ന് വിവരങ്ങൾ ശേഖരിക്കുന്നതും.

2.4. ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) ആക്റ്റ് 2015 പ്രകാരമുള്ള അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും

2015-ലെ ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) ആക്റ്റിലെ 104-ാം വകുപ്പു പ്രകാരം പ്രസ്തുത നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നത് നിരീക്ഷിക്കുന്നതിനുള്ള അധികാരം സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷനാണ്. 2016 ജനുവരിയിലാണ് ടി നിയമം പ്രാബല്യത്തിൽ വന്നത്. ഈ നിയമവുമായി ബന്ധപ്പെട്ട മാതൃകാചട്ടങ്ങൾ ദേശീയതലത്തിൽ നിലവിൽ വന്നു. എന്നാൽ, മേൽപ്രകാരമുള്ള ചട്ടങ്ങൾ സംസ്ഥാനതലത്തിൽ പുറപ്പെടുവിക്കപ്പെട്ടിട്ടില്ല.

പ്രസ്തുത നിയമത്തിലെ 109-ാം വകുപ്പ് പ്രകാരം സർക്കാർ ഉണ്ടാക്കുന്ന ചട്ടങ്ങളാൽ നിർദ്ദേശിക്കപ്പെടുന്ന പ്രകാരമാണ് കമ്മീഷൻ പ്രസ്തുത നിരീക്ഷണകർത്തവ്യം നിർവ്വഹിക്കേണ്ടത്. ധാരാളം പദ്ധതിപ്പങ്കാളികൾ ഉൾപ്പെടുന്നതാണ് ബാലനീതി

നിയമത്തിന്റെ നിരീക്ഷണസംവിധാനം. സംവിധാനം കമ്മീഷനിൽ നടപ്പിൽ വരുത്തുന്നതിന് ആവശ്യമായ പ്രൊപ്പോസൽ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

3. ബാലാവകാശസംരക്ഷണത്തിന്റെ പ്രസക്തി കേരളത്തിൽ

2011-ലെ കാനേഷുമാരി പ്രകാരം കേരളത്തിൽ 99,32,755 കുട്ടികളുണ്ട്. ഇതിൽ 50,60,037 ആൺകുട്ടികളും 48,72,718 പെൺകുട്ടികളും ഉൾപ്പെടുന്നു. കുട്ടികളുടെ ആകെ എണ്ണം കേരളത്തിലെ മൊത്തം ജനസംഖ്യയുടെ 29.73% ആണ്. ആകെയുള്ള 99,32,755 കുട്ടികളിൽ 8,50,824 കുട്ടികൾ പട്ടികജാതിയിലും 1,58,711 കുട്ടികൾ പട്ടികവർഗ്ഗത്തിലും ഉൾപ്പെടുന്നു.

0-6 വിഭാഗത്തിലെ ആകെ കുട്ടികളിൽ ആൺ-പെൺ എണ്ണവും അനുപാതവും ചുവടെ പറയും പ്രകാരമാണ്.

0-6 വിഭാഗത്തിലെ ആകെ കുട്ടികൾ	**ആൺകുട്ടികൾ**	**പെൺകുട്ടികൾ**	**0-6 വിഭാഗത്തിലെ ആൺ-പെൺ അനുപാതം**
33,22,247	16,95,935	16,26,312	1000- 964

കുട്ടികളുടെ ആരോഗ്യം, വിദ്യാഭ്യാസം മുതലായ മേഖലകളിൽ അസൂയാവഹമായ നേട്ടമാണ് നമ്മുടെ സംസ്ഥാനം കൈവരിച്ചിട്ടുള്ളത്. എങ്കിലും ചില മേഖലകളിൽ നമുക്ക് ഇനിയും ഏറെ ദൂരം മുന്നോട്ടു പോകേണ്ടതുണ്ട്. ബാലാവകാശവുമായി ബന്ധപ്പെട്ട ചില മേഖലകളിൽ ഇപ്പോഴും ദുർബ്ബലാവസ്ഥ നിലനിൽക്കുന്നു. പ്രതിരോധമരുന്നുകളുടെ കുത്തിവെപ്പുമായി ബന്ധപ്പെട്ട് ചില ജില്ലകളിൽ നിന്നുയരുന്ന എതിർസ്വരങ്ങൾ ഉദാഹരണമാണ്. തൃശ്ശൂർ ജില്ലയിൽ ആൺ-പെൺ അനുപാതത്തിൽ വന്ന കുറവ്, ഗോത്രമേഖലയിലെയും തീരപ്രദേശത്തെയും സ്കൂളുകളിൽനിന്നുള്ള കുട്ടികളുടെ കൊഴിഞ്ഞുപോക്ക് എന്നിവയൊക്കെ നാം അഭിമുഖീകരിക്കുന്ന വെല്ലുവിളികളാണ്. സ്കൂളിൽനിന്ന് കൊഴിഞ്ഞുപോകുന്ന ഇത്തരം കുട്ടികൾ പിന്നീട് ലൈംഗികപീഡനത്തിനും മയക്കുമരുന്നുകളുടെ ഉപയോഗത്തിനും വ്യാപനത്തിനും ഇരകളായിത്തീരുന്നു. ഇവ ഒരു വെല്ലുവിളിയായി ഏറ്റെടുത്ത് പരിഹരിക്കാൻ നമുക്ക് കഴിയണം.

നമുക്ക് ഓരോ കുട്ടിയും വിലപ്പെട്ടതാണ്. ഇന്ന് കുടുംബത്തിൽ നിന്നു മാത്രമല്ല, ചുറ്റുപാടുമുള്ള സമൂഹത്തിൽനിന്നും കുട്ടികൾ ഭീഷണി നേരിടുന്നുവെന്നതാണ്

യാഥാർഥ്യം. ഒരു കുട്ടിയെ ഉത്തരവാദിത്തമുള്ള പൗരനായി വളർത്തിയെടുക്കുന്നതിൽ സമൂഹത്തിനും മാതാപിതാക്കൾക്കും വളരെ വലിയ പങ്കാണ് വഹിക്കാനുള്ളത്. നല്ല നാളേയ്ക്കായി പ്രതീക്ഷാനിർഭരമായ മനസ്സുമായി കാത്തിരിക്കുന്ന നാം യഥാർഥത്തിൽ ആരംഭിക്കേണ്ടത് കുട്ടികളിൽ നിന്നാണ്. കുട്ടികളായിരിക്കുമ്പോൾതന്നെ അവർക്ക് മൂല്യങ്ങൾ പകർന്നുകൊടുക്കാൻ മാതാപിതാക്കൾക്ക് കഴിയണം. അവരുടെ ക്ഷേമവും സുരക്ഷിതത്വവും ഉറപ്പാക്കുന്നതിന് നമുക്ക് വ്യക്തിപരമായ ഉത്തരവാദിത്തം ഉണ്ട്. എന്നാൽ, കുട്ടികൾക്ക് ഇന്ന് സ്വന്തം കുടുംബത്തിൽനിന്നുപോലും പീഡനങ്ങളും ലൈംഗികചൂഷണവും നേരിടേണ്ടിവരുന്ന ദയനീയാവസ്ഥയാണ് പലയിടത്തും നിലനിൽക്കുന്നത്. പെൺകുട്ടികൾ മാത്രമല്ല, ആൺകുട്ടികൾ പോലും വീട്ടിനുള്ളിൽ ലൈംഗികപീഡനത്തിന് ഇരയാകുന്നു. കുടുംബാംഗങ്ങൾ തമ്മിലുള്ള ബന്ധത്തിൽ വന്ന വിള്ളലുകൾ ഇവയ്ക്ക് കാരണമാകാം. സാങ്കേതികവിദ്യയുടെ കടന്നുകയറ്റം മൂലം കുട്ടികളും മുതിർന്നവരും തങ്ങളിലേയ്ക്കുതന്നെ ചുരുങ്ങുന്നതിനാൽ കുടുംബത്തിനുള്ളിൽ മനസ്സ് തുറന്നു സംസാരിക്കാൻ കഴിയാതെ വരുന്ന അവസ്ഥയും ഇത്തരം പ്രശ്നങ്ങളിലേയ്ക്കു നയിക്കപ്പെടുന്നു.

കുട്ടികൾ നേരിടുന്ന ലൈംഗികപീഡനമാണ് നമ്മുടെ സമൂഹം നേരിടുന്ന മറ്റൊരു പ്രധാന വെല്ലുവിളി. കുട്ടികൾക്കെതിരായ അതിക്രമങ്ങളെക്കുറിച്ചും അവയ്ക്കെതിരെ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ചുമുള്ള ബോധവൽക്കരണം ഇപ്പോൾ ഏറെ നടക്കുന്നതിനാൽ ഇത്തരം സംഭവങ്ങൾ റിപ്പോർട്ട് ചെയ്യുന്നതും കൂടിയിട്ടുണ്ട്. എന്നാൽ, ഇത്തരം സംഭവങ്ങൾ ഉണ്ടായാൽ അത് പൊതുസമൂഹത്തിൽനിന്ന് മറച്ചുവെയ്ക്കുന്നതിനും പരാതികൾ ഒത്തുതീർപ്പാക്കുന്നതിനുമുള്ള ശ്രമങ്ങൾ പലപ്പോഴും നടക്കുന്നുണ്ട്. ഇത് ബാലാവകാശങ്ങളുടെ ലംഘനം ആണെന്നു മാത്രമല്ല, പോക്സോ നിയമത്തിന്റെ അന്തഃസ്സത്തയ്ക്ക് എതിരുമാണ്. പീഡനം നടന്നാൽ അതുസംബന്ധിച്ച് അറിവുള്ള ഏതൊരു വ്യക്തിയും അക്കാര്യം ബന്ധപ്പെട്ട അധികാരികളെ അറിയിക്കാത്തതുപോലും ശിക്ഷാർഹമായ കുറ്റമാണെന്ന് കുട്ടികളെ ലൈംഗിക കുറ്റകൃത്യങ്ങളിൽ നിന്ന് സംരക്ഷിക്കുന്നതിനുള്ള ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. നീതിന്യായസംവിധാനത്തിന്റെ ലഭ്യത, പീഡനത്തിന് വിധേയരായവരുടെ പുനരധിവാസം എന്നിങ്ങനെ പല കാര്യങ്ങളും നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ടെങ്കിലും അവ സഫലീകൃതമാക്കാൻ നമുക്ക് ഏറെ ദൂരം മുന്നോട്ടു പോകേണ്ടതുണ്ട്.

വിദൂരമേഖലകളിലെ കുട്ടികളുടെ പഠനം, അവരുടെ ഭക്ഷണം, പോഷകാഹാരം എന്നിവ സംബന്ധിച്ച പ്രശ്നങ്ങൾക്കും പരിഹാരം കാണേണ്ടതുണ്ട്. അതോടൊപ്പംതന്നെ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ് സ്കൂളുകളിലെ സുരക്ഷ സംബന്ധിച്ച പ്രശ്നങ്ങൾ. സൈബർ മേഖലയിലെ ഓൺലൈൻ സുരക്ഷയും

ലഹരിയോടുള്ള കുട്ടികളുടെ ആഭിമുഖ്യവും ഇനിയും ചർച്ച ചെയ്യപ്പെടുകയും പരിഹരിക്കപ്പെടുകയും ചെയ്യേണ്ട പ്രശ്നങ്ങളാണ്.

കുട്ടികളെ നേർവഴിക്ക് നയിക്കുന്നതിൽ മാതാപിതാക്കളുടെ പങ്ക് വെളിവാക്കുന്നതാണ് ഇത്തരം സംഭവങ്ങൾ. അച്ഛനമ്മമാർക്കും മക്കൾക്കുമിടയിലുള്ള ബന്ധം ദൃഢമാക്കുന്നതിലൂടെ ജീവിതത്തിൽ സംഭവിക്കുന്ന എല്ലാ കാര്യങ്ങളും കുട്ടി അവരുമായി പങ്കുവെയ്ക്കുകയും കുട്ടി അപകടത്തിൽ ചെന്നുചാടുന്നത് അതുവഴി തടയാൻ അച്ഛനമ്മമാർക്ക് കഴിയുകയും ചെയ്യും. അതുകൊണ്ടുതന്നെ, കുടുംബബന്ധങ്ങൾ ദീപ്തവും ഭദ്രവുമാക്കേണ്ടത് കുടുംബത്തിന്റെ കെട്ടുറപ്പിനും നിലനിൽപ്പിനും അത്യാവശ്യമാണ്.

4. കമ്മീഷന്റെ ഘടനയും അംഗങ്ങളും

ചെയർപേഴ്സനും ആറ് അംഗങ്ങളും അടങ്ങുന്നതാണ് കമ്മീഷന്റെ ഘടന. 2005-ലെ ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള കമ്മീഷനുകൾ ആക്റ്റിലെ 17-ാം വകുപ്പ് പ്രകാരമാണ് സംസ്ഥാന സർക്കാർ കമ്മീഷൻ രൂപവത്ക്കരിച്ചിട്ടുള്ളത്. പ്രസ്തുത ആക്റ്റിലെയും 2012-ലെ കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ചട്ടങ്ങളിലേയും വ്യവസ്ഥകൾക്കനുസൃതമായാണ് ചെയർപേഴ്സന്റെയും അംഗങ്ങളുടെയും നിയമനം നടത്തുന്നത്. കമ്മീഷനുമായി ബന്ധപ്പെട്ട കർത്തവ്യങ്ങളും ചുമതലകളും നിർവ്വഹിക്കുന്നതിന് അംഗങ്ങൾക്ക് ജില്ലകൾ തിരിച്ച് ചുമതല നല്കിയിട്ടുണ്ട്.

മൂന്നാം കമ്മീഷൻ ചെയർപേഴ്സനായി ശ്രീ. കെ.വി. മനോജ് കുമാർ 26-06-2020-ലെ സ.ഉ.(അച്ചടി) നം.8/2020/സാനീവ ഉത്തരവുപ്രകാരം 29-06-2020-ൽ ചുമതലയേറ്റു. അംഗങ്ങളായ ശ്രീമതി ബബിത ബി, ശ്രീ. റെനി ആന്റണി, ശ്രീമതി ശ്യാമളാദേവി പി.പി, ശ്രീ. സി. വിജയകുമാർ എന്നിവർ 10-08-2020-ലെ സ.ഉ. (അച്ചടി) നം.14/2020/സാനീവ ഉത്തരവുപ്രകാരം 12-08-2020-നും ഫാ. ഫിലിപ്പ് പരക്കാട്ട് പി.വി, ശ്രീ. കെ. നസീർ എന്നിവർ 03-04-2019-ലെ സ.ഉ.(അച്ചടി) നം.4/2019/സാനീവ ഉത്തരവുപ്രകാരം 05-04-2019-നും കമ്മീഷനിൽ ചാർജ്ജെടുത്തു.

4.1 കമ്മീഷന്റെ സെക്രട്ടറിയും മറ്റ് ഉദ്യോഗസ്ഥരും

ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള കമ്മീഷനുകൾ ആക്റ്റിലെ 21(1) വകുപ്പ് പ്രകാരം കമ്മീഷന്റെ ചുമതലകളുടെ കാര്യക്ഷമമായ നിർവ്വഹണത്തിനും ദൈനംദിന പ്രവർത്തനത്തിനുമായി സംസ്ഥാന സർക്കാരിന്റെ സെക്രട്ടറിയുടെ പദവിയിലുള്ള ഉദ്യോഗസ്ഥനെ കമ്മീഷന്റെ സെക്രട്ടറിയായി സംസ്ഥാന

സർക്കാർ വിജ്ഞാപനം വഴി നിയമിക്കണമെന്നും കമ്മീഷന്റെ ചുമതലകളുടെ കാര്യ ക്ഷമമായ നിർവ്വഹണത്തിന് ആവശ്യമായ ഉദ്യോഗസ്ഥരേയും ജീവനക്കാരേയും കമ്മീഷനിൽ ലഭ്യമാക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ബാലാവകാശലംഘനം, നിഷേധം തുടങ്ങിയവയുമായി ബന്ധപ്പെട്ട കാര്യങ്ങളുടെ ഉചിതമായ നടത്തിപ്പിനായി സംസ്ഥാന സർക്കാരിന്റെ അഡീഷണൽ ലാ സെക്രട്ടറിയുടെ പദവിയിലുള്ള ഒരു ഉദ്യോഗസ്ഥനെ കമ്മീഷൻ രജിസ്ട്രാറായും നിയമിച്ചിട്ടുണ്ട്. ഇതുകൂടാതെ, കമ്മീഷന്റെ ദൈനംദിന കാര്യങ്ങളുടെ സുഗമമായ നടത്തിപ്പിന് ആവശ്യമായ മറ്റുദ്യോഗസ്ഥർക്കും ജീവനക്കാർക്കും പുറമെ സാങ്കേതികസഹായത്തിനും മറ്റുമായി കൺസൾട്ടന്റുമാരേയും നിയമിച്ചിട്ടുണ്ട്.


5. പരാതികളും അന്വേഷണ വിചാരണയും

കമ്മീഷന്റെ പരാതിവിഭാഗം കമ്മീഷന്റെ രജിസ്ട്രാറുടെ നേതൃത്വത്തിലാണ് പ്രവർത്തിക്കുന്നത്. റിപ്പോർട്ട് കാലയളവിൽ കമ്മീഷന് 2,512 പരാതികൾ ലഭിച്ചിരുന്നു. മാധ്യമവാർത്തകളുടെയും മറ്റും അടിസ്ഥാനത്തിൽ കമ്മീഷൻ സ്വമേധയായും നടപടി സ്വീകരിച്ചിട്ടുണ്ട്. ഇപ്രകാരം ലഭിച്ച കേസുകളിൽ കമ്മീഷൻ ബന്ധപ്പെട്ട അധികാരികളോട് റിപ്പോർട്ട് ആവശ്യപ്പെടുകയും അന്വേഷണ വിചാരണ സംബന്ധിച്ച അധികാരങ്ങൾ വിനിയോഗിച്ച് തെളിവെടുപ്പ് നടത്തുകയും ചെയ്തിട്ടുണ്ട്. പരാതികൾ നേരിട്ടും തപാലിലും ഓൺലൈനായുമാണ് കമ്മീഷന് ലഭിക്കുന്നത്. കൂടാതെ, സ്വമേധയായും ജില്ലകളിൽനിന്ന് ചൈൽഡ് വെൽഫെയർ കമ്മിറ്റി (സി.ഡബ്ല്യു.സി) അയച്ചുതരുന്ന പരാതികളിലും കമ്മീഷൻ നടപടി സ്വീകരിക്കുന്നു. കമ്മീഷൻ ആസ്ഥാനത്തും ജില്ലാ ആസ്ഥാനങ്ങളിലും സിറ്റിംഗുകൾ നടത്താറുണ്ട്. പരാതിക്കാരെയും എതിർകക്ഷികളെയും നേരിൽ കേൾക്കുകയും ഓരോ കേസിലും ലഭ്യമാകുന്ന തെളിവുകൾ അപഗ്രഥിച്ചും വിഭിന്നമായ സാഹചര്യങ്ങൾ കണക്കിലെടുത്തും നീതിയുക്തവും ഉചിതവുമായ തീരുമാനങ്ങൾ കൈക്കൊള്ളുകയും ആവശ്യമായ ശുപാർശ സർക്കാരിനും ബന്ധപ്പെട്ട അധികാരസ്ഥാനത്തിനും നൽകുകയും സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ടുകൾ ആവശ്യപ്പെടുകയും ചെയ്തുവരുന്നു. പരാതികളെക്കുറിച്ച് ബന്ധപ്പെട്ട അധികാരികളിൽനിന്ന് റിപ്പോർട്ട് തേടിയും അങ്ങനെ ലഭിക്കുന്ന റിപ്പോർട്ടുകൾ വിശദമായി അപഗ്രഥിച്ചുമാണ് കമ്മീഷൻ ഉത്തരവുകൾ തയ്യാറാക്കുന്നത്.

ഈ കേസുകളിലായി പലവിധ ലംഘനങ്ങളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നത്. അവയിൽ കുട്ടികൾക്കെതിരെയുള്ള ലൈംഗിക കുറ്റകൃത്യങ്ങൾ, ബാലനീതി നിയമത്തിനു കീഴിൽ വരുന്ന കുറ്റകൃത്യങ്ങൾ, വിദ്യാഭ്യാസ അവകാശനിഷേധം, ബാലാവകാശ ലംഘനം എന്നിവയുമായി ബന്ധപ്പെട്ട പരാതികളാണ് കമ്മീഷൻ പരിഗണിക്കുന്നത്. കുട്ടികളെ ലൈംഗിക കുറ്റകൃത്യങ്ങളിൽ നിന്ന് സംരക്ഷിക്കുന്നതിനുള്ള

ആക്റ്റ് (പോക്സോ ആക്റ്റ്) പ്രകാരവും ബാലനീതി നിയമപ്രകാരവുമുള്ള കേസുകളിൽ കമ്മീഷന് നേരിട്ട് പരാതികൾ ലഭിക്കുന്നത് കുറവാണ്. ഇത്തരം കേസുകളിൽ പ്രാഥമിക നടപടി സ്വീകരിക്കേണ്ടത് പോലീസും കുട്ടികൾക്ക് ആവശ്യമായ ശ്രദ്ധയും സംരക്ഷണവും ഉറപ്പാക്കേണ്ടത് ചൈൽഡ് വെൽഫെയർ കമ്മിറ്റികളുമാണ്. പോലീസ് യഥാസമയം നടപടി സ്വീകരിക്കാതിരിക്കുകയോ കുട്ടിക്ക് ആവശ്യമായ ശ്രദ്ധയും സംരക്ഷണവും ലഭിക്കാതിരിക്കുകയോ ചെയ്യുന്ന അവസരങ്ങളിൽ അത്തരം പരാതികൾ കമ്മീഷൻ മുമ്പാകെ നേരിട്ട് ഉന്നയിക്കപ്പെടുകയോ കമ്മീഷൻ സ്വമേധയാ നടപടി സ്വീകരിക്കുകയോ ചെയ്യാറുണ്ട്. അതുപോലെ, ആറുമുതൽ 14 വരെ വയസ്സ് പ്രായമുള്ള കുട്ടികളുടെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട പരാതികൾ മാത്രമേ വിദ്യാഭ്യാസ അവകാശ നിയമത്തിനു കീഴിൽ പരിഗണിക്കുന്നുള്ളൂ. വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട ബാക്കി എല്ലാ പരാതികളും ബാലാവകാശ ലംഘനത്തിന്റെ ഭാഗമായാണ് പരിഗണിച്ചുവരുന്നത്.

കമ്മീഷനിൽ ലഭിക്കുന്ന പരാതികളിൽ 90 ശതമാനവും ബാലാവകാശ ലംഘനവുമായി ബന്ധപ്പെട്ടവയാണ്. അവയിൽ സ്കൂൾ കലോൽസവം, ഗതാഗത പ്രശ്നങ്ങൾ, ബാലവേല, ശൈശവ വിവാഹം, വന്യമൃഗങ്ങൾ ഉൾപ്പെടെയുള്ള മൃഗങ്ങളുടെ ആക്രമണങ്ങൾ, രോഗപ്രതിരോധം ഉൾപ്പെടെയുള്ള ആരോഗ്യപ്രശ്നങ്ങൾ, കൃത്യ വിലോപം, ജനന സർട്ടിഫിക്കറ്റ് നൽകാതിരിക്കൽ, ശൈശവദശയിലേതുൾപ്പെടെയുള്ള കുട്ടികളുടെ മരണം, കുടുംബകലഹങ്ങൾ, പാരിസ്ഥിതികപ്രശ്നങ്ങൾ, സാമ്പത്തിക സഹായങ്ങളും ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സഹായങ്ങളും ലഭ്യമാക്കാതിരിക്കൽ, ശാരീരികമായ ശിക്ഷ എന്നിവ സംബന്ധിച്ച പരാതികൾ ഉൾപ്പെടുന്നു. ഇതു സംബന്ധിച്ച രേഖാചിത്രം താഴെ കൊടുത്തിരിക്കുന്നു.



2019-20 വർഷത്തെ പരാതികൾ സംബന്ധിച്ച വിശദവിവരങ്ങൾ

(2020 മാർച്ച് 31 വരെയുള്ളവ)


2019 ഏപ്രിൽ ഒന്നുമുതൽ 2020 മാർച്ച് 31 വരെ ലഭിച്ച പരാതികളിൽ ആർ.റ്റി.ഇ, പോക്സോ, ബാലനീതി എന്നിവ തരംതിരിച്ചുള്ള കണക്ക്, തീർപ്പാക്കിയ കേസുകളുടെയും അവശേഷിക്കുന്നവയുടെയും വിശദവിവരങ്ങൾ എന്നിവ താഴെ പട്ടികയിൽ ലഭ്യമാക്കിയിരിക്കുന്നു.

ജില്ലകളും പരാതികളുടെ എണ്ണവും						തീർപ്പാക്കിയ പരാതികളുടെ എണ്ണം	തീർപ്പാക്കാനുള്ള പരാതികളുടെ എണ്ണം
ജില്ല	ആകെ എണ്ണം	ആർ. റ്റി.ഇ	പോക്സോ	ജെ. ജെ.	ബാലാവകാശ ലംഘനം/ നിഷേധം		
തിരുവനന്തപുരം	478	17	19	2	440	311	167
കൊല്ലം	165	4	7	2	152	116	49
പത്തനംതിട്ട	67	6	2	0	59	56	11
ആലപ്പുഴ	101	5	5	0	91	58	43
കോട്ടയം	73	3	3	0	67	61	12
ഇടുക്കി	61	1	2	1	57	51	10
എറണാകുളം	134	3	4	1	126	106	28
തൃശ്ശൂർ	94	4	5	1	84	50	44
പാലക്കാട്	125	8	3	0	114	77	48
മലപ്പുറം	217	11	9	0	197	136	81
കോഴിക്കോട്	186	8	7	0	171	99	87
വയനാട്	49	2	1	0	46	23	26
കണ്ണൂർ	122	3	6	2	111	71	51
കാസറഗോഡ്	61	2	0	0	59	41	20
ആകെ	**1933**	**77**	**73**	**9**	**1774**	**1256**	**677**

2019 ഏപ്രിൽ ഒന്നുമുതൽ 2020 മാർച്ച് 31 വരെ ലഭിച്ച 1933 പരാതികളിൽ 1256 കേസുകൾ തീർപ്പാക്കിയിട്ടുണ്ട്. 2015-2016 വർഷം ലഭിച്ചതും റിപ്പോർട്ട് വർഷം തീർപ്പാക്കിയതുമായ 15 കേസുകളും, 2016-2017 വർഷം ലഭിച്ചതും റിപ്പോർട്ട് വർഷം തീർപ്പാക്കിയതുമായ 250 കേസുകളും, 2017-2018 വർഷം ലഭിച്ചതും റിപ്പോർട്ട് വർഷം

തീർപ്പാക്കിയതുമായ 629 കേസുകളും, 2018-2019 വർഷം ലഭിച്ചതും റിപ്പോർട്ട് വർഷം തീർപ്പാക്കിയതുമായ 823 കേസുകളും കൂടി ചേർക്കുമ്പോൾ റിപ്പോർട്ട് വർഷം (2019 -2020) തീർപ്പാക്കിയ കേസുകളുടെ ആകെ എണ്ണം 2973 ആണ്.

കമ്മീഷൻ ആരംഭിച്ച വർഷം മുതലുള്ള പരാതികളുടെ സാമ്പത്തിക വർഷത്തിന്റെ അടിസ്ഥാനത്തിലുള്ള വിശദവിവരത്തിന്റെ രേഖാചിത്രം ചുവടെ ചേർക്കുന്നു.



ഓൺലൈൻ കംപ്ലയിന്റ് മാനേജ്മെന്റ് സിസ്റ്റം

പരാതികൾ ഓൺലൈനായും രജിസ്റ്റർ ചെയ്യാവുന്നതാണ്. കമ്മീഷന്റെ വെബ്സൈറ്റായ www.kescpcr.kerala.gov.in-ൽ പ്രവേശിച്ചാൽ ഇതിനുള്ള ലിങ്ക് ലഭിക്കുന്നതാണ്. പരാതി നൽകുന്ന ആളുടെയും എതിർകക്ഷികളുടെയും പേരുവിവരം, പരാതിയുടെ സാരാംശം തുടങ്ങിയവ രേഖപ്പെടുത്താനും ഇവിടെ സൗകര്യമുണ്ട്. തുടർപ്രക്രിയകൾ സൂചിപ്പിക്കുന്ന കോളങ്ങളും നിർദ്ദേശങ്ങളും ഈ സംവിധാനത്തിൽ ലഭിക്കുന്നതാണ്. പരാതി ഓൺലൈനായി സമർപ്പിച്ചുകഴിഞ്ഞാലുടൻ പരാതിക്കാരന് രജിസ്ട്രേഷൻ നമ്പർ എസ്.എം.എസ് ആയി ലഭിക്കും. പ്രസ്തുത നമ്പർ ഉപയോഗിച്ച് കേസിന്റെ സി.ആർ.എം.പി. നമ്പരും നിലവിലെ സ്ഥിതിവിവരങ്ങളും പരാതിക്കാരന് അന്വേഷിക്കാവുന്നതാണ്. ഓൺലൈനായി പരാതി സമർപ്പിക്കുന്നവർ പരാതിയുടെ വിശദവിവരം സത്യവാങ്മൂലത്തിന്റെ രൂപത്തിൽ എഴുതി സമർപ്പിക്കേണ്ടതാണ്. ഇതു സംബന്ധിച്ച അറിയിപ്പ് ഓൺലൈനിൽ പരാതി സമർപ്പിക്കുമ്പോൾ തന്നെ എസ്.എം.എസ് ആയി ലഭിക്കുന്നതാണ്. കമ്മീഷൻ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളും ശുപാർശകളും അപ്പപ്പോൾ കമ്മീഷന്റെ വെബ്സൈറ്റിൽ ലഭ്യമാക്കുന്ന

പ്രക്രിയ പുരോഗമിക്കുകയാണ്. ഇപ്പോൾ പൂർത്തീകരിച്ച പരാതികളുടെയും ഉത്തരവുകളുടെയും ജില്ല തിരിച്ചുള്ള വിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്.

5.2 റിപ്പോർട്ട് കാലയളവിൽ കമ്മീഷൻ സമർപ്പിച്ച ചില പ്രധാന ശുപാർശകളും അതിന്റെ അടിസ്ഥാനത്തിൽ സർക്കാരും മറ്റ് അധികാരസ്ഥാനങ്ങളും പുറപ്പെടുവിച്ച ഉത്തരവുകൾ/സർക്കുലറുകൾ എന്നിവയുടെ ലഘു വിവരണവും

കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുകയെന്ന ലക്ഷ്യം വെച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ നിർവ്വഹിച്ചു വരുന്നത്. അവകാശങ്ങളുടെ ലംഘനം, അവകാശങ്ങൾ നിഷേധിക്കൽ, കുട്ടികളുടെ അവകാശസംരക്ഷണത്തിനായി പദ്ധതികൾ നടപ്പാക്കുമ്പോൾ ഉണ്ടാകുന്ന പാളിച്ചകൾ എന്നിവയും കമ്മീഷൻ പരിശോധിക്കുന്നുണ്ട്. കമ്മീഷന്റെ പരിഗണനയിൽ വന്നിട്ടുള്ള അത്തരം കേസുകളിൽ ഉചിതമായ ഉത്തരവുകൾ കമ്മീഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവുകൾ കുട്ടികളുടെ ശാരീരികമായും മാനസികമായും വിദ്യാഭ്യാസപരമായും ആരോഗ്യപരമായും ഉള്ള വികാസനത്തിനും ഉന്നതിക്കും വേണ്ടിയുള്ളവയും ബാലാവകാശ ധ്വംസനങ്ങൾ തടയുന്നവയുമാണ്. 2019-20 വർഷത്തിൽ സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള അത്തരം പ്രധാനപ്പെട്ട ഉത്തരവുകളിൽ ചിലത് താഴെ വിവരിക്കുന്നു:

ക്രമ നം.	കേസ് നം.	വിഷയം	സർക്കാർ/ മറ്റ് അധികാര സ്ഥാനം സ്വീകരിച്ച നടപടിയുടെ വിവരം
1.	*സി.ആർ.എം.പി. നം. 1212/01-സി/സി1/2017*	*കുട്ടികളുടെ സ്കൂൾ ബാഗിന്റെ ഭാരക്കൂടുതൽ സംബന്ധിച്ച പരാതി*	*കുട്ടികളുടെ സ്കൂൾ ബാഗിന്റെ ഭാരം കുറയ്ക്കുന്നതിനായി കമ്മീഷൻ നടപടി സ്വീകരിക്കുകയും പുസ്തകങ്ങൾ മൂന്ന് വാല്യങ്ങളായി പുറത്തിറക്കണമെന്ന് സർക്കാരിനോട് ആവശ്യപ്പെടുകയും ആയത് അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.*
2.	*സി.ആർ.എം.പി.നം. 2057/01-സി/സി1/2017*	*കുട്ടികൾക്കെതിരെയുള്ള ലൈംഗിക ചൂഷണംപ്രേരിപ്പിക്കുന്ന രീതിയിലുള്ള ലേഖനങ്ങൾ, ചിത്രങ്ങൾ സാമൂഹ്യ മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുന്നത് തടയണമെന്നുള്ള പരാതി*	*സംസ്ഥാന വിവിധ സൈബർ ക്രൈം പോലീസ് സ്റ്റേഷനുകൾ മുഖേന സൈബർ പട്രോളിംഗ് നടത്തി സമാനരീതിയിൽ കുട്ടികൾക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ തടയുന്നതിനുള്ള നടപടികളും മറ്റ് ബോധവൽക്കരണ പരിപാടികളും സ്വീകരിച്ചു.*

3.	സി.ആർ.എം.പി. നം. 2838/09/സി2/2017	അധ്യാപകരുടെ പരിശീലന പരിപാടികൾ കുട്ടികളുടെ ക്ലാസിനെ ബാധിക്കുന്നുവെന്നുള്ള പരാതി	അധ്യാപകരുടെ പരിശീലന പരിപാടികൾ കുട്ടികളുടെ ക്ലാസിനെ ബാധിക്കാത്തവിധം നടത്തുന്നതിന് കമ്മീഷൻ ശുപാർശ നൽകിയത് സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.
4.	സി.ആർ.എം.പി.നം. 5765/09/സി2/2017	സ്കൂളുകളിലെ മതചടങ്ങുകളിൽ കുട്ടികളെ നിർബന്ധിപ്പിച്ച് പങ്കെടുപ്പിക്കുന്നു എന്ന പരാതി	സ്കൂളുകളിലെ മത ചടങ്ങുകളിൽ കുട്ടികളെ നിർബന്ധിച്ച് പങ്കെടുപ്പിക്കരുത് എന്ന ശുപാർശ സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചു.
5.	സി.ആർ.എം.പി. നം. 3436/01-സി/സി1/2018	പ്രത്യേക പരിരക്ഷ ആവശ്യമായി വരുന്ന കുട്ടികളുടെ (Special need children) പരിശീലനവും പുനരധിവാസവും സംബന്ധിച്ച പരാതി	പ്രത്യേക പരിരക്ഷ ആവശ്യമായി വരുന്ന കുട്ടികൾക്ക് (Special need children) പരിശീലനവും പുനരധിവാസവും ഉറപ്പാക്കുന്ന കേന്ദ്രങ്ങൾക്ക് മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കാൻ സർക്കാരിന് നിർദ്ദേശം നൽകുകയും ആയത് പുറപ്പെടുവിച്ചിട്ടുമുണ്ട്.
6.	സി.ആർ.എം.പി. നം. 6325/13/എൽഎ2/2018	സ്കൂളിൽ ഫീസടയ്ക്കാത്തതു കാരണം കുട്ടികളുടെ വിടുതൽ സർട്ടിഫിക്കറ്റ്, സർട്ടിഫിക്കറ്റുകൾ മുതലായവ തടഞ്ഞുവക്കുന്നു എന്നുള്ള പരാതി	സ്കൂളിൽ ഫീസടക്കാത്തതു കാരണം കുട്ടികളുടെ സർട്ടിഫിക്കറ്റുകൾ, വിടുതൽ സർട്ടിഫിക്കറ്റുകൾ തടഞ്ഞു വയ്ക്കാൻ പാടില്ല എന്ന നിർദ്ദേശം അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.
7.	സി.ആർ.എം.പി.നം. 8419/12/സി2/2018	മാനസിക വെല്ലുവിളി നേരിടുന്ന 90% വൈകല്യമുള്ള കുട്ടിയ്ക്ക് അർഹതപ്പെട്ട സ്കോളർഷിപ്പ് നൽകുന്നത് സംബന്ധിച്ച്	2019-20 വർഷം മുതൽ സർക്കാർ ഉത്തരവുപ്രകാരം നൽകേണ്ട സ്കോളർഷിപ്പ് തുകയായ 28,500/- രൂപ എതിർകക്ഷി നൽകേണ്ടതാണെന്ന് കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.
8.	സി.ആർ.എം.പി. നം. 9402/01-സി/സി1/2018	ഓട്ടിസം സെന്ററിലെ ടീച്ചറുടെ ക്രൂരത സംബന്ധിച്ച പരാതി	സംസ്ഥാന എല്ലാ ഓട്ടിസം സെന്ററുകളിലും അധ്യാപക-രക്ഷാകർതൃ സമിതി രൂപീകരിച്ച് ഭൗതിക സാഹചര്യങ്ങളും പ്രവർത്തനരീതികളും മാസത്തിലൊരിക്കൽ മീറ്റിംഗ് കൂടി വിലയിരുത്തുന്നതിനുള്ള നിർദ്ദേശം എല്ലാ ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർമാർക്കും നൽകുകയും എല്ലാ ഓട്ടിസം സെന്ററുകളിലും കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി യോഗ്യതയും പരിചയവുമുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്.

9.	സി.ആർ.എം.പി. നം. 10186/09/സി2/2018	ശൈശവവിവാഹം തടയുന്നതുമായി ബന്ധപ്പെട്ട പരാതി	ശൈശവവിവാഹം തടയുന്നതുമായി ബന്ധപ്പെട്ട് ആഡിറ്റോറിയങ്ങളിൽ വധുവിന്റെയും വരന്റെയും വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്നും, ശൈശവ വിവാഹം നടന്നു എന്ന് ഉറപ്പു വരുത്തിയാൽ ആഡിറ്റോറിയങ്ങളുടെ ലൈസൻസ് റദ്ദുചെയ്യുന്നതിന് നടപടി സ്വീകരിച്ചത് സർക്കാർ അംഗീകരിക്കുകയും ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.
10.	സി.ആർ.എം.പി. നം. 1152/10/സി2/2019	സ്കൂൾ പരിസരത്ത് അപകടകരമായ രീതിയിൽ സ്ഥിതി ചെയ്യുന്ന ഇലക്ട്രിക് ട്രാൻസ്ഫോർമറുകൾ നീക്കം ചെയ്യണമെന്ന പരാതി	സ്കൂളിന് സമീപത്ത് അപകടകരമായി സ്ഥിതി ചെയ്യുന്ന ഇല്ക്ട്രിസിറ്റി ട്രാൻസ്ഫോർമറുകൾ അടിയന്തിരമായി മാറ്റുന്നതിനും സുരക്ഷിതവേലി സ്ഥാപിക്കുന്നതിനും കമ്മീഷൻ ശുപാർശ നൽകിയത് വകുപ്പ് അംഗീകരിച്ച് നടപടി കൈക്കൊണ്ടു.
11.	സി.ആർ.എം.പി. നം. 1890/09/സി2/2019	നവോദയ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് മാതാപിതാക്കളെ ആഴ്ചയിൽ ഒരിക്കൽ കാണുന്നത് അനുവദിക്കുന്നതിനുവേണ്ടിയുള്ള പരാതി	നവോദയ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് അവരുടെ മാതാപിതാക്കളെ ആഴ്ചയിൽ ഒരിക്കൽ കാണുന്നതിന് കമ്മീഷൻ ശുപാർശ നൽകിയത് അംഗീകരിച്ചു.
12.	സി.ആർ.എം.പി.നം. 2325/13/എൽ.എ.2/2019	പൊതുവിദ്യാലയങ്ങളിൽ പരീക്ഷ കഴിഞ്ഞുപോകുന്ന കുട്ടികൾ അപകടകരമായ രീതിയിൽ ആഘോഷങ്ങൾ സംഘടിപ്പിക്കുന്നത് സംബന്ധിച്ച പരാതി	സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിൽ പരീക്ഷ കഴിഞ്ഞ് പോകുന്ന കുട്ടികൾ അപകടകരമായ രീതിയിൽ ആഘോഷങ്ങൾ സംഘടിപ്പിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തുന്നതിന് കമ്മീഷൻ സർക്കാരിനോട് ആവശ്യപ്പെട്ടത് അംഗീകരിച്ച് നടപടി കൈക്കൊണ്ടു.
13.	സി.ആർ.എം.പി. നം. 2761/01-ആർ/സി1/2019	ബൈക്കിൽ ഇന്ധന ടാങ്കിനുമുകളിൽ കുട്ടികളെ ഇരുത്തി യാത്ര ചെയ്യുന്നത് സംബന്ധിച്ച പരാതി	ബൈക്കിൽ ഇന്ധന ടാങ്കിനു മുകളിൽ കുട്ടികളെ ഇരുത്തി യാത്ര ചെയ്യുന്നതും സ്കൂട്ടറിൽ നിർത്തി യാത്ര ചെയ്യുന്നതും നിരോധിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് കമ്മീഷൻ സർക്കാരിനോട് നിർദ്ദേശിക്കുകയും ആയത് അംഗീകരിച്ച് മോട്ടോർ വാഹന വകുപ്പ് സർക്കുലർ പുറപ്പെടുവിക്കുകയും ചെയ്തു

14.	*സി.ആർ.എം.പി. നം. 3544/10/സി2/2019*	*ദാമ്പത്യ തർക്കം നടക്കുന്ന കേസുകളിൽ കുട്ടികളുടെ പേര് ഉൾപ്പെടുത്തി റേഷൻ കാർഡ് നൽകുന്നത് സംബന്ധിച്ച പരാതി*	*ദാമ്പത്യതർക്കം നടക്കുന്ന കേസുകളിൽ കുട്ടികൾ ആർക്കൊപ്പമാണോ താമസിക്കുന്നത് അവർക്ക് കുട്ടികളുടെ പേരുൾപ്പെടുത്തിയ താൽക്കാലിക റേഷൻ കാർഡ് നൽകുന്നതിന് കമ്മീഷൻ ശുപാർശ ചെയ്തത് അംഗീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്.*
15.	*സി.ആർ.എം.പി.നം. 6147/10/സി2/2019*	*മറ്റ് സ്കൂളുകളിൽ കിറ്റ് നൽകുന്നതുപോലെ അന്ധവിദ്യാലയങ്ങളിലെ കുട്ടികൾക്കും ഓണം, ക്രിസ്മസ് സമയങ്ങളിലും കിറ്റ് നൽകണമെന്നുള്ള പരാതി*	*മറ്റു സ്കൂളുകളിൽ കിറ്റ് നൽകുന്നതുപോലെ അന്ധ വിദ്യാലയങ്ങളിലെ കുട്ടികൾക്കും ഓണം, ക്രിസ്മസ് സമയത്ത് കിറ്റ് നൽകണമെന്ന് കമ്മീഷൻ ശുപാർശ ചെയ്തത് സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചു.*
16.	*സി.ആർ.എം.പി. നം. 7869/10/സി2/2019*	*സ്കൂളുകളിലെ കിണറുകളിൽ കമ്പിവല സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പരാതി*	*സ്കൂളുകളിലെ കിണറുകൾ കമ്പിവല വിരിച്ച് സുരക്ഷ ക്രമീകരണം ചെയ്യുന്നതിന് കമ്മീഷൻ നിർദ്ദേശിച്ചത് അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.*
17.	*സി.ആർ.എം.പി.നം. 502/01-സി/സി1/2020, 503/01-സി/സി1/2020 & 1126/01-സി/സി1/2020*	*പ്രമേഹം ബാധിച്ച കുട്ടികൾക്ക് പരീക്ഷാഹാളുകളിൽ ഇൻസുലിൻ പമ്പ്, ഷുഗർ ടാബ്ലറ്റ് മുതലായവ നൽകുന്നത് സംബന്ധിച്ച പരാതി*	*പരീക്ഷാഹാളുകളിൽ ടൈപ്പ് വൺ ഡയബറ്റിക് രോഗമുള്ള കുട്ടികൾക്ക് ഇൻസുലിൻ പമ്പ്, ഇൻസുലിൻ പെൻ, ഷുഗർ ടാബ്ലറ്റ്, ചോക്ലേറ്റ്, വെള്ളം എന്നിവ കൈവശം വയ്ക്കുന്നതിന് നിർദ്ദേശിച്ച തിന്റെ അടിസ്ഥാനത്തിൽ അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.*

5.3 അന്വേഷണ വിചാരണയിലെ പ്രതിബന്ധങ്ങൾ

ബാലാവകാശ ലംഘനം, ബാലാവകാശ നിഷേധം എന്നിവ സംബന്ധിച്ച അന്വേഷണ വിചാരണയിൽ ആശ്വാസ നടപടികൾക്കായി ശുപാർശകൾ നൽകുന്നതും കമ്മീഷന്റെ സുപ്രധാന കർത്തവ്യമാണ്. ഇപ്രകാരം നൽകുന്ന ശുപാർശകൾ 2012-ലെ കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ ചട്ടങ്ങളിലെ ചട്ടം 45 പ്രകാരം സർക്കാരിനും മറ്റ് ബന്ധപ്പെട്ട അധികാരസ്ഥാനങ്ങൾക്കും അയച്ചുകൊടുക്കുകയും അതിന്മേൽ സ്വീകരിക്കുന്ന നടപടി സംബന്ധിച്ച റിപ്പോർട്ട് നിശ്ചിത ദിവസങ്ങൾക്കകം കമ്മീഷന് സമർപ്പിക്കുവാൻ ആവശ്യപ്പെടുകയും ചെയ്യുകയാണ് കമ്മീഷൻ ഇക്കാര്യത്തിൽ സ്വീകരിക്കുന്ന തുടർ നടപടി. എന്നാൽ ഇത്തരത്തിൽ നടപടി റിപ്പോർട്ട് ലഭിക്കുന്നതിന് പലപ്പോഴും വളരെയധികം കാലതാമസം ഉണ്ടാകുന്നു എന്നത് വസ്തുതയാണ്. ഇത് ശുപാർശകളുടെ അടിസ്ഥാനത്തിലുള്ള ക്ഷേമകാര്യങ്ങളും ബാലാവകാശ സംരക്ഷണവും കുട്ടികൾക്ക് ലഭിക്കുന്നതിൽ അനാവശ്യമായ കാലതാമസം ഉണ്ടാക്കുന്നതിനാൽ ഇത്തരം അനാസ്ഥ ഒഴിവാക്കേണ്ടതുണ്ട്.

സർക്കാരിനോ മറ്റ് അധികാരസ്ഥാനങ്ങൾക്കോ കമ്മീഷൻ നൽകിയ ശുപാർശകളിന്മേൽ നടപടി സംബന്ധിച്ച റിപ്പോർട്ട് ഫയൽ ചെയ്യുന്നതിൽ കാലതാമസം നേരിടുന്ന പ്രധാനപ്പെട്ട ചില കേസുകൾ

ക്രമ നം.	കേസ് നമ്പർ	വിഷയം	നടപടി സ്വീകരിക്കേണ്ട എതിർകക്ഷികൾ
1.	സി.ആർ.എം.പി 10184/01-സി/സി1/2016 4901/01-സി/സി1/2018	പരാതിക്കാരിൽനിന്നും സ്കൂൾ പ്രിൻസിപ്പാൾ അഡ്മിഷൻ സമയത്ത് വാങ്ങിയ ഡെപ്പോസിറ്റ് അവസാന ഗഡു ഫീസ് അടച്ചില്ല എന്ന് പറഞ്ഞ് തിരിച്ചു കൊടുത്തില്ല എന്ന പരാതി	സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്
2.	സി.ആർ.എം.പി 234/01-സി/സി1/2017	വിദ്യാർത്ഥികളുടെ സ്കൂൾ യൂണിഫോം, അവ ധരിക്കുന്ന രീതി, അവരുടെ ഹെയർ സ്റ്റൈൽ, വ്യക്തി ശുചിത്വം, സ്കൂളുകളിലെ പ്രാഥമിക ചികിത്സാ സജ്ജീകരണങ്ങളിലെ അഭാവം മുതലായവ സംബന്ധിച്ച പരാതി	1. പൊതുവിദ്യാഭ്യാസ ഡയറക്ടർ 2. സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ് 3. സെക്രട്ടറി, ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ്
3.	സി.ആർ.എം.പി 637/14/എൽഎ2/2017	പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സ്കൂൾ യാത്രകളിലെ ദുരിതം സംബന്ധിച്ച പരാതി	1. ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ, കാസറഗോഡ് 2. ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്
4.	സി.ആർ.എം.പി 1323/13/എൽഎ2/2017	മൊബൈൽ ഫോണിൽ ഫോട്ടോ എടുത്ത വിഷയം കൈകാര്യം ചെയ്തതിൽ സ്കൂൾ അധികൃതർക്കുണ്ടായ വീഴ്ചമൂലം വിദ്യാർത്ഥി ആത്മഹത്യ ചെയ്തത് സംബന്ധിച്ച പരാതി	1. ഡയറക്ടർ, ഹയർ സെക്കന്ററി വിദ്യാഭ്യാസം 2. പൊതുവിദ്യാഭ്യാസ ഡയറക്ടർ
5.	സി.ആർ.എം.പി 4027/10/സി2/2017	ADHD (Attention Deficit Hyper Activity Disorder) ഉള്ള വിദ്യാർത്ഥികളുടെ പുരോഗതികൾ നിശ്ചയിക്കുന്നതിന് ആവശ്യമായ നടപടി കൈക്കൊള്ളുന്നത്	1. സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ് 2. പൊതുവിദ്യാഭ്യാസ ഡയറക്ടർ
6.	സി.ആർ.എം.പി 4231/14/എൽഎ2/2017	ആസ്ബറ്റോസ്, അലൂമിനിയം ഷീറ്റുകൾ സ്കൂൾ മേൽക്കൂരയായി ഉപയോഗിക്കുന്നത് സംബന്ധിച്ച പരാതി	1. സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ് 2. സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
7.	സി.ആർ.എം.പി 5425/14/എൽഎ2/2017	അംഗീകാരമില്ലാത്ത വിദ്യാലയങ്ങൾ പൂട്ടിയതിനെ തുടർന്ന് വിദ്യാർത്ഥികൾ പഠനം ഉപേക്ഷിച്ചുപോയത് സംബന്ധിച്ച പരാതി	സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, സർവ്വ ശിക്ഷാ അഭിയാൻ
8.	സി.ആർ.എം.പി 8485/10/സി2/2017	'പഠിക്കുന്നവർക്കും പഠിക്കാത്തവർക്കും വ്യത്യസ്ത യൂണിഫോം' എന്ന തലക്കെട്ടിൽ വന്ന മാധ്യമ വാർത്തയെ തുടർന്ന് കമ്മീഷൻ സ്വമേധയാ നടപടിയെടുത്തത്	1. പൊതുവിദ്യാഭ്യാസ ഡയറക്ടർ 2. റീജിയണൽ ഡയറക്ടർ, CBSE, തിരുവനന്തപുരം
9.	സി.ആർ.എം.പി 486/14/എൽ.എ.2/2018 868/14/എൽ.എ.2/2018	കാസറഗോഡ് ജില്ലയിലെ ന്യൂന പക്ഷ സ്കൂളുകളിൽ പഠിപ്പിക്കുന്ന അധ്യാപകർക്ക് മതിയായ പ്രാവീണ്യം ഇല്ലാത്തത് സംബന്ധിച്ച പരാതി	1. ഡയറക്ടർ, SCERT 2. സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ് 3. പൊതുവിദ്യാഭ്യാസ ഡയറക്ടർ 4. സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ് 5. വനിതാ-ശിശുവികസന വകുപ്പ് ഡയറക്ടർ

10.	സി.ആർ.എം.പി 3679/01-സി/സി1/2018	വ്യാജ സർട്ടിഫിക്കറ്റ് ഹാജരാക്കി അധ്യാപികയായി ജോലി നോക്കിയത് സംബന്ധിച്ച പരാതി	സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്
11.	സി.ആർ.എം.പി 6196/01-സി/സി1/2018	മാതാപിതാക്കൾ കുട്ടികൾക്ക് സ്കൂൾ വിദ്യാഭ്യാസം നൽകാത്തത് സംബന്ധിച്ച പരാതി	1. ജില്ലാ ശിശുസംരക്ഷണ ഓഫീസർ, തിരുവനന്തപുരം 2. വനിതാ-ശിശുവികസന വകുപ്പ് ഡയറക്ടർ, 3. അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് 4. പൊതുവിദ്യാഭ്യാസ ഡയറക്ടർ 5. സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, സമഗ്ര ശിക്ഷ കേരള
12.	സി.ആർ.എം.പി 6325/13/എൽഎ2/2018	ഹർജിക്കാരന്റെ മകൾക്ക് വിടുതൽ സർട്ടിഫിക്കറ്റ് നൽകുന്നതിന് 23,500/- രൂപ അടയ്ക്കണമെന്നുള്ള പരാതി	1. സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ് 2. പൊതുവിദ്യാഭ്യാസ ഡയറക്ടർ 3. ഡയറക്ടർ, ഹയർ സെക്കന്ററി വിദ്യാഭ്യാസം 4. റീജിയണൽ ഓഫീസർ, CBSE, തിരുവനന്തപുരം
13.	സി.ആർ.എം.പി 8366/09/സി2/2018	ടിടിസി യോഗ്യത ഇല്ലാത്ത B.Ed യോഗ്യതയുള്ള അധ്യാപകർ ലോവർ പ്രൈമറി തലങ്ങളിലുള്ള വിദ്യാർത്ഥികൾക്ക് ക്ലാസെടുക്കുന്നത് സംബന്ധിച്ച പരാതി	1. പൊതുവിദ്യാഭ്യാസ ഡയറക്ടർ 2. വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട് 3. ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഒറ്റപ്പാലം
14.	സി.ആർ.എം.പി 10108/13/എൽഎ2/2018	ഹർജികക്ഷിക്കാരന്റെ മകൻ പഠിച്ചിരുന്ന സ്ഥലത്ത് ഉസ്താദുമാരുടെ അശ്രദ്ധമൂലം കുട്ടിയുടെ കാലിന്റെ ചിരട്ട പൊട്ടിയെന്നും, വിടുതൽ സർട്ടിഫിക്കറ്റ് നൽകിയില്ലെന്നുമുള്ള പരാതി	ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള വഖഫ് ബോർഡ്
15.	സി.ആർ.എം.പി 1584/01-സി/സി1/2019 1687/01-സി/സി1/2019	പൊതുവിദ്യാഭ്യാസ തലത്തിൽ നടപ്പാക്കുന്ന ന്യൂ മാത്സ് (ഗണിത ശാസ്ത്ര മികവിനുള്ള പ്രത്യേക പരിപാടി), സ്റ്റെപ്സ് (സാമൂഹ്യ ശാസ്ത്ര മികവിനുള്ള പ്രത്യേക പരിപാടി) എന്നീ പദ്ധതികളിൽ നിന്നും അൺ എയ്ഡഡ് സ്കൂളുകളിലെ കുട്ടികളെ ഒഴിവാക്കുന്നത് സംബന്ധിച്ച പരാതി	1. പൊതുവിദ്യാഭ്യാസ ഡയറക്ടർ 2. ഡയറക്ടർ, SCERT
16.	സി.ആർ.എം.പി 4162/14/എൽഎ2/2019 4163/14/എൽഎ2/2019	ആശുപത്രിയിൽ അഡ്മിറ്റ് ചെയ്ത കുട്ടിയുടെ വിദഗ്ദ്ധ ചികിത്സ നൽകുന്നതിനായി യഥാസമയം കൊണ്ടു പോകുന്നതിന് ആശുപത്രി അധികൃതർ അനുവദിക്കാതിരുന്നത് സംബന്ധിച്ച പരാതി	സെക്രട്ടറി, ആരോഗ്യ-കുടുംബ ക്ഷേമ വകുപ്പ്
17.	സി.ആർ.എം.പി 4912/14/എൽഎ2/2019	സ്കൗട്ട്സ് ആന്റ് ഗൈഡ്സ് പരീക്ഷാ നടത്തിപ്പിനെതിരെയുള്ള പരാതി	സ്റ്റേറ്റ് ചീഫ് കമ്മീഷണർ, കേരള സ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് & ഗൈഡ്സ്

18.	*സി.ആർ.എം.പി 6107/01-സി/സി1/2019*	*PUBG വീഡിയോ ഗെയിം കേരളത്തിൽ നിരോധിക്കുന്നതിനുള്ള പരാതി*	*1. സെക്രട്ടറി, ഇലക്ട്രോണിക്സ് & ഐ.റ്റി. (ബി) വകുപ്പ്* *2. പൊതുവിദ്യാഭ്യാസ ഡയറക്ടർ*
19.	*സി.ആർ.എം.പി 6399/01-സി/സി1/2019*	*ഹരിയാന സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സേവ് ദ ചിൽഡ്രൻ എന്ന എൻ.ജി.ഒ.യുടെ പരസ്യത്തിലെ 'ഖുഷി' എന്ന പെൺകുട്ടിയുടെ ചിത്രവും ആരോഗ്യസ്ഥിതിയും ദൃശ്യ-പത്ര മാധ്യമങ്ങൾ പ്രദർശിപ്പിക്കുന്നത് സംബന്ധിച്ച പരാതി*	*വനിത-ശിശുവികസന വകുപ്പ് ഡയറക്ടർ*
20.	*സി.ആർ.എം.പി. നം. 8277/03/എൽഎ1/2019*	*ചെങ്ങറ സമരഭൂമിയുടെ കുട്ടികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള പരാതി*	*1. സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്* *2. പൊതുവിദ്യാഭ്യാസ ഡയറക്ടർ* *3. സെക്രട്ടറി, തദ്ദേശസ്വയം ഭരണ വകുപ്പ്* *4. സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്* *5. പഞ്ചായത്ത് ഡയറക്ടർ* *6. സാമൂഹ്യനീതി ഡയറക്ടർ* *7. സെക്രട്ടറി, ഭക്ഷ്യ വകുപ്പ്* *8. സിവിൽ സപ്ലൈസ് ഡയറക്ടർ* *9. ജില്ലാ കളക്ടർ, പത്തനംതിട്ട* *10. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), പത്തനംതിട്ട* *11. എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിസിറ്റി), ട്രാൻസ്മിഷൻ ഡിവിഷൻ, പത്തനംതിട്ട* *12. ജില്ലാ സപ്ലൈ ഓഫീസർ, പത്തനംതിട്ട* *13. താലൂക്ക് സപ്ലൈ ഓഫീസർ, കോഴഞ്ചേരി* *14. സെക്രട്ടറി, മലയാലപ്പുഴ ഗ്രാമപഞ്ചായത്ത്* *15. സൂപ്രണ്ടിംഗ് എഞ്ചിനീയർ, വാട്ടർ അതോറിറ്റി,* *16. ചൈൽഡ് വെൽഫെയർ കമ്മിറ്റി, പത്തനംതിട്ട*

6. ദുരിതം അനുഭവിക്കുന്നവരും പാർശ്വവത്കരിക്കപ്പെട്ടവരും പ്രതികൂലാവസ്ഥയിലുള്ളവരുമായ കുട്ടികളുടെ പ്രശ്നങ്ങൾ

സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗത്തിലെ കുട്ടികളുടെ ആവശ്യങ്ങൾക്ക് കമ്മീഷൻ പ്രത്യേകശ്രദ്ധ പതിപ്പിക്കുന്നുണ്ട്. പരാതികളുടെ രൂപത്തിലോ ബാലാവകാശ ലംഘനമായോ നിഷേധമായോ കമ്മീഷന്റെ ശ്രദ്ധയിൽ പെടുന്ന ഈ വിഭാഗത്തിലെ കുട്ടികളുടെ പ്രശ്നങ്ങൾ എല്ലാ വർഷവും പ്രത്യേക ശ്രദ്ധ നൽകി പരിഗണിച്ചുവരുന്നു. പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗത്തിലെ കുട്ടികൾ നൽകുന്ന വ്യക്തിഗത പരാതികൾക്ക് ലഭിക്കുന്ന അനുകൂല ഉത്തരവുകൾക്ക് പുറമെയാണ് സമൂഹത്തെയാകെ ബാധിക്കുന്ന ഇത്തരം പ്രശ്നങ്ങളിൻമേലുള്ള

കമ്മീഷന്റെ നടപടി. ഇത്തരം സന്ദർഭങ്ങളിൽ സ്പെഷ്യൽ റിപ്പോർട്ടിന്റെയോ സന്ദർശന റിപ്പോർട്ടിന്റെയോ ചൈൽഡ് റൈറ്റ്സ് മിസലേനിയസ് പെറ്റീഷന്റെയോ (സി.ആർ.എം.പി) അടിസ്ഥാനത്തിൽ സർക്കാരിന് റിപ്പോർട്ടുകൾ നൽകുകയും അവയിൻമേൽ നടപടി സ്വീകരിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനായി തുടർനിരീക്ഷണം നടത്തിവരികയും ചെയ്യുന്നു.

7. കമ്മീഷൻ സ്വീകരിച്ച മറ്റു നടപടികൾ

7.1 സംവാദം

കുട്ടികളുമായി ബന്ധപ്പെട്ട വിവിധ പ്രശ്നങ്ങൾ ആഴത്തിൽ ഉൾക്കൊള്ളുന്നതിന് അവരുമായുള്ള ആശയവിനിമയം വളരെയധികം പ്രയോജനം ചെയ്യുമെന്നാണ് കമ്മീഷന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ചട്ടങ്ങളിലെ ചട്ടം 17 (f)പ്രകാരം കമ്മീഷന്റെ പ്രവർത്തനങ്ങളിലും കുട്ടികളുടെ കാര്യങ്ങളുമായി ബന്ധപ്പെട്ട എല്ലാ സർക്കാർ വകുപ്പുകളിലും സംഘടനകളിലും കുട്ടികളുടെ താൽപര്യങ്ങൾ പ്രോത്സാഹിപ്പിക്കുകയും ബഹുമാനിക്കുകയും കുട്ടികളുടെ അഭിപ്രായങ്ങൾക്ക് ഗൗരവതരമായ പ്രാധാന്യം നൽകുകയും ചെയ്യണമെന്ന് വ്യവസ്ഥ ചെയ്തിട്ടുമുണ്ട്.

കണ്ണൂർ ജില്ലയിലെ ശ്രീകണ്ഠാപുരത്ത് 2019 ഒക്ടോബർ 31-നും ഇരിട്ടിയിൽ 2019 നവംബർ 4-നും ഊരുണർത്തലിന്റെ ഭാഗമായി കമ്മീഷൻ കുട്ടികളുമായി സംവാദം പരിപാടി സംഘടിപ്പിച്ചു. കമ്മീഷൻ ചെയർപേഴ്സൺ ശ്രീ. പി. സുരേഷ് സംവാദം നയിച്ചു. എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർ ശ്രീ. പി.കെ. സുരേഷും കുട്ടികളുമായി സംവദിച്ചു. കുട്ടികളുടെയും രക്ഷിതാക്കളുടെയും സംശയങ്ങൾക്ക് വ്യക്തവും വിശദവുമായ മറുപടികൾ നൽകി. സംവാദം സജീവമായ പരിപാടി ആയിരുന്നു.

7.2 കൂടിയാലോചനായോഗങ്ങൾ

ബാലാവകാശ സംരക്ഷണ കമ്മീഷന്റെ 16-07-2019-ലെ 43-ാമത് കമ്മീഷൻ യോഗത്തിൽ ജില്ലാതല ബാലനീതി സംവിധാനത്തെ ശാക്തീകരിക്കുന്നതിനുള്ള 14 ശിൽപ്പശാലകൾ ഓരോ ജില്ലയിലും നടത്തുവാൻ തീരുമാനിക്കുകയും കണ്ണൂർ ജില്ലയിലൊഴികെ ശില്പശാലകൾ സംഘടിപ്പിക്കുകയും ചെയ്തു.

ബാലനീതി നിയമം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ചുമതലാവാഹകരുടെ ശിൽപ്പശാലയ്ക്ക് മുന്നോടിയായി ചൈൽഡ് വെൽഫയർ കമ്മിറ്റി, സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റ്, ജുവനൈൽ ജസ്റ്റിസ് ബോർഡ്, ജില്ലാ ശിശുസംരക്ഷണ യൂണിറ്റ്, ശിശുസംരക്ഷണ സ്ഥാപനങ്ങൾ എന്നിവരിൽ നിന്ന് വിവരശേഖരണം നടത്തുവാനും നടപടി സ്വീകരിച്ചിരുന്നു. ഇതിന്റെ ഭാഗമായി ബാലാവകാശസംരക്ഷണ

കമ്മീഷന്റെ 21-08-2019-ലെ 45-ാമത് കമ്മീഷൻ യോഗത്തിൽ ജില്ലാതല ബാലനീതി സംവിധാനം ശാക്തീകരിക്കുന്നതിനുള്ള ശിൽപ്പശാലകളുടെ കൺസെപ്റ്റ് നോട്ട് അംഗീകരിച്ച് എല്ലാ ചുമതലാവാഹകർക്കും അയച്ചു നൽകിയിരുന്നു. ബാലാവകാശസംരക്ഷണ കമ്മീഷൻ 2018-19-ൽ നടത്തിയ ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികളുടെ 41 ശില്പശാലകളുടെ തുടർപ്രവർത്തനം എന്നവണ്ണം ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റി/പ്രതിനിധികളെ ഈ ശിൽപ്പശാലയിൽ പങ്കെടുപ്പിക്കുകയും അവയുടെ പുരോഗതി സംബന്ധിച്ച് അവലോകനം നടത്തുകയും ചെയ്തു. കർത്തവ്യവാഹകരായ ചൈൽഡ് വെൽഫയർ കമ്മിറ്റി, സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റ്, ജുവനൈൽ ജസ്റ്റിസ് ബോർഡ്, ജില്ലാ ശിശുസംരക്ഷണ യൂണിറ്റ്, ചൈൽഡ് ലൈൻ, കാവൽ, ശിശുസംരക്ഷണ സ്ഥാപനങ്ങൾ എന്നിവരെയും മറ്റ് ചുമതലാവാഹകരെയും അതാത് ജില്ലകളിൽ ശിൽപ്പശാലയിൽ പങ്കെടുപ്പിച്ച് അവർ പ്രവർത്തനവിധേയമാകുമ്പോൾ നേരിടുന്ന വെല്ലുവിളികളും പ്രവർത്തനത്തിനാവശ്യമായ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും സമന്വയിപ്പിക്കുകയും ആയതിന് പരിഹാരം നൽകാൻ കഴിയുന്നിടത്തോളം ജില്ലകളിൽ പരിഹാരം നിർദ്ദേശിക്കുകയും മറ്റുള്ളവ ക്രോഡീകരിച്ച് കർത്തവ്യവാഹകർ കൈക്കൊള്ളേണ്ട നടപടി പ്രസ്തുത തലത്തിൽ കൈക്കൊള്ളാനും സംസ്ഥാന സർക്കാർതലത്തിൽ കൈക്കൊള്ളേണ്ട നടപടികൾക്കായി ശിപാർശകൾ നൽകുവാനും നടപടി സ്വീകരിച്ചു വരികയും ചെയ്തു.

സംസ്ഥാനത്തെ എല്ലാ കുട്ടികളുടെയും അവകാശ സംരക്ഷണം നിരീക്ഷിക്കുകയും ആവശ്യമായ തലത്തിൽ ഇടപെടലുകൾ നടത്തി കുട്ടികളുടെ ശാക്തീകരണത്തിന് ഉചിതമായി നടപടികൾ സ്വീകരിക്കുക എന്നത് കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ നിയമാനുസൃതമായി നിക്ഷിപ്തമായി ഉത്തരവാദിത്വമാണ്. ഈ കടമ നിർവ്വഹണത്തിന്റെ ഭാഗമായി സമൂഹത്തിൽ ഇപ്പോഴും പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗമായി കാണുന്ന പട്ടിക വർഗ്ഗ വിഭാഗത്തിലുള്ള കുട്ടികളുടെ ശാക്തീകരണ ബോധവൽക്കരണ പരിപാടിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട ഗോത്ര മേഖലകളിൽ ഊരുണർത്തൽ പരിപാടി സംഘടിപ്പിക്കുകയുണ്ടായി. പഠനവുമായി ബന്ധപ്പെട്ട് ഗോത്രവർഗ കുട്ടികൾ അഭിമുഖീകരിക്കുന്ന എല്ലാ പ്രശ്നങ്ങളും കുട്ടികൾ രക്ഷാകർത്താക്കൾ, അദ്ധ്യാപകർ എന്നിവരിൽ നിന്നും നേരിട്ട് മനസ്സിലാക്കി അതിനാവശ്യമായ നടപടികൾ സ്വീകരിക്കുക എന്നതാണ് ഊരുണർത്തൽ പരിപാടിയുടെ ലക്ഷ്യം. ലൈംഗിക ചൂഷണങ്ങൾ, ബാലവിവാഹം, ലഹരി ഉപയോഗം മറ്റു ശാരീരിക മാനസിക ചൂഷണങ്ങൾ എന്നിവ തടയുന്നതിനും ഇവയ്ക്കെതിരെ പ്രതികരിക്കുന്നതിനുമായി കുട്ടികളെ സജ്ജമാക്കുക എന്നതാണ് ഊരുണർത്തൽ പരിപാടിയുടെ മറ്റൊരു ലക്ഷ്യം. ഇതൊടൊപ്പം കുട്ടികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും ബാലാവകാശ ലംഘനങ്ങളും തങ്ങളുടേതായ ആവശ്യങ്ങളും നേരിട്ട് സംസ്ഥാന ബാലാവകാശ

സംരക്ഷണ കമ്മീഷന്റ മുമ്പിൽ അവതരിപ്പിക്കാനുള്ള അവസരവും ഊരുണർത്തൽ പരിപാടിയിലൂടെ കുട്ടികൾക്ക് ലഭിക്കുന്നു.

കാസർഗോഡ് ജില്ലയിൽ 23-11-2019-നും കണ്ണൂർ ജില്ലയിൽ 31-10-2019, 4-11-2019 എന്നീ തീയതികളിലും വയനാട് 30-10-2019-ലും കോഴിക്കോട് 02-11-2019-ലും മലപ്പുറത്ത് 31-10-2019-ലും ഇടുക്കിയിൽ 01-10-2019-ലും എന്നിവിടങ്ങളിൽ ഊരുണർത്തൽ പരിപാടി വിജയകരമായി സംഘടിപ്പിക്കുകയുണ്ടായി.

ഇടുക്കി ജില്ലയിലെ ഏക ആദിവാസി പഞ്ചായത്തായ ഇടമലക്കുടിയിൽ നിരവധി കുട്ടികൾ സ്കൂളിൽ പോകാതെ വീടുകളിൽ കഴിയുന്നതായി കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 2019 ജനുവരി 8,9 തീയതികളിൽ കമ്മീഷൻ സന്ദർശിക്കുകയും 2019-20 അദ്ധ്യയന വർഷത്തിൽ എല്ലാ കുട്ടികളും സ്കൂളിൽ പോകുന്നത് ഉറപ്പു വരുത്തുന്നതിനായി ഈ പഞ്ചായത്തിലെ കുട്ടികളുമായി ബന്ധപ്പെട്ട വിവര ശേഖരണം തൊടുപുഴ വഴിത്തല ശാന്തിഗിരി കോളേജിലെ എം.എസ്.ഡബ്യൂ. വിദ്യാർത്ഥികളെ ഉപയോഗിച്ച് ഊരുകളിൽ സർവ്വേ നടത്തുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ സൊസൈറ്റിക്കുടിയിൽ 3.6.2019 ൽ ഊരുണർത്തൽ പരിപാടി സംഘടിപ്പിക്കുകയുണ്ടായി.

സ്കൂൾ വിദ്യാർത്ഥികൾക്ക് ബ്രയിൻ സ്റ്റോം ക്വിസ് മത്സരം

കുട്ടികൾക്ക് അവരുടെ അവകാശങ്ങളെക്കുറിച്ചുള്ള അറിവും ഉത്തരവാദിത്തങ്ങളും ഉറപ്പു വരുത്തുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സ്കൂൾ വിദ്യാർത്ഥികൾക്കായി ബ്രയിൻ സ്റ്റോം-2K19 ക്വിസ് മത്സര പരിപാടി ബാലാവാകാശ സംരക്ഷണ കമ്മീഷന്റ നേതൃത്വത്തിൽ സംഘടിപ്പിക്കുകയുണ്ടായി. ഡോ. ജി.എസ്. പ്രദീപിന്റെ നേതൃത്വത്തിലാണ് പ്രസ്തുത പരിപാടി സംഘടിപ്പിച്ചത്. 8 മുതൽ 12 വരെയുള്ള ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കായാണ് മത്സരം പ്രധാനമായും സംഘടിപ്പിച്ചത്.

ദക്ഷിണ മേഖല, മധ്യ മേഖല, ഉത്തര മേഖല എന്നിങ്ങനെ മൂന്ന് സോണുകളായി തിരിച്ചാണ് മത്സരം നടത്തിയത്. ഇതിൽ നിന്നും ഒന്നും രണ്ടും സ്ഥാനക്കാരെ മൽസരിപ്പിച്ചുകൊണ്ട് സംസ്ഥാനതല ഫൈനൽ മത്സരം 2020 ജനുവരി 21-ന് തിരുവനന്തപുരം സെന്റ് ജോസഫ് ഹയർ സെക്കൻഡറി സ്കൂളിൽ നടത്തി. പ്രസ്തുത മത്സരത്തിൽ ചേന്നമംഗലൂർ ഹയർ സെക്കൻഡറി സ്കൂൾ പത്താം ക്ലാസ് വിദ്യാർത്ഥി അൻജൽ മുഹമ്മദ് യു.പി ഒന്നാം സ്ഥാനവും മുഹൈസ്ന എസ്. ഷിബു രണ്ടാം സ്ഥാനവും കരസ്ഥമാക്കി. മിർസ സജിത (പെരിങ്ങോട്ടുകര ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ), അലീന എം. എഛ് (തിരുവനന്തപുരം കോട്ടൻഹിൽ ഗവ. ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ), ആഘോഷ് എസ്.ജെ (നന്മിണ്ട എഛ്.എ

സ്.എസ്), മധുമിത ഹരിദാസ് (പാലക്കാട് ജി.എം.എം. ജി.എച്ച്.എസ്.എസ്) എന്നിവരും വിജയികളായി. തിരുവനന്തപുരം മേയർ കെ. ശ്രീകുമാർ വിജയികൾക്ക് സമ്മാനങ്ങൾ നൽകി. കുട്ടികൾക്കിടയിൽ അവരുടെ അവകാശങ്ങളെക്കുറിച്ചുള്ള അവബോധം ഉളവാക്കുന്നതിന് പ്രസ്തുത പരിപാടി ഉപകാരപ്രദമായി.

സമൂഹ മനഃസാക്ഷിയെ ഉണർത്തൽ – 'സുരക്ഷാ ജ്യോതി'

തൊടുപുഴയിൽ അമ്മയുടെ സുഹൃത്തിന്റെ മർദ്ദനമേറ്റ് ചികിത്സയിലായിരുന്ന കുട്ടിയുടെ വേർപാടിന്റെ ഓർമ്മക്കായി 'സുരക്ഷാ ജ്യോതി' കുട്ടികളുടെ സുരക്ഷയ്ക്ക് സമൂഹത്തിന്റെ കരുതൽ എന്ന പേരിൽ നൂറോളം കുട്ടികളുടെ കൂട്ടായ്മ തിരുവനന്തപുരം പാളയം രക്തസാക്ഷി മണ്ഡപത്തിൽ 6.4.2019 വൈകിട്ട് 6 മണിക്ക് സംഘടിപ്പിക്കുകയുണ്ടായി.

ബാല-കൗമാര വേല വിരുദ്ധ ദിനാചരണം

കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ ആഭിമുഖ്യത്തിൽ 2019 ജൂൺ 12 ന് തിരുവനന്തപുരം പട്ടം സെന്റ് മേരീസ് സ്കൂളിൽ ലോക ബാലവേല വിരുദ്ധ ദിനം സംഘടിപ്പിക്കുകയുണ്ടായി. ബാല വേലയിൽ ഏർപ്പെടുന്ന കുട്ടികളെ മോചിപ്പിക്കുന്നതിനു സർക്കാർ ആവിഷ്കരിച്ച ശരണബാല്യം പദ്ധതി വിജയമാണെന്ന് ദിനാചരണം ഉദ്ഘാടനം ചെയ്ത ആരോഗ്യം-വനിത-ശിശു വികസന മന്ത്രി ശ്രീമതി കെ.കെ. ശൈലജ ടീച്ചർ പറഞ്ഞു.

ബാലപീഡനത്തിനെതിരെ ബൈക്ക് റാലി

ബാലപീഡനത്തിനെതിരെ സംസ്ഥാനതലത്തിലും ദേശീയ തലത്തിലും ബൈക്ക് റാലിയിലൂടെ അവബോധം സൃഷ്ടിക്കുക എന്ന ഉദ്ദേശത്തോടെ കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ഡ്രീം റൈഡ് കേരളയുമായി ഒരു നൂതന പ്രചരണ പരിപാടി ആസൂത്രണം ചെയ്യുകയും 2019 സെപ്തംബർ 12-ന് കണ്ണൂരിൽ നിന്നും തുടങ്ങന്ന ബൈക്ക് റാലി ബാലപീഡനത്തിനെതിരെയുള്ള പ്രചാരണ പരിപാടി ആയി 12 സംസ്ഥാനങ്ങളിലൂടെ സഞ്ചരിച്ച് ജമ്മു കാശ്മീരിൽ അവസാനിക്കുന്ന രീതിയിൽ ആണ് വിഭാവനം ചെയ്തത്. ഓരോ സംസ്ഥാനത്തിലെയും പ്രധാന കേന്ദ്രങ്ങളിൽ സമൂഹത്തിന്റെ വിവിധ തുറകളിലുള്ള പൊതുസമൂഹവുമായി സംവദിക്കുകയും ബാലപീഡനത്തിനെതിരെ മനുഷ്യ മനസാക്ഷിയെ ഉണർത്തുകയുമാണ് ലക്ഷ്യം. കേരളത്തിൽ ആറ് കേന്ദ്രങ്ങളിലാണ് അവബോധ പരിപാടികൾ ഉണ്ടായത്.

ബൈക്ക് റാലി സെപ്തംബർ 13 ന് കൂത്തുപറമ്പ് നിർമലഗിരി കോളേജിൽ ബഹു. കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു.

സെപ്തംബർ 13, 2019	രാവിലെ കണ്ണൂർ (10 മണി) ഉച്ച കഴിഞ്ഞ് കോഴിക്കോട് (3 മണി) വൈകുന്നേരം മലപ്പുറം (7 മണി)
സെപ്തംബർ 14, 2019	രാവിലെ എറണാകുളം (10 മണി) ഉച്ച കഴിഞ്ഞ് ആലപ്പുഴ (3 മണി) വൈകുന്നേരം കൊല്ലം (7 മണി)
സെപ്തംബർ 15, 2019	രാവിലെ തിരുവനന്തപുരം (10 മണി)

സന്ദേശ യാത്രയ്ക്ക് സെപ്തംബർ 14-ന് രാവിലെ പത്ത് മണിക്ക് എറണാകുളം മഹാരാജാസ് കോളേജിലും തിരുവനന്തപുരം ജില്ലയിൽ സെപ്തംബർ 15-ാം തീയതി രാവിലെ 9.30 ന് കരിമഠം കോളനിയിലും പൗര സ്വീകരണം നൽകി.

7.2.3 സോഷ്യൽ ഓഡിറ്റിംഗ്

ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികളെ താമസിപ്പിച്ച് സംരക്ഷിക്കുന്ന സ്ഥാപനങ്ങളുടെ സേവനവും ഗുണനിലവാരവും മെച്ചപ്പെടുത്തുന്നതിനായി ദേശീയ-സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷനുകൾ പ്രസ്തുത സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് സോഷ്യൽ ഓഡിറ്റ് നടത്തേണ്ടതാണെന്ന ബഹു. സുപ്രീംകോടതി ഉത്തരവിനെ തുടർന്ന് കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷനുവേണ്ടി ശിശുസംരക്ഷണ സ്ഥാപനങ്ങളുടെ സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനായി സുശീല ഗോപാലൻ സൊസൈറ്റി ഫോർ ജൻഡർ ആന്റ് ലീഗൽ സ്റ്റഡീസ്, തിരുവനന്തപുരം എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തി. സ്ഥാപനങ്ങളുടെ സോഷ്യൽ ആഡിറ്റ് നടന്നു വരുന്നു.

7.3 ഊരുണർത്തൽ

2019 പ്രളയത്തിൽ പഠനോപകരണങ്ങൾ നഷ്ടപ്പെട്ട കുട്ടികൾക്ക് അവരുടെ തുടർ പഠനത്തിന് സഹായകരമാകുന്നതിന് വേണ്ടി നോട്ട്ബുക്ക്, പേന, പെൻസിൽ, കുട, ചോറ്റുപാത്രം, ബാഗ് എന്നിവ കേരളത്തിലെ വിവിധ ജില്ലകളിലെ സ്കൂളുകൾ, കോളേജുകൾ മറ്റ് സ്ഥാപനങ്ങൾ തുടങ്ങിയ ഇടങ്ങളിൽ നിന്ന് ശേഖരിച്ച് അവ ഊരുണർത്തൽ പരിപാടിയുടെ ഭാഗമായി വിതരണം ചെയ്തു. കണ്ണൂർ, കാസർഗോഡ്, മലപ്പുറം, കോഴിക്കോട്, ഇടുക്കി, വയനാട് എന്നീ ജില്ലകളിലെ പ്രളയ ബാധിത പ്രദേശങ്ങളിലെ കുട്ടികൾക്കാണ് ഇത് പ്രയോജനപ്പെടുത്തിയത്.

കണ്ണൂർ ശ്രീകണ്ഠാപുരത്ത് നടന്ന ഊരുണർത്തൽ പരിപാടി എക്സൈസ് വകുപ്പിന്റെ സഹകരണത്തോടെ സംഘടിപ്പിച്ചു. ബഹു. എക്സൈസ് കമ്മീഷണർ പരിപാടിയിൽ മുഖ്യ അതിഥിയായിരുന്നു. കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ചെയർപേഴ്സൺ കുട്ടികളോട് സംവാദം നടത്തുകയും അവരുടെ പ്രശ്നങ്ങൾ ചോദിച്ചു മനസിലാക്കുകയും ചെയ്തു.

ശ്രീകണ്ഠാപുരം ആദിവാസി ഊരു മൂപ്പന്റെ നേതൃത്വത്തിൽ ആദിവാസികളുടെ നൃത്തം ഊരുണർത്തൽ വേദിയിൽ അവതരിപ്പിച്ചു.

7.4 സന്ദർശനങ്ങൾ

പാർശ്വവൽക്കരിക്കപ്പെട്ടവരും പ്രതികൂലാവസ്ഥയിലുള്ളവരുമായ കുട്ടികളുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തേണ്ടതും ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികളുടെ കാര്യങ്ങൾക്ക് പ്രത്യേക പരിഗണന നൽകേണ്ടതും കമ്മീഷന്റെ കർത്തവ്യങ്ങളാണ്. ഇത്തരം പ്രശ്നങ്ങൾ നേരിൽക്കണ്ട് വിലയിരുത്തുക, ബന്ധപ്പെട്ട പദ്ധതിപ്പങ്കാളികളെയും ജനപ്രതിനിധികളെയും സന്നദ്ധസംഘടനാപ്രതിനിധികളെയും ഉൾപ്പെടുത്തി പ്രശ്നങ്ങളുടെ സങ്കീർണ്ണതകൾ ആഴത്തിൽ പഠിക്കുക, അവയ്ക്ക് ഉചിതമായ പരിഹാരമാർഗ്ഗങ്ങൾ ശുപാർശ ചെയ്യുക തുടങ്ങിയവ കമ്മീഷന്റെ കർത്തവ്യങ്ങളാണ്. ഇതുമായി ബന്ധപ്പെട്ട് റിപ്പോർട്ട് കാലയളവിൽ കമ്മീഷൻ നിരവധി സന്ദർശനങ്ങൾ നടത്തിയിട്ടുണ്ട്. ഇത്തരം സന്ദർശനവേളകളിൽ ജില്ല ആസ്ഥാനത്ത് പദ്ധതിപ്പങ്കാളികളെ ക്ഷണിച്ചുവരുത്തി അവരുടെ അഭിപ്രായങ്ങൾ കേൾക്കാനും കമ്മീഷൻ സമയം കണ്ടെത്തിയിട്ടുണ്ട്. ബാലാവകാശസംരക്ഷണ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളും വ്യക്തികളും സന്നദ്ധസംഘടനകളും ഉന്നയിക്കുന്ന പ്രശ്നങ്ങൾ മനസ്സിലാക്കുന്നതോടൊപ്പം ജില്ലകളിലെ പ്രത്യേക പരിതസ്ഥിതിയും ആവശ്യങ്ങളും മനസ്സിലാക്കാനും ഇത്തരം യോഗങ്ങളിലൂടെ കമ്മീഷന് കഴിഞ്ഞിട്ടുണ്ട്.

സംവാദം ഉൾപ്പെടെയുള്ള പരിപാടികൾക്കായി വിവിധ ജില്ലകളിൽ സന്ദർശനം നടത്തുന്ന വേളയിൽ കുട്ടികളെ പാർപ്പിച്ചിരിക്കുന്ന വിവിധ ഹോമുകളും ഹോസ്റ്റലുകളും മറ്റും സന്ദർശിക്കുന്നതിനും അവരുടെ പരാതികളും അഭിപ്രായങ്ങളും നേരിട്ടു കേൾക്കുന്നതിനും കമ്മീഷൻ പ്രത്യേകം ശ്രദ്ധ പതിപ്പിച്ചിട്ടുണ്ട്. കമ്മീഷന് ലഭിക്കുന്ന പരാതികളുമായി ബന്ധപ്പെട്ട സ്ഥലങ്ങൾ നേരിട്ട് പരിശോധിക്കുന്നതിനും ഇത്തരം സന്ദർശനങ്ങൾ അവസരമൊരുക്കുന്നു.

ഖസാക്കിസ്ഥാൻ സംഘത്തിന്റെ സന്ദർശനം

കുട്ടികളുടെ അവകാശ സംരക്ഷണം സംബന്ധിച്ച് 2019 ജൂൺ 30 മുതൽ ജൂലൈ അഞ്ച് വരെ കേരള സന്ദർശനം നടത്തിയ ഖസാക്കിസ്ഥാൻ യുനിസെഫ് പ്രതിനിധികളുമായി ഒരു യോഗം 03-07-2019-ന് പാളയം സൗത്ത് പാർക്ക് ഹോട്ടലിൽ വച്ച് സംഘടിപ്പിക്കുകയുണ്ടായി.

8. നിരീക്ഷണ അധികാരവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ

സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം ആക്റ്റ് 2009 (ആർ.റ്റി.ഇ. ആക്റ്റ്), ലൈംഗിക കുറ്റകൃത്യങ്ങളിൽ നിന്ന് കുട്ടി

കളെ സംരക്ഷിക്കുന്നതിനുള്ള ആക്റ്റ് 2012 (പോക്സോ ആക്റ്റ്), ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) ആക്റ്റ് 2015 എന്നീ കേന്ദ്ര നിയമങ്ങൾ സംസ്ഥാനത്ത് നടപ്പാക്കുന്നത് നിരീക്ഷിക്കുന്നതിനുള്ള ചുമതലയും കമ്മീഷനുണ്ട്. മേൽപ്പറഞ്ഞ ഓരോ ആക്റ്റുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ചുവടെ പറയുന്നു.

8.1 സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം ആക്റ്റ്, 2009 (ആർ.റ്റി.ഇ. ആക്റ്റ്) പ്രകാരമുള്ള പ്രവർത്തനങ്ങൾ

ആറ് മുതൽ പതിനാല് വയസ്സുവരെയുള്ള എല്ലാ കുട്ടികൾക്കും സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം വ്യവസ്ഥ ചെയ്യുന്നതിനുള്ള ആക്റ്റ് (ആർ.റ്റി.ഇ. ആക്റ്റ്, 2009) ഭാരത റിപ്പബ്ലിക്കിന്റെ അറുപതാം സംവത്സരത്തിൽ പാർലമെന്റ് പാസ്സാക്കുകയും പ്രസ്തുത നിയമം 2010 ഏപ്രിൽ ഒന്നിന് നമ്മുടെ രാജ്യത്ത് പ്രാബല്യത്തിൽ വരുകയും ചെയ്തു. ആർ.റ്റി.ഇ. ആക്റ്റിലെ 31-ാം വകുപ്പുപ്രകാരം, ഒരു കുട്ടിയുടെ വിദ്യാഭ്യാസത്തിനുള്ള അവകാശം നിരീക്ഷിക്കുന്നതിനുള്ള അധികാരം 2(സി) വകുപ്പിൽ നിർവ്വചിക്കുന്ന പ്രകാരം സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷനിൽ നിക്ഷിപ്തമാണ്. ഇതുപ്രകാരം, വിദ്യാഭ്യാസ അവകാശത്തിനുള്ള സുരക്ഷ ഏർപ്പാടുകൾ പരിശോധിക്കുന്നതിനും അവ ഫലപ്രദമായി നടപ്പിൽ വരുത്തുന്നതിനുള്ള മാർഗ്ഗങ്ങൾ ശുപാർശ ചെയ്യുന്നതിനും കുട്ടിയുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശവുമായി ബന്ധപ്പെട്ട പരാതികൾ അന്വേഷണ വിചാരണ ചെയ്യുന്നതിനും കമ്മീഷന് അധികാരമുണ്ട്. ഈ നിയമത്തിലെ 32(4) വകുപ്പുപ്രകാരം കമ്മീഷൻ പ്രസ്തുത നിയമത്തിൻകീഴിലുള്ള അപ്പീൽ അധികാരസ്ഥാനം കൂടിയാണ്. കൂടാതെ വിദ്യാഭ്യാസ അവകാശ നിരീക്ഷണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിൽ കമ്മീഷന് ബാലാവകാശസംരക്ഷണ കമ്മീഷനുകൾ ആക്റ്റിലെ എല്ലാ അധികാരങ്ങളും വിനിയോഗിക്കാമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

8.1.1. ആർ.റ്റി.ഇ. ആക്റ്റിലെ 31-ാം വകുപ്പ് പ്രകാരം സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം സംബന്ധിച്ച നിയമത്തിന്റെ നടത്തിപ്പ് നിരീക്ഷിക്കുന്നതിനുള്ള അധികാരം സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷനിൽ നിക്ഷിപ്തമാണ്. ഇതുമായി ബന്ധപ്പെട്ട കർത്തവ്യ നിർവ്വഹണത്തിനായി എന്ന് സ.ഉ. (സാധാ) നം.317/2015/സാനീവ തീയതി 04-06-2015 പ്രകാരം കമ്മീഷനിൽ ആർ.റ്റി.ഇ. സെൽ രൂപീകരിച്ചിട്ടുണ്ട്. ആർ.റ്റി.ഇ. സെല്ലിന്റെ മുഖ്യചുമതലകൾ ചുവടെ ചേർക്കുന്നു:-

- 2009-ലെ വിദ്യാഭ്യാസ അവകാശ നിയമത്തിൽ അനുശാസിക്കുന്നതനുസരിച്ച് ആർ.റ്റി.ഇ. ആക്റ്റിലെ വ്യവസ്ഥകളും അതുപ്രകാരമുള്ള ഭൗതിക സൗകര്യ

ങ്ങളും പാലിക്കപ്പെടുന്നുണ്ടോ എന്ന് നിരീക്ഷിക്കുക, എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും അവശ്യം വേണ്ട അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത ഉറപ്പു വരുത്തുക, വിദ്യാർത്ഥി-അധ്യാപക അനുപാതം അനുസരിച്ചുള്ള അധ്യാപകരുടെ നിയമനം, കുട്ടികൾക്ക് ഗുണനിലവാരമുള്ള വിദ്യാഭ്യാസം തുടങ്ങി ആക്റ്റിൽ വിഭാവനം ചെയ്തിട്ടുള്ള എല്ലാ വ്യവസ്ഥകളും പരമാവധി ഉറപ്പു വരുത്തുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുക.

- വിവിധ പദ്ധതിപ്പങ്കാളികൾക്കിടയിൽ കുട്ടികളുടെ വിദ്യാഭ്യാസത്തിനുള്ള അവകാശം ഭരണഘടനാപരമായി അവരുടെ മൗലികാവകാശമാണെന്ന അവബോധം കൂടുതൽ സൃഷ്ടിക്കുകയും അവ സംരക്ഷിക്കപ്പെടേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുകയും ചെയ്യുക.
- കമ്മീഷന് നേരിട്ട് ലഭിക്കുന്ന പരാതികളുടെയും സ്വമേധയാ കൈക്കൊള്ളുന്ന നടപടികളുടേയും അടിസ്ഥാനത്തിൽ നടത്തുന്ന അന്വേഷണവിചാരണയിൽ പരിഹാരം ആവശ്യമായ കാര്യങ്ങളിൽ സർക്കാരിനും വിദ്യാഭ്യാസവകുപ്പിനും ശുപാർശകൾ നൽകുന്നതിനു വേണ്ട സാങ്കേതിക സഹായങ്ങൾ നൽകുക.
- വിദ്യാഭ്യാസ അവകാശ നിയമം കാര്യക്ഷമമായി നടപ്പിലാക്കുന്നത് നിരീക്ഷിക്കുന്നതിന്റെ ഭാഗമായി പൊതുവിദ്യാഭ്യാസം, ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി വകുപ്പുകൾ, എസ്.എസ്.എ., ആർ.എം.എസ്.എ., എസ്.സി.ഇ.ആർ.റ്റി., തദ്ദേശസ്വയംഭരണം (പഞ്ചായത്ത്/നഗരകാര്യ വകുപ്പുകൾ), പട്ടികജാതി/പട്ടികവർഗ്ഗ വികസനം തുടങ്ങിയ പദ്ധതിപ്പങ്കാളികളെ പങ്കെടുപ്പിച്ചുകൊണ്ട് ത്രൈമാസ അവലോകനയോഗങ്ങൾ സംഘടിപ്പിക്കുക.
- ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ, പ്രത്യേക പരിഗണന ലഭിക്കേണ്ട കുട്ടികൾ, പിന്നാക്ക വിഭാഗങ്ങളിലെ കുട്ടികൾ എന്നിവരുടെ പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള അവകാശം ഉറപ്പുവരുത്തുക.

ഊരുണർത്തലും പ്രളയദുരിത സഹായവും

വിദ്യാലയങ്ങളിൽനിന്ന് ട്രൈബൽ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും ഈ മേഖലയിലെ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനും അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനും വേണ്ടിയാണ് 'ഊരുണർത്തൽ' എന്ന പരിപാടിക്ക് കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ തുടക്കം കുറിച്ചു. കേരളത്തിലെ കണ്ണൂർ, കാസറഗോഡ്, വയനാട്, കോഴിക്കോട്, മലപ്പുറം, ഇടുക്കി എന്നീ ജില്ലകളിൽ കമ്മീഷൻ ഊരുണർത്തൽ പരിപാടി സംഘടിപ്പിച്ചു. കുട്ടികളും രക്ഷിതാക്കളും സംവാദം നടത്തി അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കുകയും ചെയ്തു.

2019-ൽ വീണ്ടുമൊരു പ്രളയം ദുരന്തം വിതച്ചപ്പോൾ മലയോരമേഖലകളിലെ കുട്ടികൾ ദുരിതക്കയത്തിൽ ആണ്ടുപോയതായി കമ്മീഷൻ മനസ്സിലാക്കി. ഇതേത്തുടർന്ന് ഈ പ്രദേശങ്ങളിൽ 'ഊരുണർത്തൽ' സംഘടിപ്പിക്കുന്നതിനും ദുരിതമനുഭവിക്കുന്ന കുട്ടികൾക്ക് ആവശ്യമായ പഠനോപകരണങ്ങൾ വിതരണം ചെയ്യുന്നതിനും തീരുമാനിച്ചു. നഗരങ്ങളിലെ സ്കൂളുകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും സാധന സാമഗ്രികൾ സമാഹരിച്ച് ഊരുകളിലെത്തിക്കുന്നതിന് കമ്മീഷൻ മുന്നിട്ടിറങ്ങി. നോട്ടുബുക്കുകൾ, ബാഗ്, കുട, സ്റ്റേഷനറി, വാട്ടർ ബോട്ടിൽ, ചോറ്റുപാത്രം എന്നിവ സമാഹരിച്ച് പ്രളയബാധിതമായ കണ്ണൂർ ജില്ലയിലെ ഇരിട്ടി, ശ്രീകണ്ഠാപുരം, മലപ്പുറം, കോഴിക്കോട്, വയനാട്, കാസറഗോഡ്, ഇടുക്കി എന്നിവിടങ്ങളിലെ രണ്ടായിരത്തോളം കുട്ടികൾക്ക് കമ്മീഷൻ വിതരണം ചെയ്തു. ആദിവാസി ഊരുകളിലെ തനത് കലാരൂപങ്ങൾ അവതരിപ്പിച്ചും കുട്ടികളുമായി 'സംവാദം' നടത്തിയും ഊരുണർത്തൽ പരിപാടിയെ വർണ്ണാഭമാക്കി മാറ്റി.

പരിശീലന ക്യാമ്പ്

ഭിന്നശേഷിക്കാരായ കുട്ടികൾക്കുവേണ്ടി ബാലനീതി നിയമം പ്രകാരം കേരളത്തിൽ രജിസ്റ്റർ ചെയ്ത 35 സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ഡെൽഹിയിലുള്ള National Institute of Public Cooperation and Child Development (NIPCCD)-യുമായി സഹകരിച്ച് തൃശ്ശൂർ മുളങ്കുന്നത്തുകാവ് കില കാമ്പസിൽ മൂന്ന് ദിവസത്തെ പരിശീലനം നൽകി. ഭിന്നശേഷിയുള്ള കുട്ടികൾക്ക് സംരക്ഷണവും പരിപാലനവും മെച്ചപ്പെട്ട രീതിയിൽ ലഭ്യമാക്കുന്നതിന് പരിശീലനം സഹായകമാകും എന്നാണ് പ്രതീക്ഷ. ഓരോ സ്ഥാപനത്തിൽനിന്നും രണ്ടുപേരെ വീതം ഉൾപ്പെടുത്തി 70 പേർപരിശീലന പരിപാടിയിൽ പങ്കെടുക്കുകയും പങ്കെടുത്തവർക്ക് സർട്ടിഫിക്കറ്റ് വിതരണം നടത്തുകയുമുണ്ടായി.

റഫറൻസ് ലൈബ്രറി സംവിധാനം

ബാലാവകാശ കമ്മീഷനിൽ റഫറൻസ് ആവശ്യങ്ങൾക്കുവേണ്ടി മികച്ച നിയമ പുസ്തകങ്ങൾ ശേഖരിച്ചിട്ടുള്ള റഫറൻസ് ലൈബ്രറി പ്രവർത്തിച്ചുവരുന്നു. കമ്മീഷൻ അംഗങ്ങളും ലീഗൽ സെക്ഷനും മൂന്ന് സെല്ലുകളും ആവശ്യാനുസരണം ഗ്രന്ഥങ്ങൾ ഉപയോഗിക്കുന്നു. ലൈബ്രറിയുടെ ചുമതല വഹിക്കുന്നത് ലീഗൽ സെക്ഷനാണ്.

8.2 ലൈംഗിക അതിക്രമങ്ങളിൽനിന്ന് കുട്ടികളെ സംരക്ഷിക്കുന്നതിനുള്ള ആക്റ്റ് 2012 (പോക്സോ ആക്റ്റ്) പ്രകാരമുള്ള പ്രവർത്തനങ്ങൾ

2012-ലെ പോക്സോ നിയമത്തിലെ 44-ാം വകുപ്പുപ്രകാരം സംസ്ഥാനത്ത് നിയമത്തിന്റെ നടത്തിപ്പ് നിരീക്ഷണ ചുമതല സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷനിൽ നിക്ഷിപ്തമാണ്. കുട്ടികൾക്കെതിരായ ലൈംഗികാതിക്രമങ്ങൾ ഫലപ്രദ

മായി തടയുന്നതിനായുള്ള കർശന നിയമവ്യവസ്ഥകൾ 2012-ലെ പോക്സോ നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നിയമത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിനും കൃത്യമായ നടത്തിപ്പ് ഉറപ്പുവരുത്തുന്നതിനും കമ്മീഷൻ പ്രധാന പങ്ക് വഹിക്കുന്നു. കുട്ടികളുടെ ശാരീരികവും മാനസികവും ബുദ്ധിപരവും സാമൂഹികപരവുമായ വികാസം സാധ്യമാക്കുന്നതോടൊപ്പം സ്നേഹപൂർണ്ണവും ശിശുസൗഹാർദ്ദപരവുമായ സമീപനം നിയമപരമായ നടപടികളും വിചാരണവേളകളിലും ഉറപ്പുവരുത്തുന്നതിനായി അന്താരാഷ്ട്ര നിലവാരത്തിലുള്ള മാനദണ്ഡങ്ങൾ കണക്കിലെടുത്താണ് പോക്സോ നിയമ നിർമ്മാണം പാർലമെന്റ് നടത്തിയിട്ടുള്ളത്.

കമ്മീഷന്റെ നിരീക്ഷണത്തിന്റെ ഭാഗമായി പോലീസ് വിഭാഗം, ചൈൽഡ് വെൽഫെയർ കമ്മിറ്റി (സി.ഡബ്ല്യു.സി), പ്രത്യേക കോടതികൾ (സ്പെഷ്യൽ കോടതികൾ) എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വിലയിരുത്തുകയും യഥാക്രമം റിപ്പോർട്ടുകൾ ശേഖരിച്ച് വിശകലനം ചെയ്യുകയും ചെയ്യുന്നു. ഇതിനുപുറമെ, കുറ്റകൃത്യത്തിനിരയാകുന്ന കുട്ടികൾക്ക് പോക്സോ നിയമത്തിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ പ്രകാരം കേരള വിക്റ്റിം കോംപൻസേഷൻ സ്കീമിൽനിന്ന് നൽകുന്ന നഷ്ടപരിഹാരം സംബന്ധിച്ച സ്ഥിതിവിവരക്കണക്ക് നഷ്ടപരിഹാര വിതരണച്ചുമതലയുള്ള ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റികളിൽനിന്ന് കമ്മീഷൻ ശേഖരിക്കുകയും കുട്ടികൾക്ക് നഷ്ടപരിഹാരം ലഭിക്കുന്നുണ്ടോ എന്ന് പരിശോധിക്കുകയും ചെയ്യുന്നുണ്ട്.

സംസ്ഥാന പോലീസിൽനിന്ന് ലഭ്യമായ വിവരങ്ങൾ


പോക്സോ കേസുകൾ കൈകാര്യം ചെയ്യുന്നതിൽ പോലീസ് വിഭാഗം നിർണായക പങ്ക് വഹിച്ചുവരുന്നു. കേരളത്തിലെ എല്ലാ പോലീസ് സ്റ്റേഷനുകളിലും ഒരു പോലീസ് ഉദ്യോഗസ്ഥനെ കുട്ടികളുടെ ബന്ധപ്പെട്ട കേസുകൾ കൈകാര്യം ചെയ്യുന്നതിനുമാത്രമായി നിയമിച്ചിരിക്കുന്നു (സ്പെഷ്യൽ ജുവനൈൽ പോലീസ് ഓഫീസർ). കുട്ടികൾ ഉൾപ്പെടുന്നതും, കുട്ടികളെ ഏതെങ്കിലും തരത്തിൽ ബാധിക്കുന്നതുമായ എല്ലാ കേസുകളും സംഭവങ്ങളും സ്പെഷ്യൽ ജുവനൈൽ പോലീസ് ഓഫീസറുടെ (എസ്.ജെ.പി.ഒ.) ശ്രദ്ധയിൽ വരേണ്ടതും ആവശ്യമായ ഇടപെടലുകൾ നടത്തേണ്ടതുമാണ്. കേരളത്തിൽ കുട്ടികളുടെ നീതി ഉറപ്പുവരുത്തുന്നതിനും ബാലസൗഹൃദ അന്തരീക്ഷം കൈവരിക്കുന്നതിനുമായി സംസ്ഥാനത്തെ 6 പോലീസ് സ്റ്റേഷനുകൾ ബാലസൗഹൃദ പോലീസ് സ്റ്റേഷനുകളായി പുനർനിർമിക്കപ്പെട്ടിട്ടുണ്ട്. ഇവയുടെ പട്ടിക ചുവടെ ചേർക്കുന്നു.

1. തിരുവനന്തപുരം ഫോർട്ട്
2. കൊല്ലം ഈസ്റ്റ്
3. എറണാകുളം കടവന്ത്ര
4. തൃശ്ശൂർ ഈസ്റ്റ്
5. കോഴിക്കോട് ടൗൺ


6. കണ്ണൂർ ടൗൺ

പോക്സോ കേസുകൾ സംബന്ധിച്ച സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുന്നതിനായി സംസ്ഥാന പോലീസുമായി ചേർന്ന് ഒരു പ്രൊഫോർമയിൽ വിവരശേഖരണ സംവിധാനം കമ്മീഷൻ ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ മുഴുവൻ പോലീസ് സ്റ്റേഷനുകളിലും റിപ്പോർട്ട് ചെയ്യപ്പെടുന്ന പോക്സോ നിയമപ്രകാരമുള്ള കേസുകൾ സംബന്ധിച്ച വിവരങ്ങൾ കമ്മീഷൻ തയ്യാറാക്കിയ നിശ്ചിതമാതൃകയിലുള്ള ഘടനയിൽ ജില്ലകളിൽ നിന്ന് ശേഖരിച്ച് കമ്മീഷന് ലഭ്യമാക്കാൻ സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോയിലെ പോലീസ് ഇൻസ്പെക്ടർ ജനറലിനെ സംസ്ഥാന പോലീസ് മേധാവി ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം വിവരങ്ങൾ ലഭ്യമാകുന്നതിൽ പുരോഗതി ഉണ്ടെങ്കിലും ചില കാര്യങ്ങളിൽ അവ്യക്തത നിലനിൽക്കുന്നു.

പോക്സോ കേസുകൾ: 2013 മുതൽ 2019 വരെ



2019 ജനുവരി മുതൽ ഡിസംബർ വരെ സംസ്ഥാനത്തൊട്ടാകെ 3616 പോക്സോ കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. പോലീസിൽനിന്ന് ലഭ്യമായ വിവരങ്ങളെ അപഗ്രഥിച്ചതിൽനിന്നും പോക്സോ കുറ്റകൃത്യങ്ങളുടെ ജില്ലാടിസ്ഥാനത്തിലുള്ള താരതമ്യം താഴെ കാണിക്കും പ്രകാരമാണ്.



മേൽപ്പറഞ്ഞ കാലയളവിൽ ലഭ്യമായ 3616 കേസുകൾ കമ്മീഷൻ വിശകലനം ചെയ്തതിൽ കുറ്റകൃത്യം ചെയ്ത 4054 പ്രതികളിൽ 816 പേർ കുട്ടികൾക്ക് അടുത്തറിയാവുന്നവരാണെന്ന് വ്യക്തമാകുകയുണ്ടായി. ഇതിൽ അയൽക്കാർ 681 പേർ (17%), കുടുംബാംഗങ്ങൾ[1] 345 (8%), ബന്ധുക്കൾ[2] 307 (8%), വാൻ-ബസ്-ഓട്ടോ ഡ്രൈവർമാർ 55 (1%), കമിതാക്കൾ 526 (13%), സുഹൃത്തുക്കൾ 244 (6%), അദ്ധ്യാപകർ[3] 157 (4%), പരിചയക്കാർ[4] 816 (20%) എന്നിങ്ങനെയാണ് കുറ്റകൃത്യത്തിനിരയായ കുട്ടികളും പ്രതികളും തമ്മിലുള്ള ബന്ധം. ഇതിൽനിന്നും കുട്ടികൾക്ക് സുരക്ഷിതത്വം ഉറപ്പാക്കുന്നതിൽ മാതാപിതാക്കളും സർക്കാരും പോലീസും സമൂഹവും ഒരുപോലെ ഉത്തരവാദിത്വപ്പെട്ടിരിക്കുന്നുവെന്നും അത്തരം ഉത്തരവാദിത്തം വീഴ്ച കൂടാതെ നിർവ്വഹിച്ചെങ്കിൽ മാത്രമേ കുട്ടികളുടെ സുരക്ഷിതത്വവും വികാസവും നമുക്ക് ഉറപ്പാക്കാനാകൂ എന്നും വെളിവാകുന്നു.

സംസ്ഥാന പോലീസ് ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം, 351 (9%) കുറ്റവാളികൾ കുറ്റകൃത്യത്തിന് ഇരയായ കുട്ടികൾക്ക് നേരിട്ട് പരിചയം ഇല്ലാത്തവരാണ്. ഇതിൽ ബന്ധം വ്യക്തമല്ലാത്ത (പോലീസ് നൽകിയ റിപ്പോർട്ടിൽ ബന്ധം വ്യക്തമാക്കിയിട്ടില്ല) 572 പേരും (14%) ഉൾപ്പെടുന്നു. ലൈംഗികകുറ്റ

[1] അച്ഛൻ, രണ്ടാനച്ഛൻ, സഹോദരൻ, അമ്മ, വളർത്തച്ഛൻ, അർദ്ധസഹോദരൻ, മുത്തച്ഛൻ


[2] അമ്മാവൻ, സഹോദരീഭർത്താവ്, മുത്തച്ഛന്റെ സഹോദരൻ, അമ്മയുടെ അമ്മാവൻ, അച്ഛന്റെ സഹോദരപുത്രൻ

[3] സ്കൂൾ-ട്യൂഷൻ-മത അദ്ധ്യാപകർ


[4] ഡ്രൈവർ, ബസ് ഡോർ ചെക്കർ/ക്ലീനർ, കണ്ടക്ടർ, അമ്മയുടെ കാമുകൻ, കെയർ ടേക്കർ, അച്ഛന്റെ സുഹൃത്ത്, ഡോക്ടർ, കടയുടമ, പ്യൂൺ

കൃത്യങ്ങൾക്ക് വഴിവയ്ക്കാവുന്ന സാഹചര്യങ്ങളെക്കുറിച്ച് കുട്ടികളെ ബോധവൽക്കരിക്കേണ്ടതും അത്തരം പ്രശ്നങ്ങളിൽ അകപ്പെടാതിരിക്കുവാൻ സ്വീകരിക്കേണ്ട മുൻകരുതലുകളെക്കുറിച്ച് അവരെ ജാഗരൂകരാക്കേണ്ടതും ഏറ്റവും അത്യന്താപേക്ഷിതവും സമൂഹത്തിന്റെ പൊതു ഉത്തരവാദിത്തവുമാണെന്ന് ഇതിൽനിന്ന് വ്യക്തമാകുന്നു. മുകളിൽ പരാമർശിച്ചിരിക്കുന്ന വിശദാംശങ്ങളിൽനിന്നും ശാശ്വതവും സമാധാനപൂർണ്ണവും കെട്ടുറപ്പുള്ളതുമായ കുടുംബാന്തരീക്ഷവും ബന്ധങ്ങളും ഉണ്ടാകേണ്ടതിന്റെ ആവശ്യകതയാണ് ഇത്തരം കുറ്റകൃത്യങ്ങളുടെ കണക്കുകൾ നമ്മെ ഓർമ്മിപ്പിക്കുന്നത്.

കുറ്റകൃത്യത്തിനിരയായ കുട്ടികളും പ്രതികളും തമ്മിലുള്ള ബന്ധം




കുട്ടികളുടെ പ്രായം മാനദണ്ഡമാക്കിയുള്ള വിശകലനം



15-18 പ്രായപരിധിയിലുള്ള 167 (45%) കുട്ടികളും, 10-14 പ്രായപരിധിയിലുള്ള 1284 (35%) കുട്ടികളും കഴിഞ്ഞ വർഷം ലൈംഗികാതിക്രമത്തിന് ഇരയായി. കൗമാരക്കാരായ കുട്ടികൾക്കുമേൽ മാതാപിതാക്കളും അധികാരികളും സവിശേഷശ്രദ്ധ നൽകേണ്ടതിന്റെ ആവശ്യകതയാണ് ഈ കണക്കുകൾ സൂചിപ്പിക്കുന്നത്.

പ്രതികളിൽ 94% (3760) പുരുഷന്മാരും 4% (103) പേർ സ്ത്രീകളുമാണ്. (പോലീസിന്റെ റിപ്പോർട്ടിൽനിന്ന് 2% (191) പേരുടെ വിവരങ്ങൾ വ്യക്തമല്ല).

പ്രതികളുടെ ലിംഗാടിസ്ഥാനത്തിലുള്ള വിശകലനം



ചൈൽഡ് വെൽഫെയർ കമ്മിറ്റിയിൽ നിന്ന് ലഭ്യമായ വിവരങ്ങൾ


പോക്സോ നിയമം നടപ്പാക്കുന്നതിൽ സുപ്രധാനമായ പങ്കുവഹിക്കുന്ന മറ്റൊരുവിഭാഗം ചൈൽഡ് വെൽഫെയർ കമ്മിറ്റി(സി.ഡബ്ല്യു.സി.)കളാണ്. പോക്സോ കുറ്റകൃത്യങ്ങൾ പോലീസ്, സി.ഡബ്ല്യു.സി.കൾക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഇവയിൽ ശ്രദ്ധയും സംരക്ഷണവും ആവശ്യമായി വരുന്ന കുട്ടികളെ നിർബന്ധമായും സി.ഡബ്ല്യു.സി. മുമ്പാകെ പോലീസ് ഹാജരാക്കേണ്ടതുമാണ്. കുട്ടിക്ക് സഹായത്തിന് ആവശ്യമായ ഒരു വ്യക്തിയെ (സപ്പോർട്ട് പേഴ്സൺ) ചുമതലപ്പെടുത്തേണ്ടതും സി.ഡബ്ല്യു.സി.യുടെ ഉത്തരവാദിത്വമാണ്. ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികളുടെ വിവിധ ആവശ്യങ്ങൾ നിറവേറ്റുന്നതും അവരുടെ ശ്രദ്ധയ്ക്കായി വ്യക്തിഗത സംരക്ഷണപദ്ധതി (ഇൻഡിവിഡ്യുൽ കെയർ പ്ലാൻ) ആവിഷ്കരിക്കാൻ ബന്ധപ്പെട്ട ബാലസംരക്ഷണ മന്ദിരത്തിന്റെ സൂപ്രണ്ടിന് നിർദ്ദേശം നൽകുന്നതും കുട്ടിയുടെ പുനരധിവാസം നടത്തുന്ന വേളയിൽ ഇത് നടപ്പാക്കുന്ന കാര്യം വിലയിരുത്തുന്നതും സി.ഡബ്ല്യു.സിയിൽ നിക്ഷിപ്തമായ ചുമതലകളാണ്.

കുട്ടികൾക്കെതിരെയുള്ള ലൈംഗിക കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട കേസുകൾസംബന്ധിച്ച വിവരം പോക്സോ നിയമം 19(6) വകുപ്പ്, പോക്സോ ചട്ടം 4(3) അനുശാസിക്കുന്നപ്രകാരം പോലീസ് നിർബന്ധമായും ചൈൽഡ് വെൽഫെയർ കമ്മിറ്റികൾക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. മുകളിൽ സൂചിപ്പിച്ച പ്രകാരം 3616 കേസുകൾ സംബന്ധിച്ച വിവരമാണ് കമ്മീഷന് പോലീസ് ലഭ്യമാക്കിയത്. എന്നാൽ, ചൈൽഡ് വെൽഫെയർ കമ്മിറ്റികളിൽ നിന്ന് കമ്മീഷൻ ശേഖരിച്ച വിവരത്തിൽ 1619 കേസുകളെ സംബന്ധിച്ച വിവരങ്ങൾ മാത്രമാണ് പോലീസ് മുഖാന്തിരം ചൈൽഡ് വെൽഫെയർ കമ്മിറ്റികളിൽ ലഭിച്ചിട്ടുള്ളത്. പോക്സോ ആക്റ്റ് പ്രകാരമുള്ള മുഴുവൻ കേസുകളും ചൈൽഡ് വെൽഫെയർ കമ്മിറ്റികൾക്ക് പോലീസ് റിപ്പോർട്ട് ചെയ്യുന്നില്ല എന്ന് ഇതിൽ നിന്ന് വ്യക്തമാണ്.


14 ജില്ലകളിലായി 14 ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ പ്രവർത്തിച്ചു വരുന്നു. പോക്സോ നിയമപ്രകാരം കുട്ടികൾക്കെതിരെയുള്ള ലൈംഗികാതിക്രമ കേസുകൾ പോലീസ് റിപ്പോർട്ട് ചെയ്താൽ 24 മണിക്കൂറിനുള്ളിൽ കുട്ടിയെ പോലീസ് മുഖാന്തിരം ചൈൽഡ് വെൽഫയർ കമ്മിറ്റി മുമ്പാകെ ഹാജരാക്കണമെന്ന് പരാമർശിച്ചിട്ടുണ്ട്.


എന്നാൽ 1619 കേസുകൾ ചൈൽഡ് വെൽഫയർ കമ്മിറ്റിയിൽ റിപ്പോർട്ട് ചെയ്തതിൽ 294 കേസുകൾ മാത്രമാണ് 24 മണിക്കൂറിനുള്ളിൽ പോലീസ് മുഖാന്തിരം കുട്ടിയെ സി.ഡബ്ല്യൂ.സി. മുമ്പാകെ ഹാജരാക്കിയിട്ടുള്ളത്. ഇത്തരം നടപടികൾ പോലീസിന്റെ ഭാഗത്തെ വീഴ്ചയും നിയമലംഘനവുമാണെന്ന് അനുമാനിക്കാം.

ചൈൽഡ് വെൽഫെയർ കമ്മിറ്റികളും പോലീസും നൽകിയ ആകെ കേസുകളുടെ വിവരം



പോലീസ് മുഖാന്തിരം കുട്ടികളെ 24 മണിക്കൂറിനുള്ളിൽ ചൈൽഡ് വെൽഫയർ കമ്മിറ്റി മുമ്പാകെ ഹാജരാക്കിയതിന്റെ വിശദാംശം





കുട്ടികളുടെ കോടതിയിൽനിന്ന് ലഭ്യമായ വിവരങ്ങൾ

പോക്സോ കേസുകളുടെ വിചാരണവിവരങ്ങൾ പ്രത്യേക കോടതികളുമായി ബന്ധപ്പെട്ട് ശേഖരിക്കുന്നതിന് ഹൈക്കോടതിയുടെ അനുമതി കമ്മീഷന് ലഭിച്ചിട്ടുണ്ട്.

കുട്ടികളുടെ കോടതി/പ്രത്യേക കോടതികളിലെ പോക്സോ കേസുകൾ സംബന്ധിച്ച 2019 വർഷത്തെ സ്ഥിതിവിവര കണക്ക്

കുട്ടികളുടെ കോടതി/ പോക്സോ പ്രത്യേക കോടതി	ആകെ കേസുകളുടെ എണ്ണം	തീർപ്പാക്കിയ കേസുകൾ	തീർപ്പാക്കിയ കേസുകളിൽ				തീർപ്പാക്കാനുള്ള കേസുകളുടെ എണ്ണം
			ശിക്ഷിച്ചവ	വെറുതെ വിട്ടവ	4 & 5 കോളങ്ങളിൽ പറയുന്ന വിധമല്ലാതെ തീർപ്പായവ	*നഷ്ടപരിഹാരം അനുവദിക്കപ്പെട്ട കേസുകളുടെ എണ്ണം	
1	2	3	4	5	6	7	8
തിരുവനന്തപുരം	1260	27	27	0	0	0	1233
കൊല്ലം	676	183	142	22	17	0	493
പത്തനംതിട്ട	344	74	66	1	7	0	270
ആലപ്പുഴ	358	43	37	3	3	0	315
കോട്ടയം	616	74	47	17	10	0	542
തൊടുപുഴ (ഇടുക്കി)	551	33	19	10	4	0	518
എറണാകുളം	593	181	146	19	18	0	412
തൃശ്ശൂർ	863	32	12	1	19	0	831
പാലക്കാട്	585	153	122	20	11	0	432
മഞ്ചേരി (മലപ്പുറം)	962	121	107	11	3	0	841
കോഴിക്കോട്	476	222	174	21	27	9	254
കല്പറ്റ (വയനാട്)	316	110	99	9	2	15	206
തലശ്ശേരി (കണ്ണൂർ)	734	76	48	11	17	0	658
കാസർഗോഡ്	344	77	47	22	8	15	266
ആകെ	**8678**	**1406**	**1093**	**167**	**146**	**39**	**7271**

* 2019-ൽ കുട്ടികൾക്ക് നഷ്ടപരിഹാരം നൽകാൻ കോടതി ഉത്തരവിട്ട കേസുകൾ.

8678 കേസുകളിൽ 7271 കേസുകൾ തീർപ്പാക്കുവാനുള്ള കേസുകളുടെ പട്ടികയിൽ ഉൾപ്പെടുന്നു. തീർപ്പാക്കിയ 1406 കേസുകളിൽ നഷ്ടപരിഹാരം അനുവദിച്ച കേസുകളുടെ എണ്ണം 39 ആണ്. തീർപ്പാക്കിയ കേസുകളിൽ 1093 കേസുകൾ വെറുതെ വിട്ടതായി കാണപ്പെടുന്നു. 167 കേസുകൾ ശിക്ഷിച്ചവയുടെ പട്ടികയിൽപ്പെടുന്നു. മറ്റു വിധേന തീർപ്പാക്കിയ കേസുകളുടെ എണ്ണം 146 ആണെന്ന് മനസ്സിലാക്കുവാൻ സാധിച്ചു. തീർപ്പാക്കുവാനുള്ള കേസുകളുടെ എണ്ണത്തിലുള്ള ഗണ്യമായ വർദ്ധനവ് ഈ വർഷത്തിലും വർദ്ധിച്ചതായി കാണപ്പെടുന്നു.

പോക്സോ നിയമം 2012 - ൽ നിഷ്കർഷിക്കുന്ന പ്രകാരം കുട്ടികളുടെ കോടതികളിൽ സജ്ജമാക്കേണ്ട അടിസ്ഥാന സൗകര്യങ്ങളായ ശുചിമുറി, കുടിവെള്ളത്തിന്റെ ലഭ്യത, ഇരിപ്പിടം എന്നിവ പല ജില്ലകളിലും നടപ്പിലാക്കിയിട്ടില്ല എന്ന് മനസ്സിലാക്കുവാൻ സാധിച്ചു. കൂടാതെ കുട്ടികൾക്ക് നിയമസഹായവും, കൗൺസിലിംഗ് സേവനവും സ്പെഷ്യൽ എഡ്യൂക്കേറ്ററുടെ സേവനവും ഉറപ്പു വരുത്തുന്നതിലേയ്ക്കായുള്ള വിദഗ്ദ്ധരുടെ പട്ടികയും എല്ലാ കോടതിയിലും ലഭ്യമാക്കിയിട്ടില്ല.

പോക്സോ ആക്റ്റ്, 2012-ൽ വിഭാവനം ചെയ്തിരിക്കുന്ന തരത്തിൽ കേസുകൾ തീർപ്പാക്കുന്നതിൽ ഉള്ള കാലതാമസം, വിക്റ്റിം കോംപൻസേഷൻ സ്കീമിനെക്കുറിച്ചുള്ള ബോധവൽക്കരണം, കോടതികളിലെ ബാലസൗഹൃദാന്തരീക്ഷം മെച്ചപ്പെടുത്തൽ എന്നിവ സംബന്ധിച്ച കമ്മീഷന്റെ ആശങ്കകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയുമായി പങ്കുവയ്ക്കുകയും ഇതിനാവശ്യമായ ഘടകങ്ങൾ ചേർത്തുകൊണ്ട് പ്രസ്തുത ചുമതലപ്പെട്ടവരെ ഉൾപ്പെടുത്തി കൂടിയാലോചനായോഗം സംഘടിപ്പിക്കുകയും ചെയ്തു.

പോക്സോ നിയമത്തിന്റെ നടത്തിപ്പിൽ കമ്മീഷൻ നേരിടുന്ന വെല്ലുവിളികൾ

- നിരീക്ഷണ പ്രക്രിയയുടെ ഫലമായി വിവിധ ചുമതലക്കാരിൽ നിന്ന് കമ്മീഷന് ലഭിക്കുന്ന വിവരങ്ങൾ വിശകലനം ചെയ്ത്, കണ്ടെത്തുന്ന പോരായ്മകൾ സർക്കാരിന്റെയും പോലീസ്, കോടതി, ബന്ധപ്പെട്ട മറ്റ് അധികാരികൾ എന്നിവരുടെയും ശ്രദ്ധയിൽപ്പെടുത്തുകയും പോക്സോ നിയമവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനാവശ്യമായ ശുപാർശകൾ നൽകുകയും ചെയ്തുവരുന്നു. എന്നാൽ സമയബന്ധിതമായി പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നില്ലാ എന്നതും ബന്ധപ്പെട്ട വകുപ്പുകളിൽനിന്ന് വേണ്ട സഹകരണം ലഭിക്കുന്നില്ലാ എന്നതുമാണ് കമ്മീഷൻ നേരിടുന്ന പ്രധാന വെല്ലുവിളി.
- പോക്സോ കേസുകളുടെ നടത്തിപ്പിൽ പങ്കാളികളാവുന്ന ചുമതലാവാഹകരിൽ നിന്ന് ലഭിക്കുന്ന വിവരങ്ങൾ ഏകീകൃത സ്വഭാവത്തിലുള്ളതല്ലാ എന്നതിനാലും പ്രൊഫോർമയിൽ ആവശ്യപ്പെട്ടിരിക്കുന്ന എല്ലാ വിവരങ്ങളും ലഭിക്കാതിരിക്കുന്നതിനാലും കമ്മീഷൻ ശേഖരിക്കുന്ന വിവരങ്ങളുടെ ആധികാരികത ഉറപ്പാക്കി തുടർനടപടികൾ സ്വീകരിക്കുന്നതിന് കമ്മീഷന് കഴിയാതെ വരുന്നു.
- പോക്സോ ആക്റ്റ്, 2012-ൽ വിഭാവനം ചെയ്തിരിക്കുന്ന തരത്തിൽ സ്പെഷ്യൽ കോടതികളിൽ കേസുകൾ തീർപ്പാക്കുന്നതിലുള്ള കാലതാമസം വിക്ടിം കോമ്പൻസേഷൻ സ്കീം നടപ്പാക്കുന്നതിൽ നിലനിൽക്കുന്ന അവ്യക്തത, കോടതികളിലെ ബാലസൗഹൃദാന്തരീക്ഷത്തിന്റെയും പോക്സോ കേസുകൾക്കു മാത്രമായി പരിശീലനം സിദ്ധിച്ച സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർമാരുടെയും അഭാവം എന്നിവ ഈ ആക്റ്റിന്റെ ഫലപ്രദമായ നടത്തിപ്പിലെ വെല്ലുവിളികളായി കണ്ടെത്തിയിട്ടുണ്ട്.

പ്രവർത്തനങ്ങൾ

25-05-2018 തീയതിക്ക് കമ്മീഷന്റെ നേതൃത്വത്തിൽ ചേർന്ന കൂടിയാലോചനായോഗത്തിൽ സംസ്ഥാനത്ത് പോക്സോ നിയമ നടത്തിപ്പിന്റെ പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും പരിഹാര നടപടികൾക്കായുള്ള നിർദ്ദേശങ്ങൾ ക്രോഡീകരിക്കുകയുമുണ്ടായി. പ്രായോഗിക രംഗത്ത് നേരിടുന്ന പ്രയാസങ്ങളും സാങ്കേതിക പ്രശ്നങ്ങളും പരിഹരിക്കപ്പെടണമെങ്കിൽ നിരന്തരമായ കൂടിയാലോചനകളും അഭിപ്രായ രൂപീകരണവും അനിവാര്യമാണ്. പ്രത്യേക പോക്സോ കോടതി, പോലീസ്, പ്രോസിക്യൂഷൻ, ചൈൽഡ് വെൽഫെയർ കമ്മിറ്റി, ബാലനീതി ബോർഡ്, ജില്ലാ ശിശുസംരക്ഷണ യൂണിറ്റ്, ചൈൽഡ് ലൈൻ, ജില്ലാ-സംസ്ഥാന നിയമ സേവന അധികാരികൾ എന്നീ ചുമതലപ്പെട്ടവരാണ് പ്രധാനമായും നിയമ നടത്തിപ്പിൽ ദൈനംദിനം പങ്കാളികളാകുന്നത്. നിയമ നടത്തിപ്പിന്റെ ഓരോ ഘട്ടങ്ങളിലും പങ്കാളികളാകുന്ന മേൽപ്പറഞ്ഞവരുടെ ഏകോപനവും പരസ്പര കൂട്ടായ്മയും നിയമത്തിന്റെ ലക്ഷ്യപ്രാപ്തിക്ക് അനിവാര്യമാണ്.

25-05-2018-ൽ സംഘടിപ്പിച്ച കൂടിയാലോചനായോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പൂർത്തീകരിക്കപ്പെട്ട നടപടികൾ

1. കേരളത്തിലെ ആറു പോലീസ് സ്റ്റേഷനുകൾ ബാലസൗഹൃദ പോലീസ് സ്റ്റേഷനുകളായി പുനർ നിർമ്മിച്ചതായി പോലീസ് വകുപ്പിൽനിന്നും അറിയിപ്പ് ലഭിച്ചിരിക്കുന്നു.
2. കേരളത്തിലെ എല്ലാ പോലീസ് സ്റ്റേഷനുകളിലും കുട്ടികളുമായി ബന്ധപ്പെട്ട കേസുകൾ ബാലസൗഹൃദപരമായി കൈകാര്യം ചെയ്യുന്നതിനായി ഒരു പോലീസ് ഉദ്യോഗസ്ഥൻ എന്ന ക്രമത്തിൽ സ്പെഷ്യൽ ജുവനൈൽ പോലീസിനെ നിയമിക്കുകയുണ്ടായി.

8.3 2015-ലെ ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) ആക്റ്റ് (ജെ.ജെ. ആക്റ്റ്)

2015-ലെ ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) ആക്റ്റിലെ 104-ാം വകുപ്പ് പ്രകാരം ഈ കേന്ദ്രനിയമം സംസ്ഥാനത്ത് നടപ്പാക്കുന്നത് നിരീക്ഷിക്കുന്നതിനുള്ള അധികാരം സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷനാണ്. 2016 ജനുവരിയിലാണ് മേൽപ്പറഞ്ഞ നിയമം പ്രാബല്യത്തിൽ വന്നത്. ഈ നിയമത്തിൻ കീഴിൽ ഉണ്ടാക്കുന്ന ചട്ടങ്ങളിൽ നിർദ്ദേശിക്കുന്ന വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് കമ്മീഷൻ ഇതുമായി ബന്ധപ്പെട്ട കർത്തവ്യങ്ങൾ നിർവ്വഹിക്കേണ്ടത്. അപ്രകാരമുള്ള സംസ്ഥാന ചട്ടങ്ങൾ നിലവിൽ വന്നിട്ടില്ല.

കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷനിൽ ജെ.ജെ. സെൽ പ്രവർത്തനം ആരംഭിച്ചത് 2019 ജൂൺ മാസത്തിലാണ് [G.O.(Rt.) No.363/2018/SJD dated 18-06-2018]. ഈ വർഷം:

1. ബാലനീതി ചുമതലക്കാരുടെ സംയോജിത പ്രവർത്തനം ശാക്തീകരിക്കുന്നതിനുള്ള ശിൽപ്പശാലകൾ - 14 ജില്ലകൾ.
2. ശിശുസംരക്ഷണ സ്ഥാപനങ്ങളുടെ സോഷ്യൽ ഓഡിറ്റ്.
3. ബാലസംരക്ഷണ സമിതികളുടെ ശാക്തീകരണ തുടർപ്രവർത്തനം.
4. ബാലനീതി നിയമത്തിന്റെ നിരീക്ഷണച്ചുമതല.

1. സംസ്ഥാനത്തെ ജില്ലാതലത്തിലുള്ള ബാലനീതി നിയമ കർത്തവ്യവാഹകരുടെ സംയോജിത പ്രവർത്തനം ശാക്തീകരിക്കുന്നതിനുള്ള ശിൽപശാല

ബാലനീതി സംബന്ധിച്ച് രാജ്യത്ത് നിലനിൽക്കുന്ന സുപ്രധാനവും സമഗ്രവുമായ 2015-ലെ ബാലനീതി നിയമത്തിൽ ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികളുടെയും, നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുടെയും പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനോടൊപ്പം കുട്ടികളുടെ അവകാശ സംരക്ഷണത്തിനും, പുനരധിവാസത്തിനും ആവശ്യമായ സംവിധാനങ്ങളും നിയമം ഉറപ്പാക്കുന്നു. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾക്കായി ജുവനൈൽ ജസ്റ്റിസ് ബോർഡ് (JJB), ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികൾക്കായി ചൈൽഡ് വെൽഫെയർ കമ്മിറ്റി (CWC), ദത്തെടുക്കലിനുവേണ്ടി CARA (Central Adoption Resource Authority), കുട്ടികളുടെ സുരക്ഷിതത്വത്തിനായി സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റ് (SJPU), ജില്ലാ ശിശുസംരക്ഷണ യൂണിറ്റ് (DCPU) എന്നിവർ പ്രവർത്തിച്ചു വരികയാണ്. ഇതിനോടൊപ്പം സംയോജിത ശിശുസംരക്ഷണ പദ്ധതിയുടെ (ICPS) ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയുള്ള ബാലസംരക്ഷണ സമിതികളും (CPC) ബാലാവകാശസംരക്ഷണ കമ്മീഷന്റെ ഇടപെടൽമൂലം നിലവിൽ വന്നിട്ടുണ്ട്. ഈ ശിൽപ്പശാലയുടെ ഉദ്ദേശ്യലക്ഷ്യം ഓരോ ചുമതലാവാഹകരും, 2016 ജെ.ജെ. മാതൃകാചട്ടപ്രകാരം തങ്ങളിൽ നിക്ഷിപ്തമായിരിക്കുന്ന ചുമതലകളെപ്പറ്റി ബോധവാന്മാരായിരിക്കുവാനും, മറ്റ് ചുമതലക്കാരുമായുള്ള നിയമപരമായ ബന്ധങ്ങളും പ്രസ്തുത ചുമതലക്കാരുമായി യോജിച്ച് നിർബന്ധമായും വഹിക്കേണ്ടുന്ന ചുമതലകളെപ്പറ്റിയും, ശിശുസൗഹാർദ്ദപരമായും നിയമപരമായും നിർവഹിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുക, അതാത് ചുമതലക്കാർക്ക് ജെ.ജെ. ചട്ടപ്രകാരവും നിലവിലുള്ള മറ്റ് നിയമപ്രകാരവും സുഖകരമായ പ്രവർത്തനത്തിനുവേണ്ടി മുന്നോട്ടുവയ്ക്കാനുള്ള നിർദ്ദേശങ്ങൾ കമ്മീഷനുമുമ്പാകെ അവതരിപ്പിക്കുക, അവ സമഗ്രമായ പരിശോധനയ്ക്ക് വിധേയമാക്കി, പരിഹാര നിർദ്ദേശങ്ങൾ നൽകുക എന്നിവയാണ്.

സംസ്ഥാനത്തെ സംബന്ധിച്ച പ്രാദേശിക വിവരങ്ങൾ

ജില്ലാ പഞ്ചായത്ത്	- 14
മുനിസിപ്പാലിറ്റി	- 87
ബ്ലോക്ക് പഞ്ചായത്ത്	- 152
ഗ്രാമ പഞ്ചായത്ത്	- 941

ശിൽപ്പശാലയുടെ ആവശ്യകത

ബാലനീതി നിയമത്തിന്റെ ശരിയായ നടത്തിപ്പ് മറ്റു നിരവധി നിയമങ്ങളും സംവിധാനങ്ങളുമായി ഇടകലർന്നു കിടക്കുന്നു. ഉദാഹരണത്തിന്, ശൈശവവിവാഹ നിരോധന നിയമം, ബാലവേല നിരോധന നിയമം, ലൈംഗിക അതിക്രമങ്ങളിൽനിന്നും കുട്ടികളെ സംരക്ഷിക്കുന്ന നിയമം, സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശനിയമം (ചൈൽഡ് ട്രാഫിക്കിംഗിനെതിരായ ഇന്ത്യൻ ശിക്ഷാനിയമത്തിലെ വ്യവസ്ഥകൾ), ഹിന്ദു അഡോപ്ഷൻ ആന്റ് മെയിന്റനൻസ് ആക്റ്റ് (HAMA)], ദത്തെടുക്കലുമായി ബന്ധപ്പെട്ട നിയമങ്ങൾ [ബാലനീതി നിയമം, ഐ.സി.ഡി.എസ്. സംവിധാനം എന്നിവയും അതിന്റെ നടപടിക്രമങ്ങളുമാണ്. എല്ലാ നിയമങ്ങളുടെയും നടത്തിപ്പിനുള്ള സംവിധാനവും ഘടനയും ജില്ലാതലത്തിലാണ് ചിട്ടപ്പെടുത്തിയിട്ടുള്ളത്. ബാലനീതി നിയമത്തിന്റെ സംയുക്തവും സമഗ്രവുമായ ഘടനയാണ് ശാക്തീകരിക്കേണ്ടതും കാര്യക്ഷമമാക്കേണ്ടതും. കേരളത്തിൽ എല്ലാ ജില്ലകളിലും ജെ.ജെ. ആക്റ്റ് 2015, മാതൃകാ ചട്ടം 2016-ന്റെ ഭാഗമായി ഡിസ്ട്രിക്ട് ജുവനൈൽ ജസ്റ്റിസ് കമ്മിറ്റി, ഡിസ്ട്രിക്ട് ജുവനൈൽ ജസ്റ്റിസ് ബോർഡ്, സി.ഡബ്ല്യു.സി., ഡി.സി.പി.യു., സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റ്, ചൈൽഡ്ലൈൻ കൂടാതെ ഐ.സി.പി.എസ്.-ന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയിലുള്ള ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികൾ എല്ലാം തന്നെ നിലവിൽ വന്നിട്ടുണ്ട്. 2018-2019-ൽ, സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികളുടെ ശാക്തീകരണവുമായി ബന്ധപ്പെട്ട് ബാലാവകാശ സംരക്ഷണ കമ്മീഷൻ നടത്തിയ ശിൽപ്പശാലകൾ എല്ലാ ജില്ലകളിലും നടന്നു. അതിന്റെ തുടർപ്രവർത്തനങ്ങളും എല്ലാ ജില്ലകളിലും നടന്നുവരികയാണ്. 2019 മാർച്ച് മാസത്തിലാണ് സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ജെ.ജെ.ബി, സി.ഡബ്ല്യു.സി എന്നിവ പുതുതായി രൂപീകരിക്കപ്പെട്ടത്. ഈ വർഷം തന്നെയാണ് കേരളത്തിലെ സർക്കാർ നേരിട്ടു നടത്തുന്ന ശിശുസംരക്ഷണ കേന്ദ്രങ്ങൾ ഉൾപ്പടെ 774 ശിശുസംരക്ഷണ കേന്ദ്രങ്ങൾ ജെ.ജെ. ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തു പ്രവർത്തനമാരംഭിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ നിർദ്ദേശ പ്രകാരം ജില്ലാ ജഡ്ജിമാരുടെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും ജില്ലാ ജുവനൈൽ ജസ്റ്റിസ് കമ്മിറ്റികളും രൂപീകരിച്ചു കഴിഞ്ഞു.

ബാലനീതി നിയമപ്രകാരം സംയോജിത ശിശുസംരക്ഷണപദ്ധതിയുടെ (ICPS) മാർഗ രേഖയിൽ സംസ്ഥാന ശിശുസംരക്ഷണ കമ്മിറ്റികളുടെ (State Child Protection Committee) പ്രവർത്തനം കാര്യക്ഷമമാക്കാൻ ജില്ലാതല ശിശുസംരക്ഷണ കമ്മിറ്റി (DCPC), ബ്ലോക്ക്തല ശിശുസംരക്ഷണ കമ്മിറ്റി (BCPC), വില്ലേജ്തല ശിശുസംരക്ഷണ കമ്മിറ്റി (VCPC) എന്നിവ അതാത് പ്രദേശങ്ങളിലെ കുട്ടികളുമായി ബന്ധപ്പെട്ട് പഞ്ചായത്ത്/ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ/വാർഡ്തലങ്ങളിൽ ശിശുസംരക്ഷണ കമ്മിറ്റികൾ രൂപീകരിച്ച് കുട്ടികളുടെ അവകാശങ്ങളുമായി ബന്ധപ്പെട്ട് അതിജീവനം, സംരക്ഷണം, വികസനം, പങ്കാളിത്തം എന്നിവയ്ക്ക് മുൻഗണന നൽകി പ്രവർത്തിക്കേണ്ടതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ 2018-2019 കാലയളവിൽ ബാലാവകാശ സംരക്ഷണ കമ്മീഷൻ ശിശുസംരക്ഷണ സമിതികളുടെ ശാക്തീകരണത്തിനായി 41 ശില്പശാലകൾ കേരളത്തിൽ നടത്തുകയുണ്ടായി. ബാലനീതി നിയമപ്രകാരം കർത്തവ്യവാഹകരുമായുള്ള ബന്ധം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സി.പി.സി.യുടെ ദൗത്യം നിർണ്ണായകമാണ്. ഇത്തരത്തിലുള്ള നിയമസംവിധാനത്തിന്റെ നടത്തിപ്പ് വിലയിരുത്തുന്നതിനും പരിഹാര നിർദ്ദേശങ്ങൾ നൽകുന്നതിനുമാണ് ശില്പശാലകൾ നടത്തിവരുന്നതും ജെ.ജെ. മാതൃകാ ചട്ടം 2016 നിയമത്തിലനുശാസിക്കുന്ന ഓരോ ചുമതലക്കാരുടെയും ബാധ്യതയും പ്രവർത്തനങ്ങളും നിലവിൽ നടത്തി വരുന്ന പ്രവർത്തനങ്ങളുമായി ചേർത്ത് പരിശോധിച്ച് ആവശ്യമുള്ള നടപടികൾ കൂടി സ്വീകരിച്ച് മുൻപോട്ട് പോകുന്നതിനാണ് ശിൽപ്പശാലകൾ ലക്ഷ്യമിടുന്നതും.

<u>ശിൽപ്പശാലയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ</u>

ബാലനീതിനിയമം 2015 ഉൾപ്പെടെ കുട്ടികളുമായി ബന്ധപ്പെട്ട് അതിന് മുൻപും പിൻപും അനുവർത്തിച്ച് വരുന്ന നിയമങ്ങളെല്ലാം പരസ്പരബന്ധിതമായി മനസ്സിലാക്കാനും കുട്ടിയുടെ സുസ്ഥിര വികസനത്തിന് കൂട്ടിയോജിപ്പിക്കാനും അറിവ് വർദ്ധിപ്പിക്കുക.

- ബാലനീതി നിയമം 2015 പ്രകാരം ജില്ലാതലത്തിൽ നിലവിൽ വന്നിട്ടുള്ള (ഉദാ:- CWC, JJB) സംവിധാനങ്ങളുടെ ഉത്തരവാദിത്വങ്ങൾ, അനുബന്ധ സ്റ്റേക്ക്ഹോൾഡേഴ്സുമായി ശിശുസൗഹാർദ്ദപരമായ അന്തരീക്ഷത്തിൽ നിർവ്വഹിക്കുന്നതിനായി ബോധവൽക്കരണം നടത്തുക.
- കേസുമായി ബന്ധപ്പെട്ട് കുട്ടി വീണ്ടും വീണ്ടും ചോദ്യം ചെയ്യപ്പെടുന്ന, പീഡനതുല്യമായ നടപടിക്രമങ്ങൾ ഒഴിവാക്കാൻ ആവശ്യമായ സംയോജിത മാർഗ്ഗം രൂപപ്പെടുത്തുക.
- കുട്ടിയുടെ വളർച്ചയും ഉത്തമതാത്പര്യവും ലക്ഷ്യമാക്കി കുട്ടികളുടെ വിഷയത്തിൽ കൂടുതൽ കാര്യക്ഷമമായി ഇടപെടാനുള്ള ശാസ്ത്രീയ ബോധം സ്വായത്തമാക്കുക.

- നിയമം അനുശാസിക്കുംവിധം പ്രശ്നങ്ങളെ കാലതാമസം കൂടാതെ പ്രായോഗികമായ രീതിയിൽ പരിഹരിക്കുന്ന തരത്തിലുള്ള സമീപനങ്ങൾക്ക് അറിവ് നേടുക.
- കുട്ടികൾക്കുവേണ്ടി സംസ്ഥാനം ഒരുക്കിയിട്ടുള്ള വൈവിധ്യമാർന്ന സേവന/ക്ഷേമ പ്രോജക്ടുകൾ തടസ്സങ്ങൾ നീക്കി, അവകാശികൾക്ക് എത്തിക്കാനുള്ള പ്രായോഗിക പരിജ്ഞാനം രൂപപ്പെടുത്തുക.
- കുട്ടികളുമായി ബന്ധപ്പെട്ട പ്രശ്നപരിഹാരത്തിന്, പ്രശ്നം മനസ്സിലാക്കി അടിയന്തര പ്രാധാന്യത്തോടെ ആരെ സമീപിക്കണമെന്നും, ഏത് രീതിയിൽ കൈകാര്യം ചെയ്യണമെന്നുമുള്ള അവബോധം ഉണ്ടാക്കുക.
- ഓരോ കുട്ടിയും ഓരോ വ്യക്തിയാണെന്ന് ബോധ്യപ്പെട്ട്, ഓരോ കേസും പഴയതിന്റെ പകർപ്പ് ആകാതിരിക്കാൻ സാഹചര്യം ആവശ്യപ്പെടുന്ന രീതിയിൽതന്നെ ഇടപെടൽ സാധ്യമാക്കിക്കൊണ്ട് കഴിയുന്നത്ര നീതി ഉറപ്പാക്കുന്നതിനുള്ള പ്രായോഗിക നിർദ്ദേശങ്ങൾ നൽകുക.
- ബാലനീതി നിയമം സംബന്ധിച്ചിടത്തോളം കാതലായ തത്വം ഒരു കുട്ടിക്ക് സ്ഥാപനവാസം അവസാനത്തെ പരിഹാരമാണ്. ആയതിനാൽ കർത്തവ്യവാഹകരുടെ അവ്യക്തത നീക്കിക്കൊണ്ട് കുട്ടിയുടെ ഉത്തമതാല്പര്യം ചിട്ടപ്പെടുത്തുന്നതിന് കർത്തവ്യവാഹകരെ തയ്യാറാക്കുക.

കേരളത്തിലെ ശിശുസംരക്ഷണ സ്ഥാപനങ്ങളിൽനിന്നും ശേഖരിച്ച വിവരങ്ങൾ

ബാലനീതി നിയമപ്രകാരം കേരളത്തിലെ 14 ജില്ലകളിലായി 774 ശിശുസംരക്ഷണ സ്ഥാപനങ്ങൾ (CCI), Observation Home, Special need Home, Foundling Home, സ്പെഷ്യൽ അഡോപ്ഷൻ ഏജൻസി) തുടങ്ങിയവ പ്രവർത്തിക്കുന്നു. മേൽപ്പറഞ്ഞ സ്ഥാപനങ്ങളല്ലാതെ സുപ്രീം കോടതിയുടെ ഇടക്കാല ഉത്തരവുപ്രകാരം കേരളത്തിൽ പ്രവർത്തിക്കുന്ന സമസ്തയുടെ കീഴിലുള്ള 126 സ്ഥാപനങ്ങളുടെ വിവരങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ല.

നിലവിൽ കേരളത്തിലെ ശിശുസംരക്ഷണ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനാവശ്യമായ രജിസ്ട്രേഷൻ നൽകിയത് ICPS-ൽ നിന്നാണ്. കേരളത്തിലെ ശിശുസംരക്ഷണ സ്ഥാപനങ്ങളിൽനിന്ന് ബാലാവകാശ സംരക്ഷണ കമ്മീഷൻ ജെ.ജെ. സെൽ നേരിട്ടു ശേഖരിച്ച വിവരങ്ങൾ പ്രകാരം 34,375 കുട്ടികളെ ശ്രദ്ധയും സംരക്ഷണവും ആവശ്യമായി വന്നാൽ താമസിപ്പിക്കുന്നതിനുള്ള സൗകര്യം നിലവിലുണ്ട്. ഇതിൽ വിവിധ ശിശുസംരക്ഷണ സ്ഥാപനങ്ങളിലായി 15,590 പെൺകുട്ടികളെയും, 17,938 ആൺകുട്ടികളെയും, 847 ആൺകുട്ടികളെയും പെൺകുട്ടികളെയും ജെ.ജെ.


പ്രകാരം ഒറ്റ രജിസ്ട്രേഷൻ ചെയ്ത ശിശുസംരക്ഷണ സ്ഥാപനങ്ങളിലും താമസിപ്പിക്കുന്നതിനുള്ള സൗകര്യമുണ്ട്.

ജില്ലാടിസ്ഥാനത്തിൽ ശിശുസംരക്ഷണ സ്ഥാപനങ്ങളിൽനിന്നും ശേഖരിച്ച വിവരങ്ങൾ

നം.	ജില്ല	സ്ഥാപനങ്ങളുടെ എണ്ണം	ആൺ	പെൺ	ആൺ, പെൺ
1	തിരുവനന്തപുരം	92	1615	1658	0
2.	കൊല്ലം	52	1095	790	0
3.	പത്തനംതിട്ട	44	650	725	0
4.	ആലപ്പുഴ	32	602	830	0
5.	കോട്ടയം	52	1103	996	0
6.	ഇടുക്കി	56	786	1155	0
7.	എറണാകുളം	95	2026	1580	0
8.	തൃശ്ശൂർ	80	1772	1390	847
9.	പാലക്കാട്	57	1232	1145	0
10.	മലപ്പുറം	88	3596	2133	0
11.	കോഴിക്കോട്	46	1665	990	0
12.	വയനാട്	28	600	1048	0
13.	കണ്ണൂർ	32	415	760	0
14.	കാസർഗോഡ്	20	781	390	0


കേരളത്തിലെ 14 ജില്ലകളിലെ ശിശുസംരക്ഷണ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമായ വിവരങ്ങൾ പ്രകാരം ശ്രദ്ധയും സംരക്ഷണവും ആവശ്യമായ 21,979 കുട്ടികളിൽ 11,323 പെൺകുട്ടികളും 10,656 ആൺകുട്ടികളും വിവിധ ശിശുസംരക്ഷണ സ്ഥാപനങ്ങളിൽ താമസിക്കുന്നു. ജില്ലാടിസ്ഥാനത്തിലുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

കേരളത്തിലെ ശിശുസംരക്ഷണ സ്ഥാപനങ്ങളിൽ നിലവിൽ താമസിക്കുന്ന കുട്ടികളുടെ എണ്ണം



ഇത്തരത്തിൽ ശ്രദ്ധയും സംരക്ഷണവും ആവശ്യമായ 21,979 കുട്ടികളിൽ 7,930 കുട്ടികൾ ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ ഉത്തരവ് ഇല്ലാതെ ശിശുസംരക്ഷണ സ്ഥാപനങ്ങളിൽ താമസിക്കുന്നതായി മനസ്സിലാക്കുന്നു. ബാലനീതി നിയമം 2015 പ്രകാരം സി.ഡബ്ല്യു.സി ഉത്തരവ് ഇല്ലാതെ ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികളെ ഒരു സ്ഥാപനത്തിലും താമസിപ്പിക്കുവാൻ പാടില്ലെന്ന് നിയമം അനുശാസിക്കുന്നു. ഇത്തരത്തിൽ താമസിക്കുന്ന കുട്ടികൾക്ക് ശ്രദ്ധയും സംരക്ഷണവും എന്ന പരിഗണന ലഭിക്കേണ്ടതുണ്ടോ എന്ന് പരിശോധിക്കുകയും അടിയന്തിരമായി ഇക്കാര്യം പരിശോധിച്ച് ആവശ്യമായ നടപടി ചൈൽഡ് വെൽഫെയർ കമ്മിറ്റി കൈക്കൊള്ളേണ്ടതാണ്. ജില്ലാതല ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ ഉത്തരവ് ഇല്ലാതെ ശിശുസംരക്ഷണ സ്ഥാപനങ്ങളിൽ താമസിക്കുന്ന കുട്ടികളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.


ചൈൽഡ് വെൽഫെയർ കമ്മിറ്റികളുടെ ഉത്തരവില്ലാതെ ശിശുസംരക്ഷണ സ്ഥാപനങ്ങളിൽ താമസിക്കുന്ന കുട്ടികളുടെ എണ്ണം ജില്ലാടിസ്ഥാനത്തിൽ



ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികളുടെ ഉത്തരവുകൾ നൽകുമ്പോൾ ജില്ലാതലത്തിൽ ബാലനീതി നിയമപ്രകാരം രജിസ്റ്റർ ചെയ്യാത്ത സ്ഥാപനങ്ങളിലേക്ക് അയക്കുന്നതായി മനസ്സിലാക്കുന്നു. അതിനാൽ ജില്ല ശിശുസംരക്ഷണ യൂണിറ്റിൽ നിന്ന് ബാലനീതി നിയമപ്രകാരം രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളുടെ പട്ടിക ശേഖരിച്ച് അതിൻപ്രകാരം കുട്ടികളെ അയക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.


ശിശുസംരക്ഷണ സ്ഥാപനങ്ങളിൽ താമസിക്കുന്ന കുട്ടികളുടെ എണ്ണം മതത്തിന്റെ അടിസ്ഥാനത്തിൽ

സംസ്ഥാനത്തെ 774 ശിശുസംരക്ഷണ സ്ഥാപനങ്ങളിലായി താമസിക്കുന്ന 21,979 കുട്ടികളുടെ മതാടിസ്ഥാനത്തിലുള്ള വിവരങ്ങൾ ലഭ്യമായത് പ്രകാരം ചുവടെ ചേർക്കുന്നു.




ശിശുസംരക്ഷണ സ്ഥാപനങ്ങളിൽ താമസിക്കുന്ന കുട്ടികളുടെ എണ്ണം ജാതി അടിസ്ഥാനത്തിൽ

സംസ്ഥാനത്തെ 774 ശിശുസംരക്ഷണ സ്ഥാപനങ്ങളിലായി താമസിക്കുന്ന 21,979 കുട്ടികളുടെ ജാതി അടിസ്ഥാനത്തിലുള്ള വിവരങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.



ശിശുസംരക്ഷണ സ്ഥാപനങ്ങളിൽ താമസിക്കുന്ന കുട്ടികളുടെ എണ്ണം പ്രായം അടിസ്ഥാനത്തിൽ

സംസ്ഥാനത്തെ 774 ശിശുസംരക്ഷണ സ്ഥാപനങ്ങളിലായി താമസിക്കുന്ന 21,979 കുട്ടികളുടെ വയസ്സ് അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ലഭ്യമായ വിവരങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.



മേൽപ്പറഞ്ഞ പട്ടികയിൽ 11-15 വയസ്സു വരെ പ്രായമുള്ള 11,378 (52%) കുട്ടികളും 16-18 വരെ പ്രായമുള്ള 4864 (22%) കുട്ടികളും 18 വയസ്സിന് മുകളിലുള്ള 776 (4%) കുട്ടികളുടെയും പുനരധിവാസ പ്രക്രിയ നടപ്പിലാക്കേണ്ടതുണ്ട്. നിലവിൽ ഈ കുട്ടികളുടെയും വ്യക്തിഗത ശ്രദ്ധാപദ്ധതി നടപ്പിൽ വരുത്തുകയോ സ്വയംപര്യാപ്തതക്ക് ആവശ്യമായ നടപടികൾ സ്ഥാപനങ്ങളോ, ചൈൽഡ് വെൽഫെയർ കമ്മിറ്റികളോ സ്വീകരിച്ചതായി കാണുന്നില്ല. ഇത് വീണ്ടും കുട്ടികളെ സ്ഥാപനവാസത്തിൽനിന്ന് മോചിതരാകുമ്പോൾ കുട്ടികൾ നിയമവുമായി പൊരുത്തപ്പെടാത്ത സാഹചര്യങ്ങളിലേക്ക് എത്തിപ്പെട്ടേക്കാവുന്ന സാഹചര്യത്തിൽ കൊണ്ടെത്തിച്ചേക്കാം. കൂടാതെ യാതൊരു പുനരധിവാസവും പുനരേകീകരണവും സംഭവിക്കാതെ സമൂഹത്തിലേയ്ക്ക് കുട്ടിയെ തള്ളിവിടുന്നു. ആയതിനാൽ സ്ഥാപനങ്ങളും ചൈൽഡ് വെൽഫെയർ കമ്മിറ്റികളും ഇത്തരത്തിലുള്ള കുട്ടികളുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് കൃത്യമായ മോണിറ്ററിംഗ് നടത്തി സ്വയംപര്യാപ്തരാകുന്നു എന്ന് ഉറപ്പാക്കേണ്ടതാണ്.

ജില്ലാതല ശില്പശാലയിൽ പങ്കെടുത്ത ചുമതലക്കാരുടെ വിശദവിവരങ്ങൾ

ബാലാവകാശസംരക്ഷണ കമ്മീഷന്റെ 16-07-2019-ലെ 43-ാമത് കമ്മീഷൻ യോഗത്തിൽ ജില്ലാതല ബാലനീതി സംവിധാനത്തെ ശാക്തീകരിക്കുന്നതിനുള്ള 14

ശിൽപ്പശാലകൾ ഓരോ ജില്ലയിലും നടത്തുവാൻ തീരുമാനിക്കുകയും ബാലനീതി നിയമം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ചുമതലക്കാരുടെ ശിൽപ്പശാലയ്ക്ക് മുന്നോടിയായി ചൈൽഡ് വെൽഫെയർ കമ്മിറ്റി, സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റ്, ജുവനൈൽ ജസ്റ്റിസ് ബോർഡ്, ജില്ല ശിശുസംരക്ഷണ യൂണിറ്റ്, ശിശുസംരക്ഷണ സ്ഥാപനങ്ങൾ എന്നിവരിൽ നിന്ന് വിവരശേഖരണം നടത്തുവാനും നടപടി സ്വീകരിച്ചിരുന്നു. ഇതിന്റെ ഭാഗമായി ബാലാവകാശസംരക്ഷണ കമ്മീഷന്റെ 21-08-2019-ലെ 45-ാമത് കമ്മീഷൻ യോഗത്തിൽ ജില്ലാതല ബാലനീതി സംവിധാനം ശാക്തീകരിക്കുന്നതിനുള്ള ശിൽപ്പശാലകളുടെ കൺസപ്റ്റ് നോട്ട് അംഗീകരിച്ച് എല്ലാ ചുമതലപ്പെട്ടവർക്കും അയച്ചു നൽകിയിരുന്നു. ബാലാവകാശസംരക്ഷണ കമ്മീഷൻ 2018-19-ൽ നടത്തിയ ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികളുടെ 41 ശില്പശാലകളുടെ തുടർപ്രവർത്തനം എന്ന വണ്ണം ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റി/പ്രതിനിധികളെ ഈ ശിൽപ്പശാലയിൽ പങ്കെടുപ്പിക്കുകയും അവയുടെ പുരോഗതി സംബന്ധിച്ച് അവലോകനം നടത്തുകയും ചെയ്തു. ചുമതലക്കാരായ ചൈൽഡ് വെൽഫെയർ കമ്മിറ്റി, സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റ്, ജുവനൈൽ ജസ്റ്റിസ് ബോർഡ്, ജില്ല ശിശുസംരക്ഷണ യൂണിറ്റ്, ചൈൽഡ് ലൈൻ, കാവൽ, ശിശുസംരക്ഷണ സ്ഥാപനങ്ങൾ, മറ്റ് ചുമതലക്കാർ എന്നിവരെ അതാത് ജില്ലകളിൽ ശിൽപ്പശാലയിൽ പങ്കെടുപ്പിച്ച് അവർ പ്രവർത്തനവിധേയമാകുമ്പോൾ നേരിടുന്ന വെല്ലുവിളികളും പ്രവർത്തനത്തിനാവശ്യമായ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും സമന്വയിപ്പിക്കുകയും ആയതിന് പരിഹാരം നൽകാൻ കഴിയുന്നിടത്തോളം ജില്ലകളിൽ പരിഹാരം നിർദ്ദേശിക്കുകയും മറ്റുള്ളവ ക്രോഡീകരിച്ച് ചുമതലക്കാർ കൈക്കൊള്ളേണ്ട നടപടി പ്രസ്തുത തലത്തിൽ കൈക്കൊള്ളാൻ നിർദ്ദേശിക്കുകയും ചെയ്തു. സംസ്ഥാന സർക്കാർതലത്തിൽ കൈക്കൊള്ളേണ്ട നടപടികൾക്കായി ശിപാർശകൾ നൽകുവാൻ നടപടി സ്വീകരിച്ചു വരികയും ചെയ്തു.

നം	ജില്ല	തീയതി	സ്ഥലം	വിശിഷ്ടാതിഥി	ശില്പശാലയിൽ പങ്കെടുത്ത ചുമതലക്കാരുടെ എണ്ണം										
					KeSCPCR	DCPU	CWC	JJB	CDPO/ICDS/ Counsellors	SJPU	CCI	CHILD LINE	Others	NGO's/ KAVAL	Total
1	തിരുവനന്തപുരം	16/01/2020	ജില്ലാ പഞ്ചായത്ത് ആഡിറ്റോറിയം	1. ജില്ലാ ജഡ്ജ് ശ്രീ. കെ.സാബു 2. ജില്ലാ ലീഗൽ സർവ്വീസ് അതോറിറ്റി സെക്രട്ടറി ശ്രീമതി. 2. അഡീഷണൽ ഡിസ്ട്രിക്ട് ജഡ്ജ്	9	13	4	1	18	17	66	3	16	4	151
2	കൊല്ലം	04/09/2019	സി. ഫോർ.യു പാർട്ടി ഹാൾ, എസ്.എൻ. കോളേജ്	ജില്ലാ പ്രിൻസിപ്പൽ സെഷൻസ് ജഡ്ജ് ശ്രീ. എസ്.എച്ച്. പഞ്ചാപകേശൻ	8	6	4	3	24	59	42	6	15	3	170

നം	ജില്ല	തീയതി	സ്ഥലം	വിശിഷ്ടാതിഥി	ശില്പശാലയിൽ പങ്കെടുത്ത ചുമതലക്കാരുടെ എണ്ണം										
					KeSCPCR	DCPU	CWC	JJB	CDPO/ICDS/ Counsellors	SJPU	CCI	CHILD LINE	Others	NGO's/ KAVAL	Total
3	പത്തനംതിട്ട	28/11/2019	ഹോട്ടൽ ഹിൽസ് പാർക്ക്, കുമ്പഴ	ജില്ലാ ജഡ്ജ് ബഹു. ജോൺ. കെ	2	11	5	1	46	0	30	1	14	0	110
4.	ആലപ്പുഴ	28/01/2020	ജില്ലാ പ്ലാനിംഗ് ബോർഡ് ഹാൾ	ജില്ലാ സെഷൻസ് ജഡ്ജ് ശ്രീ.എ. ബദറുദ്ദീൻ	4	10	5	2	40	51	28	3	0	0	143
5	കോട്ടയം	30/11/2019	ഐ.എം.എ ഹാൾ കോട്ടയം	1. അഡീഷണൽ ഡിസ്ട്രിക്ട് ആന്റ് സെഷൻസ് ജഡ്ജ് ശ്രീ. ഗോപകുമാർ 2. കോട്ടയം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. സെബാസ്റ്റ്യൻ കൊളത്തുങ്കൽ	5	8	4	2	9	18	36	7	8	0	97
6	ഇടുക്കി	26/11/2020	കളക്ടറേറ്റ് കോൺഫറൻസ് ഹാൾ	ജില്ലാ ലീഗൽ സർവ്വീസ് അതോറിറ്റി സെക്രട്ടറി ശ്രീ. ദിനേശ് എം. പിള്ള	3	9	3	2	11	0	42	2	7	4	83
7	എറണാകുളം	138/01/2020	ഗവ. ലോ കോളേജ് അസംബ്ലി ഹാൾ	1. ബഹു. ഹൈകോടതി ജഡ്ജ് ജസ്റ്റീസ് ഹാജി.പി. ചാലി 2. പോക്സോ സെഷൻസ് ജഡ്ജ് ശ്രീ.പി.ജെ. വിൻസെന്റ്	3	6	3	0	24	52	69	3	35	3	198
8	തൃശ്ശൂർ	17/01/2020	ഹോട്ടൽ എലൈറ്റ് ഇന്റർനേഷണൽ തേക്കിൻ കാട് മൈതാനം	അഡീഷണൽ ഡിസ്ട്രിക്ട് ജഡ്ജ് ശ്രീ. കെ. ആർ. മധുകുമാർ	4	13	5	1	32	45	73	3	14	0	190
9	പാലക്കാട്	20/12/2019	ഹാട്ടൽ നളന്ദ ഇൻ	1. സബ്ജഡ്ജ് ശ്രീ. തുഷാൻ.. എം. 2. അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റ് ശ്രീ. വിജയൻ ടി	5	9	1	1	29	9	32	1	5	1	93

നം	ജില്ല	തീയതി	സ്ഥലം	വിശിഷ്ടാതിഥി	ശില്പശാലയിൽ പങ്കെടുത്ത ചുമതലക്കാരുടെ എണ്ണം										
					KeSCPCR	DCPU	CWC	JJB	CDPO/ICDS/ Counsellors	SJPU	CCI	CHILD LINE	Others	NGO's/ KAVAL	Total
10	മലപ്പുറം	31/01/2020	ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാൾ	1. പ്രിൻസിപ്പൽ ജില്ലാ ജഡ്ജ് ശ്രീ. കെ.പി. ജോൺ 2. വഖഫ് ബോർഡ് ചെയർമാൻ അഡ്വകേറ്റ് 3. ടി.കെ. ഹംസ	5	13	4	0	28	34	16	6	11	3	120
11	കോഴിക്കോട്	16/12/2019	ജില്ലാ പ്ലാനിംഗ് ബോർഡ് കോൺഫറൻസ് ഹാൾ	ജില്ലാ ലീഗൽ സർവ്വീസ് അതോറിറ്റി സെക്രട്ടറി ശ്രീ. എ.വി. ഉണ്ണികൃഷ്ണൻ	3	11	5	3	54	6	28	2	0	0	112
12	വയനാട്	19/12/2019	മിൽക്ക് സൊസൈറ്റി ഹാൾ, മാനന്തവാടി	സ്പെഷ്യൽ ജഡ്ജ് ശ്രീ. സെയ്താലി. പി	3	12	5	2	20	22	23	1	9	2	99
13	കാസർഗോഡ്	22/11/2019	ഹോട്ടൽ ക്യാപിറ്റോൾ ഇൻ	1. ശ്രീ. ഡി. അജിത്കുമാർ പ്രിൻസിപ്പൽ സെഷൻസ് ജഡ്ജ് 2. ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് ബഹു. മുജീബ് റഹ്മാൻ	5	8	5	1	14	23	18	0	12	4	90

കമ്മീഷന്റെ കണ്ടെത്തലുകളും അതിന്മേൽ സ്വീകരിക്കേണ്ട നിർദ്ദേശങ്ങളും

1. സംസ്ഥാനത്ത് ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികളെ താമസിപ്പിക്കുന്നതിന് ശിശുസംരക്ഷണ സ്ഥാപനങ്ങളുണ്ട്. 2019 ഒക്ടോബർ വരെ ലഭിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ നിലവിൽ സംസ്ഥാനത്തൊട്ടാകെ 21,979 കുട്ടികളിൽ 7930 കുട്ടികൾ (page no.47-ൽ വിശദാംശങ്ങൾ ലഭ്യമാണ്) ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ ഉത്തരവില്ലാതെ താമസിക്കുന്നു. ഉത്തരവില്ലാതെ താമസിക്കുന്ന കുട്ടികളിൽ സ്ഥാപനവാസം ആവശ്യമാണോയെന്ന് തീരുമാനിക്കുന്നതിന് സി.ഡബ്ല്യു.സി. ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്. ആയതിന് വനിത-ശിശുവികസന വകുപ്പ് കൃത്യമായ നിർദ്ദേശം നൽകാവുന്നതാണ്.
2. സ്ഥാപനവാസികളായ കുട്ടികളുടെ പുനരധിവാസം/പുനരേകീകരണം എന്നിവ സാധ്യമാക്കുന്നതിന് സോഷ്യൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് (SIR) നിർണ്ണായക ഘടകമാണ്. SIR പൂർത്തികരിക്കാത്ത കുട്ടികളുടെ വിവരങ്ങൾ അതാത് ജില്ലയിലെ സി.ഡബ്ല്യു.സി., അടിയന്തിരമായി ഇടപെട്ട് നടപടി കൈക്കൊള്ളണമെന്ന്

ശുപാർശ ചെയ്യുന്നു. ജെ.ജെ. ആക്ട് വകുപ്പ്-32 പ്രകാരം 15 ദിവസത്തിനുള്ളിൽ സോഷ്യൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് തയ്യാറാക്കി സി.ഡബ്ല്യു.സി.യ്ക്ക് കൈമാറേണ്ടതാണ്. സമയബന്ധിതമായി സോഷ്യൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് സമർപ്പിക്കാത്തതിനാൽ സെക്ഷൻ 36(2) പ്രകാരം കുട്ടിയെ ഹാജരാക്കി നാലുമാസത്തിനുള്ളിൽ അന്തിമ റിപ്പോർട്ടുകൾ പാസ്സാക്കാൻ ചൈൽഡ് വെൽഫെയർ കമ്മിറ്റിക്ക് സാധിക്കുന്നില്ല. വനിത-ശിശുവികസന വകുപ്പ് നിർദ്ദേശം നൽകാവുന്നതാണ്.

3. സോഷ്യൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് (SIR) തയ്യാറാക്കുന്നതിനുവേണ്ടി നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥർക്ക് കൃത്യമായ ഇടവേളകളിൽ ആവശ്യമായ പരിശീലനം നൽകുന്നതിന് അതാത് ജില്ലയിലെ ഡി.സി.പി.യു. നടപടി കൈക്കൊള്ളേണ്ടതാണ്.

4. 2015-ലെ ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) നിയമം മാതൃകാചട്ടം 19(4) പ്രകാരം കുട്ടികളുടെ വ്യക്തിഗതശ്രദ്ധാ പദ്ധതി (ICP) സമർപ്പിക്കുന്നില്ല. ആയത് തയ്യാറാക്കുന്നതിൽ ശിശുസംരക്ഷണ സ്ഥാപനങ്ങൾക്ക് വേണ്ടത്ര അവബോധമില്ല എന്ന് മനസ്സിലാക്കുന്നു. അതിനുള്ള പരിശീലനം ജില്ല ശിശുസംരക്ഷണ ഓഫീസർ മുൻകൈയ്യെടുത്ത് കൃത്യമായ ഇടവേളകളിൽ നൽകുന്നതിന് നിർദ്ദേശിക്കുന്നു.

5. വ്യക്തിഗതശ്രദ്ധാ പദ്ധതി (ICP) കൃത്യമായ ഉടവേളകളിൽ സി.ഡബ്ല്യു.സി. നിരീക്ഷിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കുട്ടികളുടെ ഉത്തമതാത്പര്യം സംരക്ഷിക്കുന്നതിനും പുനരേകീകരണത്തിനും പുനരധിവാസത്തിനും കുട്ടികളുടെ വ്യക്തിഗതശ്രദ്ധാ പദ്ധതി സി.ഡബ്ല്യു.സി. വിലയിരുത്തേണ്ടതാണ്.

6. പോറ്റിവളർത്തൽ പദ്ധതി (Foster care/sponsorship)യ്ക്കായി നൽകുന്ന സാമ്പത്തിക സഹായം കൃത്യമായി ലഭിക്കുന്നില്ല എന്ന് കമ്മീഷന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്ഥാപനവാസം അവസാന അത്താണിയായി നിഷ്കർഷിച്ചിട്ടുള്ള നിയമത്തിൽ Foster care/sponsorship എന്നിവയാണ് കുട്ടിയെ കുടുംബവുമായി ബന്ധപ്പെടുത്തി നിലനിർത്തുന്നതിനുള്ള ഏകമാർഗ്ഗം. ആയതിനാൽ ഇത്തരത്തിൽ ഉൾപ്പെടുന്ന കുട്ടികൾക്ക് കൃത്യമായ ഇടവേളകളിൽ സാമ്പത്തിക സഹായം നൽകുന്നതിന് വനിത-ശിശുവികസന വകുപ്പ് നടപടി കൈക്കൊള്ളേണ്ടതാണ്.

7. 2015-ലെ ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) നിയമം മാതൃകാചട്ടം 37(4) പ്രകാരം ശിശുസംരക്ഷണ സ്ഥാപനങ്ങളിൽ തൊഴിൽ പരിശീലനത്തിൽ പങ്കെടുത്ത കുട്ടികളുടെ വിവരങ്ങൾ ചൈൽഡ് വെൽഫെയർ കമ്മിറ്റികൾക്ക് കൈമാറാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിന് കൃത്യമായ നിർദ്ദേശം വനിത-ശിശുവികസന വകുപ്പ് നൽകേണ്ടതുണ്ട്.

8. സ്ഥാപനവാസത്തിൽനിന്ന് വിടുതൽ ചെയ്യുന്ന കുട്ടികളെ കൃത്യമായ ഇടവേളകളിൽ അവരുടെ സംരക്ഷണം വികസനം ഉത്തമതാത്പര്യം എന്നിവ സംരക്ഷിക്കപ്പെടുന്നുണ്ടോ എന്നത് കൃത്യമായി സി.ഡബ്ല്യു.സി. വിലയിരുത്തുന്നതിനാവശ്യമായ നടപടി സി.ഡബ്ല്യു.സി. കൈക്കൊള്ളേണ്ടതാണ്. അത്തരം കാര്യങ്ങൾക്കായി ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്.

9. ശിശുസംരക്ഷണ സ്ഥാപനങ്ങളിൽനിന്ന് കുട്ടികളെ വിടുതൽ ചെയ്യുമ്പോൾ നിലവിൽ കുട്ടികൾ നിൽക്കുന്ന ശിശുസംരക്ഷണ സ്ഥാപനങ്ങളിലേക്കാണ് ഉത്തരവ് നൽകുന്നത്. ആയതുകാരണം ജില്ല ശിശുസംരക്ഷണ യൂണിറ്റ് കുട്ടികളെ വിടുതൽ ചെയ്യുന്ന വിവരം അറിയാൻ സാധിക്കാതെ പോകുകയും ഇത്തരത്തിലുള്ള കുട്ടികളുടെ പുനരധിവാസം വിലയിരുത്താൻ കഴിയാതെയും പോകുന്നു. ആയതിനാൽ സി.ഡബ്ല്യു.സി. കുട്ടികളുടെ ശിശുസംരക്ഷണ സ്ഥാപനങ്ങളിൽനിന്ന് വിടുതൽ ചെയ്യുമ്പോൾ ആയത് ഡി.സി.പി.യു.നെ അറിയിച്ചാൽ മാത്രമേ കൃത്യമായ തുടർനടപടികൾ നടത്താൻ സാധിക്കൂ എന്നും കമ്മീഷൻ വിലയിരുത്തുന്നു. അതിനുവേണ്ട മാർഗ്ഗനിർദ്ദേശം വനിത-ശിശുവികസന വകുപ്പ് നൽകേണ്ടതുണ്ട്.

10. ജെ.ജെ. നിയമ പ്രകാരം രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം നൽകാത്തത് എല്ലാ കർത്തവ്യവാഹകരുടെ യോഗങ്ങളിലും ചർച്ച ചെയ്യപ്പെട്ടു. നിയമമനുസരിച്ച് രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾക്കുള്ള സാമ്പത്തിക സഹായം മുടങ്ങാതെ നൽകുവാൻ വനിത-ശിശുവികസന വകുപ്പ് അടിയന്തര നടപടി സ്വീകരിക്കേണ്ടതുണ്ട്.

11. ശിശുസംരക്ഷണ സ്ഥാപനങ്ങളിലേക്ക് കുട്ടികളെ സി.ഡബ്ല്യു.സി. അയയ്ക്കുമ്പോൾ പ്രാഥമിക വിവരങ്ങളുടെ രേഖകൾ ഇല്ലാതെയാണ് അയക്കുന്നത്. അതിനാൽ കുട്ടികളുടെ പരിപാലനവും ശ്രദ്ധയും, ICP തുടങ്ങിയവ ക്രമീകരിക്കുന്നതിനും കാലതാമസം സൃഷ്ടിക്കുന്നു. കൂടാതെ സ്ഥാപനങ്ങളിൽ കുട്ടികളെത്തുമ്പോൾ സൂക്ഷിക്കുന്ന രജിസ്റ്ററുകളിൽ രേഖകളൊന്നും രേഖപ്പെടുത്താതെയാണ് സ്ഥാപനത്തിൽ കഴിയുന്നത്. ഇത് ഗുരുതരമായ വീഴ്ചയാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ സി.ഡബ്ല്യു.സി. കുട്ടികളെ ശിശുസംരക്ഷണ സ്ഥാപനങ്ങളിലേയ്ക്ക് അയയ്ക്കുമ്പോൾ പ്രാഥമിക വിവരങ്ങളെങ്കിലും ഉത്തരവിൽ നൽകേണ്ടതും ആയത് ശിശുസംരക്ഷണ സ്ഥാപനങ്ങൾ രജിസ്റ്ററിൽ സൂക്ഷിക്കേണ്ടതമാണ്.

12. ശിശുസംരക്ഷണ സ്ഥാപനങ്ങളിൽ കുട്ടികൾക്കായി ലഭിക്കേണ്ട റേഷൻ വിഭവങ്ങൾ ജെ.ജെ. നിയമപ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട സ്ഥാപനങ്ങൾക്ക് നൽകുവാൻ വനിതാ ശിശുവികസന വകുപ്പും സിവിൽ സപ്ലൈസ് വകുപ്പും ഏകോപനമായി തീരുമാനം കൈക്കൊള്ളേണ്ടതാണ്.

13. 2015-ലെ ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) നിയമം മാതൃകാ ചട്ടം 16(10), (12) പ്രകാരം സി.ഡബ്ല്യു.സി. പ്രവർത്തിക്കുന്ന കെട്ടിടങ്ങളിലെ സിറ്റിംഗ് ഹാളും പരിസരവും ശിശുസൗഹൃദമല്ല, ഭൗതിക സൗകര്യങ്ങൾ ശിശു സൗഹാർദ്ദമാക്കുന്നതിന് ആവശ്യമായ നടപടികൾ വനിത-ശിശുവികസന വകുപ്പ് കൈക്കൊള്ളേണ്ടതാണ്.

14. സോഷ്യൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് (SIR) നിയമാനുസൃതമായി തയ്യാറാക്കുന്നതിനും മാർഗ്ഗരേഖ/SOP തയ്യാറാക്കി ചൈൽഡ് വെൽഫെയർ കമ്മിറ്റിക്കും ഡി.സി.പി.യു.കൾക്കും നൽകുന്നത് ഉചിതമായിരിക്കും. ഇതിനുവേണ്ട നടപടി വനിത-ശിശുവികസന വകുപ്പ് കൈക്കൊള്ളേണ്ടതാണ്.

15. കേരള സംസ്ഥാന ബാലനീതി ചട്ടം, 2015-ലെ ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) നിയമമനുസരിച്ച് നാളിതുവരെ പുറത്തിറക്കിയിട്ടില്ല. അതിന് ആവശ്യമായ നടപടി വനിത-ശിശുവികസന വകുപ്പ് കൈക്കൊള്ളേണ്ടതാണ്.

16. ഓരോ ശിശുസംരക്ഷണ സ്ഥാപനത്തിന്റെയും പരിമിത ഭൗതീക സാഹചര്യങ്ങൾ മനസ്സിലാക്കി അനുയോജ്യമായ രീതിയിൽ നിശ്ചിത അളവിലധികം കുട്ടികളെ അയക്കാതിരിക്കാൻ സി.ഡബ്ല്യു.സി.ക്ക് വനിത-ശിശുവികസന വകുപ്പ് നിർദ്ദേശം നൽകേണ്ടതാണ്.

17. ഭിന്നശേഷിക്കാരായ ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികളെ താമസിപ്പിക്കുന്നതിന് കേരളത്തിലെ എല്ലാ ജില്ലകളിലും ശിശുസംരക്ഷണ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നത് ശ്രദ്ധേയമാണ്. അതിനാവശ്യമായ നടപടി വനിത-ശിശുവികസന വകുപ്പ് കൈക്കൊള്ളേണ്ടതാണ്.

18. 2015-ലെ ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) നിയമം മാതൃകാ ചട്ടം 27 പ്രകാരം അംഗീകൃത ഫിറ്റ് ഫെസിലിറ്റി സൗകര്യങ്ങൾ കുട്ടികൾക്കായി കേരളത്തിൽ കാണുന്നില്ല. ആയത് നടപ്പിൽ വരുത്തുവാൻ വനിത-ശിശുവികസന വകുപ്പ് നടപടി സ്വീകരിക്കേണ്ടതാണ്.

19. 2015-ലെ ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) നിയമം മാതൃകാ ചട്ടം 85(1)(xviii) പ്രകാരം ജില്ലാതലത്തിലുള്ള ശിശുസംരക്ഷണ സ്ഥാപനങ്ങളുടെയും സ്പെഷ്യലൈസ്ഡ് അഡോപ്ഷൻ ഏജൻസികളുടെയും ഓപ്പൺ ഷെൽറ്ററിന്റെയും ഫിറ്റ് പേഴ്സണുകളുടെയും ഫിറ്റ് ഫെസിലിറ്റികളുടെയും ഫോസ്റ്റർ പേരന്റുകളുടെയും പോറ്റിവളർത്താൻ പ്രാപ്തരായ രക്ഷിതാക്കളുടെ പേര് അടങ്ങുന്ന രജിസ്റ്റർ, ആഫ്റ്റർ കെയർ ഓർഗനൈസേഷനുകളുടെയും മറ്റ് സ്ഥാപനങ്ങളുടെയും വിവരങ്ങൾ ജില്ലാടിസ്ഥാനത്തിൽ ശേഖരിച്ച് അതാത് ജെ.ജെ.ബി.ക്കും സി.ഡബ്ല്യു.സി.ക്കും കുട്ടികളുടെ കോടതിക്കും മറ്റ് സംസ്ഥാന ശിശുസംരക്ഷണ സമിതിക്കും ആവശ്യാനുസരണം നൽകേണ്ടതാണെന്ന് നിയമം അനുശാ

സിക്കുന്നു. ഇത് കൃത്യമായി നൽകിയിട്ടുണ്ടോ എന്ന് സംയോജിത ശിശുസംര ക്ഷണ പദ്ധതി ഓഫീസർ പരിശോധിക്കേണ്ടതാണ്.

20. 2015-ലെ ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) നിയമം മാതൃകാ ചട്ടം 85(1)(xix) പ്രകാരം ജില്ലാതലത്തിലുള്ള കൗൺസലിംഗ് സെന്റർ, ആശുപത്രി കൾ, ഡീ അഡിക്ഷൻ സെന്റർ, ഓപ്പൺ സ്കൂൾ, വിദ്യാഭ്യാസ സൗകര്യങ്ങൾ തൊഴിൽ പരിശീലനവും, തൊഴിൽ പരിശീലന പരിപാടികൾ നടത്തുന്ന കേന്ദ്ര ങ്ങൾ, വിനോദ പരിപാടികളായ പ്രകടനാത്മകമായ കലകൾ (arts), ലളിതകല (fine arts), പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് നൽകാവുന്ന സേവന ങ്ങളും സംവിധാനങ്ങളും മറ്റ് സംവിധാനങ്ങളുടെയും വിവരങ്ങൾ ശേഖരിച്ച് സൂക്ഷിക്കുകയും അത് സി.ഡബ്ല്യു.സി., ജെ.ജെ.ബി., കുട്ടികളുടെ കോടതി, സംസ്ഥാന ശിശുസംരക്ഷണ സമിതിക്കും നൽകേണ്ടതാണെന്ന് നിയമം അനുശാ സിക്കുന്നു. ഇത് കൃത്യമായി നൽകിയിട്ടുണ്ടോ എന്ന് സംയോജിത ശിശുസംര ക്ഷണ പദ്ധതി ഓഫീസർ പരിശോധിക്കേണ്ടതാണ്.

21. 2015-ലെ ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) നിയമം മാതൃകാ ചട്ടം 85(1)(xx) പ്രകാരം ജില്ലാതലത്തിലുള്ള സ്പെഷ്യൽ എഡ്യൂക്കേറ്റേഴ്സ്, മാന സികാരോഗ്യ വിദഗ്ദ്ധർ, തർജമക്കാർ, വ്യാഖ്യാനിക്കുന്നവർ, കൗൺസിലർ, സൈക്കോളജിസ്റ്റ്/സൈക്കോ സോഷ്യൽ വർക്കർ/അത്യാസന്ന ഘട്ടങ്ങളിൽ കുട്ടി കൾക്കുവേണ്ടി പ്രവർത്തിച്ച് പരിചയമുള്ള മറ്റ് വിദഗ്ദ്ധർ എന്നിവരുടെ പട്ടിക ശേഖരിച്ച് അവ സി.ഡബ്ല്യു.സി., ജെ.ജെ.ബി., കുട്ടികളുടെ കോടതി, സംസ്ഥാന ശിശുസംരക്ഷണ സമിതി എന്നിവയ്ക്ക് നൽകേണ്ടതാണെന്ന് നിയമം അനുശാ സിക്കുന്നു. ഇത് കൃത്യമായി നൽകിയിട്ടുണ്ടോ എന്ന് സംയോജിത ശിശുസംര ക്ഷണ പദ്ധതി ഓഫീസർ പരിശോധിക്കേണ്ടതാണ്.

22. ബാലനീതി നിയമം 107-ൽ പ്രതിപാദിച്ചിരിക്കുന്നതുപോലെ എല്ലാ പോലീസ് സ്റ്റേഷനുകളിലും ചൈൽഡ് വെൽഫെയർ പോലീസ് ഓഫീസർമാരുണ്ട്. എന്നാൽ നിയമം അനുശാസിക്കുന്നതുപോലെ ചൈൽഡ് വെൽഫെയർ പോലീസ് ഓഫീസർമാർക്ക് കുട്ടികളുമായി ബന്ധപ്പെട്ട ഉത്തരവാദിത്തങ്ങൾക്കു പുറമെ അതത് സ്റ്റേഷനുകളിലെ ഉത്തരവാദിത്തങ്ങൾകൂടി നിർവ്വഹിക്കേണ്ടതുള്ള തിനാൽ അവരുടെ സേവനം പൂർണമായും ലഭ്യമല്ല എന്ന് കാണുന്നു. അതി നായി ഭരണവകുപ്പ് നിർദ്ദേശം നൽകാവുന്നതാണ്.

23. ചൈൽഡ് വെൽഫെയർ കമ്മിറ്റി, ജെ.ജെ.ബി. എന്നിവയ്ക്ക് 2015-ലെ ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) നിയമം മാതൃകാചട്ടം 85(26) പ്രകാരം സെക്രട്ടേറിയൽ സ്റ്റാഫ് ഡി.സി.പി.യു. നൽകേണ്ടതുണ്ട്. പല ചൈൽഡ് വെൽഫെയർ കമ്മിറ്റികളിൽനിന്നും സെക്രട്ടേറിയൽ സ്റ്റാഫിന്റെ സേവനം ലഭിക്കു

ന്നില്ലെന്ന പരാതിയുണ്ടായി. ഇതിന് അനുയോജ്യമായ മാർഗ്ഗനിർദ്ദേശം വനിത-ശിശുവികസന വകുപ്പ് ഡി.സി.പി.യു.വിന് നൽകേണ്ടതുണ്ട്.

24. 2015-ലെ ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) നിയമത്തിനുകീഴിലും ഓർഫനേജ് കൺട്രോൾ ബോർഡ് നിയമത്തിൻകീഴിലും രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളിൽ ഏത് നിയമം അനുശാസിക്കുംവിധമാണ് കൈകാര്യം ചെയ്യേണ്ടത് എന്നതിനെക്കുറിച്ച് ശിശുസംരക്ഷണ സ്ഥാപനാധികാരികൾക്ക് വ്യക്തതയില്ല. ഇതിന് കൃത്യമായ നിർദ്ദേശം വനിത-ശിശുവികസന വകുപ്പും സാമൂഹ്യനീതി വകുപ്പും ചേർന്ന് നൽകാവുന്നതാണ്.

25. പ്രീ-സ്കൂൾ, ഹോസ്റ്റൽ, മതപഠന സ്ഥാപനങ്ങൾ എന്നിവയ്ക്ക് നിലവിൽ കൃത്യമായ രീതിയിൽ രജിസ്ട്രേഷൻ ഇല്ലാതെ നിരവധി സ്ഥാപനങ്ങൾ ഓരോ ജില്ലയിലും പ്രവർത്തിച്ചു വരുന്നു. യാതൊരുവിധ രേഖയും നിലവിൽ ഇല്ലാതെയാണ് ഇത്തരം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്. അതിനാൽ ഇതിന് ഒരു ഏകീകരണം അത്യാവശ്യമാണ്. ഇതിലേക്കായി പ്രസ്തുത സ്ഥാപനങ്ങൾ വനിത-ശിശുവികസന വകുപ്പിനുകീഴിൽ കൊണ്ടുവരുന്നതിനാവശ്യമായ നടപടികൾ വനിത-ശിശുവികസന വകുപ്പ് കൈക്കൊള്ളേണ്ടതാണ്.

26. കേരളത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തിയ വൾണറബിലിറ്റി മാപ്പിംഗ് (കുടുംബങ്ങളിലെ അരക്ഷിതാവസ്ഥ, മദ്യപാനം, ലഹരിവസ്തുക്കളുടെ ഉപയോഗം മുതലായവ) വഴി കണ്ടെത്തിയ കാര്യങ്ങൾ ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികൾ വഴി വിലയിരുത്തി ആവശ്യമായ മുൻകരുതലുകളെടുക്കുന്നതിന് ഉപകരിക്കും. പ്രാദേശിക തലത്തിൽ ഇടപെടലുകൾ നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ കൈക്കൊള്ളുന്നതിന് ഭരണവകുപ്പ് നിർദ്ദേശം നൽകേണ്ടതാണ്.

27. ജില്ലാ-കോർപ്പറേഷൻ-മുൻസിപ്പൽ-ബ്ലോക്ക്-ഗ്രാമതല ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികൾ കൃത്യമായ അജൻഡയോടുകൂടി യോഗങ്ങൾ ചേരുകയും, കുട്ടികളെ സംബന്ധിച്ച പ്രാദേശികമായ വിഷയങ്ങൾ പരിഹരിക്കപ്പെടുന്നതിനുള്ള ആസൂത്രിതമായ നടപടികൾ സർക്കാർ മാർഗ്ഗരേഖകളെയും നിലവിലെ ബാല സംരക്ഷണ നിയമങ്ങളെയും അടിസ്ഥാനമാക്കി സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും ജനപ്രതിനിധികളെയും പ്രാപ്തമാക്കുന്നതിന് ഭരണവകുപ്പ് നടപടി കൈക്കൊള്ളേണ്ടതാണ്. എങ്കിൽ മാത്രമേ കുട്ടികൾ നേരിടുന്ന അവഗണയും ചൂഷണവും അരക്ഷിതത്വവും ശരിയായ തലത്തിൽ പരിഹരിക്കുവാൻ സാധിക്കൂ എന്ന് കമ്മീഷൻ വിലയിരുത്തിയിട്ടുണ്ട്.

28. കൗമാരക്കാരായ കുട്ടികളുടെ മാനസികാവസ്ഥ മെച്ചപ്പെടുത്തുന്നതിനും, കൗൺസലിംഗ് നൽകുന്നതിനുമായി കേരള വനിത-ശിശുവികസന വകുപ്പ് ആരംഭിച്ച പദ്ധതിയാണ് സൈക്കോ സോഷ്യൽ സ്കീം. ഇതുപ്രകാരം എല്ലാ ഗവ. ഹയർ സെക്കൻഡറി സ്കൂളിലും ഓരോ കൗൺസലറുടെ സേവനം ലഭ്യമാക്കുന്നുണ്ട്. നിലവിലുള്ള ഇത്തരം സേവനങ്ങൾ കൂടുതൽ ഫലപ്രദമായി

ലഭ്യമാക്കുന്നതിനുള്ള നടപടികൾ വനിത-ശിശുവികസന വകുപ്പ് സ്വീകരിക്കേണ്ട തുണ്ട്.

29. ജില്ലയിൽ മാനസിക വെല്ലുവിളി, ശാരീരിക വെല്ലുവിളി, മാനസിക രോഗം മുതലായവ നേരിടുന്ന കുട്ടികളെ താമസിപ്പിക്കുവാൻ സർക്കാർതലത്തിൽ നിലവിലുള്ള ശിശുസംരക്ഷണ സ്ഥാപനങ്ങളെ പ്രത്യേകം വേർതിരിക്കേണ്ടതും നിരീക്ഷിക്കേണ്ടതുമാണ്. കൂടാതെ വയസ് അടിസ്ഥാനത്തിലും (0-6, 7-10, 11-15, 16-18) കുട്ടികളെ ശിശുസംരക്ഷണ സ്ഥാപനങ്ങളിൽ നിർത്തുന്നത് ഉചിതമായിരിക്കുമെന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. ഇതിനുള്ള നടപടി ഭരണവകുപ്പ് കൈക്കൊള്ളേണ്ട തുണ്ട്.

30. 2015-ലെ ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) നിയമം മാതൃകാ ചട്ടം 25(4) പ്രകാരം ശിശുസംരക്ഷണ സ്ഥാപനങ്ങളിൽനിന്ന് കുട്ടിയെ വിടുതൽ ചെയ്യപ്പെടുന്നതിന് രണ്ടുമാസംമുമ്പ് പോസ്റ്റ് റിലീസ് പ്ലാൻ ചൈൽഡ് വെൽഫെയർ കമ്മിറ്റിക്ക് പ്രൊബേഷൻ ഓഫീസർ/ചൈൽഡ് വെൽഫയർ ഓഫീസർ/കേസ് വർക്കർ/സോഷ്യൽ വർക്കർ സമർപ്പിക്കേണ്ടതുണ്ട്. ആയത് സി.ഡബ്ല്യു.സി. മുമ്പാകെ ഹാജരാക്കി കാണുന്നില്ല. ഇതു ഹാജരാക്കിയാൽ മാത്രമേ ഏത് തരത്തിലുള്ള പുനരധിവാസമാണ് കുട്ടിക്ക് അനുയോജ്യമെന്ന് സി.ഡബ്ല്യു.സി.ക്ക് മനസ്സിലാകുകയുള്ളു. ആയത് സി.ഡബ്ല്യു.സി. മുമ്പാകെ ശിശുസംരക്ഷണ സ്ഥാപനങ്ങൾ സമർപ്പിക്കുന്നതിന് ആവശ്യമായ നടപടി വനിത-ശിശുവികസന വകുപ്പ് സ്വീകരിക്കേണ്ടതാണ്.

31. 2015-ലെ ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) നിയമം മാതൃകാ ചട്ടം 92(6) (i) പ്രകാരം കാണാതാകുന്ന കുട്ടികളെ കണ്ടുപിടിക്കപ്പെടുമ്പോൾ ആ കുട്ടികളുടെ കാര്യത്തിൽ കൃത്യമായ നിർദ്ദേശം നൽകുന്നതിന് സി.ഡബ്ല്യു.സി. മുമ്പാകെ എസ്.ജെ.പി.യു. കണ്ടുപിടിക്കപ്പെട്ട കുട്ടിയെ ഹാജാരക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിന് കൃത്യമായ നിർദ്ദേശം വനിത-ശിശുവികസന വകുപ്പും ആഭ്യന്തര വകുപ്പും കൈക്കൊള്ളേണ്ടതാണ്.

32. ഗുരുതരമായ കുറ്റങ്ങൾ ഉൾപ്പെട്ട കേസുകളിൽ വരുന്ന 16 വയസ്സിനു മുകളിൽ ഉള്ള കുട്ടികൾക്ക് പ്രിലിമിനറി അസ്സസ്മെന്റ് ആവശ്യമായതിനാൽ മഞ്ചേരി മെഡിക്കൽ കോളേജിലേക്ക് റഫർ ചെയ്യുന്നു. അവിടെ എത്തുന്ന കുട്ടികൾക്ക് പ്രിലിമിനറി അസ്സസ്മെന്റിന്റെ ഭാഗമായ മെന്റൽ ആന്റ് ഫിസിക്കൽ കപ്പാസിറ്റി അറിയുന്നതിനായി നാല് ദിവസത്തോളം കിടത്തി ചികിത്സ ആവശ്യമായി വരുന്നു. ഈ വേളയിൽ അവരെ പാർപ്പിക്കുന്നത് മനോരോഗികൾ കിടക്കുന്ന സൈക്യാട്രിക്ക് വാർഡിലാണ്. ആ സാഹചര്യം കുട്ടികളിൽ ഗുരുതരമായ മാനസിക പ്രയാസവും ബുദ്ധിമുട്ടുകളും ഉണ്ടാക്കുന്നു. ഇതിനി അനുയോജ്യമായ സാഹചര്യം ജില്ലയിലെ ഉണ്ടാക്കി നൽകുന്നതിന് ആവശ്യമായ നടപടി ഭരണവകുപ്പ് കൈക്കൊള്ളേണ്ടതുണ്ട്.

33. നാല് ദിവസം നീണ്ടുനിൽക്കുന്ന പ്രിലിമിനറി അസ്സസ്മെന്റ് നടപടികൾ പൂർത്തിയാക്കിയതിനുശേഷം ഏകദേശം ഒരു മാസത്തോളം കഴിഞ്ഞിട്ടാണ് ജുവനൈൽ ജസ്റ്റിസ് ബോർഡ് മുമ്പാകെ റിപ്പോർട്ട് ലഭിക്കുന്നത്. ഈ കാലതാമസം മൂലം നിയമം അനുശാസിക്കുന്നതരത്തിൽ കേസുകൾ നാല് മാസം കൊണ്ട് തീർപ്പ് കൽപ്പിക്കുവാൻ സാധിക്കാതെ വരുന്നു. ആയതിനാൽ റിപ്പോർട്ട് കാലതാമസം വരുത്താതെ കുട്ടികളെ ബോർഡിനു മുൻപാകെ എത്തിക്കുന്നതിനും ആവശ്യമായ നടപടി ഭരണവകുപ്പ് കൈക്കൊള്ളേണ്ടതുണ്ട്.

34. കാണാതാകുന്ന കുട്ടികളെ അന്യജില്ലകളിൽനിന്നും, അന്യസംസ്ഥാനങ്ങളിൽ നിന്നും കണ്ടെത്തുമ്പോൾ കൂട്ടിക്കൊണ്ട് വരുന്നതിന് ഡിപ്പാർട്ട്മെന്റ് വാഹനം ഉപയോഗിക്കാൻ കഴിയാത്തതിനാൽ ഇപ്പോൾ ഭീമമായ തുക അന്വേഷണ ഉദ്യോഗസ്ഥന് ചെലവ് വരുന്നുണ്ട്. പോക്സോ കേസ്സുകളിലെ അതിജീവിക്കുന്നവരെ ആശുപത്രിയിലേക്കും മറ്റും കൊണ്ടുപോകുന്നതിന് നൽകി വരുന്ന വാടക പോലെ, കുട്ടികളെ കാണാതാകുന്ന കേസ്സുകൾക്കും നൽകുവാൻ ഭരണവകുപ്പ് നിർദ്ദേശം നൽകേണ്ടതുണ്ട്.

ബാലനീതി ശിൽപ്പശാലയിൽ ഉന്നയിക്കപ്പെട്ട പോക്സോ നിയമവുമായി ബന്ധപ്പെട്ട ശുപാർശകൾ

1. പോക്സോ കേസുകളിൽ ഉൾപ്പെട്ട കുട്ടികളെ വൈദ്യപരിശോധനയ്ക്കായി കൊണ്ടുപോകുമ്പോൾ ആശുപത്രിയിൽനിന്ന് അർഹമായ പരിഗണന ലഭിക്കുന്നില്ല. ചില സന്ദർഭങ്ങളിൽ കുട്ടികൾക്ക് വളരെയധികം സമയം പരിശോധനയ്ക്കായി കാത്തുനിൽക്കേണ്ടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആശുപത്രികൾ ബാലസൗഹൃദ അന്തരീക്ഷം സജ്ജമാക്കേണ്ട ആവശ്യകതയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനാവശ്യമായ നടപടികൾ ഭരണവകുപ്പ് കൈക്കൊള്ളേണ്ടതാണ്.
2. പോക്സോ കേസുകളിൽ പലപ്പോഴും സ്വകാര്യ വാഹനങ്ങൾ വാടക ഇനത്തിൽ ലഭ്യമാകേണ്ട തുക ലഭിക്കുന്നതിന് കാലതാമസം നേരിടുന്ന സാഹചര്യമുണ്ട്. ഇതിന് പരിഹാരമായ നടപടി കൈക്കൊള്ളുന്നതിന് വനിത-ശിശുവികസന വകുപ്പ് ജില്ല പോലീസ് മേധാവിക്ക് നിർദ്ദേശം നൽകേണ്ടതുണ്ട്.
3. പോക്സോ കേസുകളിൽ ഉൾപ്പെട്ട കുട്ടികൾക്ക് വിക്ടിം കോംപൻസേഷൻ ജില്ലാ ലീഗൽ സർവ്വീസ് അതോറിറ്റിയിൽനിന്നും ലഭ്യമാകുന്നുണ്ട്. വിക്ടിം കോംപൻസേഷനെ (Interim Compensation, Final Compensation) സംബന്ധിച്ച് അതിക്രമങ്ങളെ അതിജീവിച്ച കുട്ടികൾക്ക് ആവശ്യമായ അവബോധം നൽകുന്നതിന് ജില്ല ശിശുസംരക്ഷണ യൂണിറ്റ് നടപടി കൈക്കൊള്ളേണ്ടതുണ്ട്.

ജില്ലാതലത്തിൽ സ്വീകരിക്കേണ്ട നടപടി

തിരുവനന്തപുരം

ജില്ലയിൽ മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ താമസിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും ആവശ്യമായ എല്ലാവിധ സൗകര്യങ്ങളോടും കൂടിയ സർക്കാർ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി വനിതാ-ശിശുവികസന വകുപ്പ് കൈക്കൊള്ളേണ്ടതുണ്ട്.

കൊല്ലം

ശിശുസംരക്ഷണ സ്ഥാപനങ്ങളിൽ കുട്ടികളുടെ കമ്മിറ്റി രൂപീകരിക്കേണ്ടതിന്റെയും കമ്മിറ്റി കൃത്യമായി കൂടുന്നതിന്റെയും ആവശ്യകത സംബന്ധിച്ച അവബോധ ക്ലാസുകൾ നടത്തുന്നതിന് ജില്ല ശിശുസംരക്ഷണ യൂണിറ്റിന് വനിത-ശിശുവികസന വകുപ്പ് നിർദ്ദേശം നൽകേണ്ടതുണ്ട്. കൂടാതെ മാനസികാരോഗ്യ പ്രശ്നങ്ങൾ അനുഭവിക്കുന്ന കുട്ടികൾക്ക് അതത് ജില്ലയിലെ സർക്കാർ ആശുപത്രികളിലെ മാനസികാരോഗ്യ വിദഗ്ദ്ധരുടെ സേവനം ലഭ്യമാകുന്നതിനുള്ള നടപടി ആരോഗ്യവകുപ്പ് സ്വീകരിക്കേണ്ടതുണ്ട്.

ആലപ്പുഴ

ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ ജില്ലയിലെ വിവിധ ശിശുസംരക്ഷണ സ്ഥാപനങ്ങളിൽ താമസിക്കുന്നുണ്ട്. ഇത്തരം കുട്ടികൾക്ക് ആവശ്യമായ സൈക്കോളജിക്കൽ ഇന്റർവെൻഷൻ നടത്തുന്നതിനാവശ്യമായ നടപടി ജില്ല വനിത-ശിശുവികസന വകുപ്പ് കൈക്കൊള്ളേണ്ടതാണ്. അതുപോലെ തന്നെ കുട്ടികൾക്ക് കൗൺസലിംഗ് നൽകുന്നതിന് സ്കൂൾ കൗൺസലർമാരുടെ സേവനം അനിവാര്യമാണ്. ഇതിന് കൗൺസലർക്ക് കുട്ടികളുമായി സംസാരിക്കുന്നതിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും കൗൺസലറുടെ നൈപുണ്യം വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ പരിശീലന പരിപാടികൾ നടത്തുന്നതിന് വനിത-ശിശുവികസന വകുപ്പ് നടപടി സ്വീകരിക്കേണ്ടതുണ്ട്.

കോട്ടയം

ശിശുസംരക്ഷണ സ്ഥാപനങ്ങളിൽ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കേണ്ടതും മാനേജ്മെന്റ് കമ്മിറ്റി കൃത്യമായ ഇടവേളകളിൽ കൂടേണ്ടതുമാണ്. ഇക്കാര്യത്തിൽ, ശിശുസംരക്ഷണ സ്ഥാപനങ്ങളിലെ മാനേജ്മെന്റ് കമ്മിറ്റിയെ സംബന്ധിച്ചും ഇവയുടെ പ്രവർത്തനം സംബന്ധിച്ചും മാർഗ്ഗരേഖ നൽകുന്നതിനാവശ്യമായ നടപടി ജില്ലാ ശിശുസംരക്ഷണ യൂണിറ്റ് കൈക്കൊള്ളേണ്ടതാണ്. അതിനായുള്ള മാർഗ്ഗനിർദ്ദേശം നൽകാവുന്നതാണ്.

ഇടുക്കി

ഇടുക്കി ജില്ലയിൽ ദേവികുളം ഭാഗത്ത് പ്രവർത്തിക്കുന്ന ശിശുസംരക്ഷണ സ്ഥാപനങ്ങൾക്ക് റേഷൻ ലഭിക്കുന്നില്ലെന്നും ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ പ്രവർത്തിച്ചിരുന്ന സ്ഥാപനങ്ങൾക്ക് റേഷൻ ലഭ്യമായിരുന്നെന്നും ജെ.ജെ. ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തതിനുശേഷം റേഷൻ ലഭ്യമാകുന്നില്ലെന്നും അറിയിച്ചു. മേൽ സൂചിപ്പിച്ച സാങ്കേതിക പ്രശ്നം പരിഹരിക്കുന്നതിന് ഭരണവകുപ്പ് നടപടി സ്വീകരിക്കേണ്ടതുണ്ട്.

എറണാകുളം

കുട്ടികളുടെ സ്വഭാവ രൂപീകരണത്തിനും വ്യക്തിത്വ വികസനത്തിനും പരിശീലനം നൽകുന്നതിനാവശ്യമായ വിദഗ്ദ്ധരുടെ സേവനം ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ ജില്ലാ ശിശുസംരക്ഷണ യൂണിറ്റ് കൈക്കൊള്ളേണ്ടതാണ്. അതിനായുള്ള മാർഗ്ഗനിർദ്ദേശം നൽകാവുന്നതാണ്.

തൃശ്ശൂർ

നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുടെ നിരീക്ഷണ ചുമതല കൈകാര്യം ചെയ്യുന്ന കാവൽ പദ്ധതിയിലെ കുട്ടികളുടെ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനും, പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ആവശ്യമായ നടപടി ജില്ല വനിത-ശിശുവികസന വകുപ്പ് കൈക്കൊള്ളേണ്ടതുണ്ട്.

പാലക്കാട്

ജില്ലയിലെ ആദിവാസി മേഖലയിലെ വിവിധ സ്കൂളുകളിൽനിന്നും കൊഴിഞ്ഞുപോക്ക് കേസുകൾ കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. ഇത്തരം പ്രശ്നങ്ങൾ ലഘൂകരിക്കുന്നതിനാവശ്യമായ പ്രശ്നപരിഹാര പദ്ധതികൾ സർവ്വശിക്ഷ കേരളയുടെ (SSK) നേതൃത്വത്തിൽ നടത്തുന്നതിന് ഭരണവകുപ്പ് നിർദ്ദേശം നൽകേണ്ടതുണ്ട്.

മലപ്പുറം

നിലവിൽ ജില്ലയിലെ കുട്ടികൾക്കിടയിൽ ലഹരി ഉപയോഗം കൂടിവരുന്ന സാഹചര്യമുണ്ട്. കുട്ടികൾക്കിടയിൽ ഇത്തരം പ്രവണതകൾ ലഘൂകരിക്കുന്നതിന് കൗൺസലിംഗ് സംവിധാനം ഊർജ്ജിതപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ ജില്ല വനിത-ശിശുവികസന വകുപ്പ് മുഖേന കൈക്കൊള്ളേണ്ടതാണ്. മാത്രമല്ല സ്കൂൾ പരിസരത്തുള്ള ലഹരി മാഫിയയുടെ സാന്നിദ്ധ്യം തടയുന്നതിനായി പോലീസിന്റെ ഇടവിട്ടുള്ള നിരീക്ഷണം (പട്രോളിംഗ്) അനിവാര്യമാണ്.

ജില്ലയിലെ പോക്സോ കേസുകളുമായി ബന്ധപ്പെട്ട് കൂടുതൽ കേസുകളിലും അധ്യാപകരോ മദ്രസ അധ്യാപകരോ പ്രതികളാകുന്നു. ഇവർക്ക് പോക്സോ നിയമത്തെ സംബന്ധിച്ച് കൃത്യമായ അവബോധമില്ലാത്തതിനാൽ പ്രത്യേക അവബോധ ക്ലാസ്സുകൽ നൽകുന്നതിനുള്ള നടപടി ജില്ല ശിശുസംരക്ഷണ യൂണിറ്റ് മുഖേന കൈക്കൊള്ളേണ്ടതാണ്.

കുട്ടികൾക്ക് ലഹരിപദാർത്ഥങ്ങൾ നൽകുക, കുട്ടികളെ ഉപയോഗിച്ച് ലഹരി പദാർത്ഥങ്ങൾ വിൽപന നടത്തുക എന്നിവ വളരെ വ്യാപകമായി ജില്ലയിൽ കാണുന്നതായും ലഹരി ഉപയോഗം പല കുട്ടികളുടെയും സ്വഭാവത്തെ വളരെയധികം സ്വാധീനം ചെലുത്തുന്നതായും മനസ്സിലാക്കാൻ സാധിക്കുന്നു. ഇതിന് പരിഹാരം കാണുന്നതിന് പതിനെട്ട് വയസ്സിന് താഴെയുള്ള കുട്ടികൾക്ക് ലഹരി പദാർത്ഥങ്ങൾ, മയക്കുമരുന്ന് എന്നിവ നൽകുകയോ കുട്ടികളെ ഉപയോഗിച്ച് ലഹരി പദാർത്ഥങ്ങൾ, മയക്കുമരുന്ന് എന്നിവ വിതരണം ചെയ്യുകയോ വിൽപന നടത്തുകയോ കള്ളക്കടത്തു നടത്തുകയോ ചെയ്യുകയാണെങ്കിൽ ഈ വ്യക്തികൾക്കെതിരെ ബാലനീതി നിയമം 2015 വകുപ്പ് 77, 78 പ്രകാരം കേസെടുക്കുന്നതിന് എക്സൈസ് വകുപ്പിന് നിർദ്ദേശം നൽകേണ്ടതുണ്ട്. നിലവിൽ The Narcotic Drugs and Psychotropic Substances Act (NDPS Act) ചുമത്തിയാണ് എക്സൈസ് വകുപ്പ് കേസെടുക്കുന്നത്. ഇത് പ്രകാരം ഒരു കിലോയ്ക്ക് മുകളിൽ കഞ്ചാവ് പിടിച്ചെടുത്താൽ മാത്രമാണ് കടുത്ത ശിക്ഷ നൽകാൻ കഴിയുക. ഇതിനാവശ്യമായ നിർദ്ദേശം നൽകുവാൻ ജില്ല പോലീസ് നേതൃത്വം മുൻകൈയെടുക്കേണ്ടതുണ്ട്.

<u>കോഴിക്കോട്</u>

ജില്ലയിലെ വിവിധ ശിശുസംരക്ഷണ സ്ഥാപനങ്ങളിൽ അന്യജില്ലക്കാരായ നിരവധി കുട്ടികൾ താമസിക്കുന്നുണ്ട്. അതിനാൽ കുട്ടികളെ അവരുടെ ജില്ലയിലേക്ക് മാറ്റി പാർപ്പിക്കുന്നതിനാവശ്യമായ നടപടി ജില്ല ശിശുസംരക്ഷണ യൂണിറ്റ് കൈക്കൊള്ളേണ്ടതാണ്.

ജില്ലയിൽ കുട്ടികളിൽ ലഹരി ഉപയോഗം കൂടുതലാണെന്ന് കാണുന്നതിനാൽ പ്രശ്നപരിഹാരത്തിനാവശ്യമായ നടപടി ജില്ല വനിത-ശിശുവികസന വകുപ്പും എക്സൈസ് വകുപ്പും സംയുക്തമായി സ്വീകരിക്കേണ്ടതാണ്.

<u>വയനാട്</u>

കുട്ടികളുടെ വ്യക്തിഗത ശ്രദ്ധ പദ്ധതി (ഐ.സി.പി.) തയ്യാറാക്കുന്നതിൽ ശിശുസംരക്ഷണ അധികാരികൾക്ക് ആവശ്യമായ അവബോധ ക്ലാസുകൾ നൽകുന്നതിന് ആവശ്യമായ നടപടി ജില്ല ശിശുസംരക്ഷണ യൂണിറ്റ് മുഖേന കൈക്കൊള്ളേണ്ടതുണ്ട്.

കണ്ണൂർ

ഫോസ്റ്റർ കെയർ പദ്ധതി പ്രകാരം വീടുകളിലേക്ക് പോകാൻ കുട്ടികൾ തയ്യാറാകാത്തതും സ്ഥിരമായി ഫോസ്റ്റർ കെയർ പദ്ധതിയിൽ കുട്ടികളെ ഉൾപ്പെടുത്താൻ കഴിയാത്തതുമായ സാഹചര്യം സ്ഥാപനേതര പുനരധിവാസ നടപടികൾക്ക് തടസ്സം സൃഷ്ടിക്കുന്നു.

ശിശുസംരക്ഷണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ അസ്ഥിരത സ്ഥാപനത്തിലെ കുട്ടികളുടെ സമഗ്ര പുനരധിവാസത്തെ കാര്യമായി ബാധിക്കുന്നുണ്ട്. ഇതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും പരിശീലനവും ശിശുസംരക്ഷണ സ്ഥാപനങ്ങൾക്ക് ജില്ലാ ശിശുസംരക്ഷണ യൂണിറ്റ് നൽകേണ്ടതാണ്.

The Narcotic Drugs and Psychotropic Substances Act (NDPS Act) പ്രകാരം മിതമായ അളവിൽ (Small Quantity) ലഹരി വസ്തുക്കൾ വില്പന ചെയ്യുന്നതും സൂക്ഷിക്കുന്നതും ജാമ്യം കിട്ടാവുന്ന വകുപ്പുകൾ ചേർത്ത് മാത്രമാണ് എക്സൈസും പോലീസും കേസുകൾ രജിസ്റ്റർ ചെയ്ത് വരുന്നത്. എന്നാൽ കുട്ടികൾക്ക് ലഹരി വസ്തുക്കൾ ഏതളവിലും നൽകിയാൽ ബാലനീതി നിയമത്തിലെ ജാമ്യമില്ലാവകുപ്പായ 77-ാം വകുപ്പ് പ്രകാരം കേസ് രജിസ്റ്റർ ചെയ്യുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്ക് നൽകുന്നത് കുട്ടികൾക്കിടയിൽ ലഹരി വസ്തുക്കൾ എത്തിച്ചേരുന്നതിന്റെ വ്യാപ്തി തടയുന്നതിന് സഹായകരമാകും. ഇതിനാവശ്യമായ നടപടി ജില്ല പോലീസ് നേതൃത്വം സ്വീകരിക്കേണ്ടതാണ്.

കാസറഗോഡ്

കാസറഗോഡ് ജില്ലയിലെ ആദിവാസി മേഖലയിലുള്ള രക്ഷിതാക്കൾക്ക് കുട്ടികളുടെ അവകാശ സംരക്ഷണം സംബന്ധിച്ച് അവബോധം കുറവാണെന്നും ഈ മേഖലയിൽ പ്രത്യേക ശ്രദ്ധ കേന്ദ്രീകരിച്ച് രക്ഷിതാക്കൾക്ക് കുട്ടികളുടെ അവകാശ സംരക്ഷണം സംബന്ധിച്ച് അവബോധ ക്ലാസുകൾ സംഘടിപ്പിക്കണമെന്നുമുള്ള നിർദ്ദേശം എസ്.സി./എസ്.റ്റി പ്രൊമോട്ടർമാർ ഉന്നയിക്കുകയുണ്ടായി. ഇതിന് അനുയോജ്യമായ നടപടികൾ ഭരണവകുപ്പ് കൈക്കൊള്ളേണ്ടതാണ്.

കുട്ടികളുടെ അവകാശങ്ങളിൽ പ്രധാനപ്പെട്ട അവകാശമാണ് 'അതിജീവനം (survival)'. അതിജീവനവുമായി ബന്ധപ്പെട്ട് കുട്ടികൾ അനുഭവിക്കുന്ന ഒരു പ്രധാന പ്രശ്നമാണ് പോഷകാഹാരക്കുറവ്. ജില്ലയുടെ ഉൾപ്രദേശങ്ങളിൽ താമസിക്കുന്ന നിരവധി കുട്ടികൾക്ക് പ്രഭാത ഭക്ഷണം കഴിക്കാൻ സാധിക്കാത്ത സാഹചര്യം നിലനിൽക്കുന്നു. കാസറഗോഡ് ജില്ല കളക്ടറുടെ നേതൃത്വത്തിൽ കാസറഗോഡ് ജില്ലാ പഞ്ചായത്തിന്റെ സഹകരണത്തോടെ 'മധുരപ്രഭാതം' എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടെന്നും ഈ പദ്ധതിയിലൂടെ നിരവധി കുട്ടികൾക്ക് പ്രഭാതഭക്ഷണം നൽകുന്നു

ണ്ടെന്നും എസ്.എസ്.കെ. പ്രോജക്ട് ഓഫീസർ അറിയിച്ചു. കൂടാതെ ജില്ലയിലെ ഏലമ്പാടി ഗ്രാമപഞ്ചായത്ത് മുൻകൈയെടുത്ത് ഒന്നാം ക്ലാസ് മുതൽ ഏഴാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് പ്രഭാതഭക്ഷണം നൽകുന്ന പരിപാടി ആരംഭിച്ചിട്ടുണ്ട്. ഇത്തരം പദ്ധതികൾ തദ്ദേശസ്വയംഭരണ വകുപ്പിന്റെ മേൽനോട്ടത്തിൽ എല്ലാ പഞ്ചായത്തുകളിലും ആരംഭിക്കുകയാണെങ്കിൽ കുട്ടികളിലെ പോഷകാഹാരക്കുറവ് എന്ന പ്രശ്നം പരിഹരിക്കാൻ സാധിക്കുമെന്ന നിർദ്ദേശമുണ്ടായി. ആയതിനുള്ള നടപടി ഭരണവകുപ്പ് സ്വീകരിക്കണമെന്ന് താത്പര്യപ്പെടുന്നു.

കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും കൊഴിഞ്ഞുപോയ കുട്ടികളെ സ്കൂളിലേക്ക് തിരികെ കൊണ്ടുവരുന്നതിനും 'ഡ്രോപ്പ് ഔട്ട് ഫ്രീ കാസറഗോഡ്' എന്ന പദ്ധതി ജില്ല കളക്ടറുടെ മേൽനോട്ടത്തിൽ ആരംഭിച്ചിട്ടുണ്ട്. അതുപോലെ എസ്.സി./എസ്.ടി. വിഭാഗത്തിലുള്ള കുട്ടികൾക്ക് ഗോത്രസാരഥി പദ്ധതിപ്രകാരം എസ്കോർട്ടിംഗ് അലവൻസ് എന്ന പേരിൽ ഒരു നിശ്ചിത തുക അനുവദിക്കുന്നുണ്ട്. കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ജില്ല ശിശുസംരക്ഷണ സമിതി, ജനമൈത്രി പോലീസ്, എക്സൈസ്, വിദ്യാഭ്യാസ വകുപ്പ് എന്നിവ സംയുക്ത പ്രവർത്തനം നടത്തുകയാണെങ്കിൽ ഈ പ്രശ്നത്തിന് പരിഹാരമുണ്ടാകുമെന്ന് മനസ്സിലാക്കുന്നു. പദ്ധതി വിജയകരമായി നടപ്പിലാക്കുന്നതിന് മേൽ നടപടികൾ ഭരണവകുപ്പ് കൈക്കൊള്ളേണ്ടതാണ്.

പഠനവൈകല്യമുള്ള കുട്ടികളുടെ ഐ.ക്യു. ടെസ്റ്റ് നടത്തുന്നതിനും. വിദഗ്ദ്ധ പരിശോധനയ്ക്കും വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനം ജില്ലയിൽ ലഭ്യമല്ലാത്തതിനാൽ ആവശ്യമായ നടപടി ഭരണവകുപ്പ് കൈക്കൊള്ളേണ്ടതാണ്.

കോവിഡ്-19 നിയന്ത്രണം കേരളത്തിൽ നിലവിൽ വന്നതിനാൽ മാർച്ച് മാസത്തിൽ കണ്ണൂർ ജില്ലയിൽ നടത്താനിരുന്ന ശിൽപ്പശാല മാറ്റി വയ്ക്കേണ്ടതായി വന്നു. എന്നാൽ ചുമതലപ്പെട്ടവരിൽ നിന്ന് റിപ്പോർട്ട് ശേഖരിച്ചിട്ടുണ്ട്.

2. ശിശുസംരക്ഷണ സ്ഥാപനങ്ങളുടെ സോഷ്യൽ ആഡിറ്റ്

ബഹു. സുപ്രീം കോടതിയുടെ 05-05-2017-ലെ WP(crl)102 of 2017 ഉത്തരവ് പ്രകാരം ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികളെ താമസിപ്പിച്ച് സംരക്ഷിക്കുന്ന സ്ഥാപനങ്ങളുടെ സേവനങ്ങളും ഗുണനിലവാരവും മെച്ചപ്പെടുത്തുന്നതിനായി സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ സോഷ്യൽ ആഡിറ്റിംഗ് നടത്തുന്നതിനുള്ള പ്രക്രിയ 2017 മുതൽ (ഫയൽ നം.2942/POCSO/JJ/2017/KeSCPCR) ആരംഭിച്ചിരുന്നു. ഇതിനാവശ്യമായ പ്രൊഫോമകൾ തയ്യാറാക്കി 2018-ൽ തന്നെ കേരളത്തിലെ നാല് ശിശു സംരക്ഷണ സ്ഥാപനങ്ങളിൽ പൈലറ്റ് സോഷ്യൽ ആഡിറ്റ് നടത്തുകയുണ്ടായി.

സോഷ്യൽ ആഡിറ്റിന് ഉപയോഗിച്ച ടൂളുകളുടെ നിലവാരവും അവലോകനവും നടത്തിയ ശേഷം ആദ്യ ഘട്ടത്തിൽ 200 സ്ഥാപനങ്ങളിലെ സോഷ്യൽ ആഡിറ്റ് നടത്തുന്നതിനായി 06-03-2019-ന് ഈ മേഖലയിൽ വൈദഗ്ദ്ധ്യമുള്ള എൻ.ജി.ഒ.കളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട സുശീലാ ഗോപാലൻ സൊസൈറ്റി ഫോർ ജൻഡർ ആന്റ് ലീഗൽ സ്റ്റഡീസ് എന്ന സ്ഥാപനത്തെ പ്രത്യേക പരിശീലനം നൽകി ഏൽപ്പിച്ചു. ഇതിന്റെ റിപ്പോർട്ടിനു വേണ്ടി കാത്തിരിക്കുന്നു.

3. ബാലസംരക്ഷണ സമിതികളുടെ ശാക്തീകരണ തുടർപ്രവർത്തനം

2018-2019-ലെ ബാലസംരക്ഷണ സമിതികളുടെ ആവശ്യം മനസ്സിലാക്കിക്കൊണ്ട് ബാലാവകാശ സംരക്ഷണ കമ്മീഷൻ 41 ശിൽപ്പശാലകൾ സംസ്ഥാനത്തുടനീളം നടത്തിയിരുന്നു. ഇതിന്റെ തുടർപ്രവർത്തനം എന്നവണ്ണം പഞ്ചായത്തുകൾ അവകാശാധിഷ്ഠിത ബാലസൗഹൃദ പഞ്ചായത്തായി മാറ്റുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു.

4. ബാലനീതി നിയമത്തിന്റെ നിരീക്ഷണ ചുമതല

ബാലനീതി നിയമം 2015-ന്റെ 109 വകുപ്പ് പ്രകാരം പ്രസ്തുത നിയമത്തിലെ വ്യവസ്ഥകൾ സംസ്ഥാനത്ത് നടപ്പാക്കുന്നത് നിരീക്ഷിക്കുന്നതിനുള്ള ഉത്തരവാദിത്വം സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷനാണ്. അതിൻ പ്രകാരം ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികളെ കൈകാര്യം ചെയ്യുന്ന ചൈൽഡ് വെൽഫെയർ കമ്മിറ്റികൾക്കും നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളെ കൈകാര്യം ചെയ്യുന്ന ജുവനൈൽ ജസ്റ്റിസ് ബോർഡുകൾക്കും പ്രൊഫോമ അയച്ചു നൽകി വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

9. പബ്ലിക് റിലേഷൻസ് പ്രവർത്തനങ്ങൾ

കമ്മീഷന്റെ പ്രവർത്തനങ്ങൾ പൊതുജനങ്ങളിൽ എത്തിക്കുന്നതിനും പൊതുജനാഭിപ്രായങ്ങൾക്കും പരാതികൾക്കും പുറമെ മാധ്യമവാർത്തകളും അഭിപ്രായങ്ങളും കൂടി ക്രോഡീകരിച്ച് ബാലാവകാശസംരക്ഷണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി കമ്മീഷനിൽ പബ്ലിക് റിലേഷൻസ് വിഭാഗം പ്രവർത്തിച്ചുവരുന്നു. ബാലാവകാശ ലംഘനങ്ങളെക്കുറിച്ചുള്ള മാധ്യമവാർത്തകൾ കമ്മീഷന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതും കമ്മീഷൻ സ്വീകരിക്കുന്ന നടപടികൾ സംബന്ധിച്ച കാര്യങ്ങൾ പത്രക്കുറിപ്പുകളിലൂടെ പൊതുജനങ്ങളെ അറിയിക്കുന്നതും പബ്ലിക് റിലേഷൻസ് വിഭാഗമാണ്. കമ്മീഷന്റെ പ്രധാനപ്പെട്ട ഉത്തരവുകൾ കുട്ടികൾ ഉൾപ്പെടെ ഏവരുടേയും അറിവിലേയ്ക്കായി കമ്മീഷന്റെ വെബ്സൈറ്റിലും ഫേസ് ബുക്ക്, ടിറ്റർ എന്നിവയിലും പ്രസിദ്ധപ്പെടുത്തുന്നതും പബ്ലിക് റിലേഷൻസ് വിഭാഗമാണ്.

9.1 പത്രക്കുറിപ്പുകൾ

കമ്മീഷന്റെ ഉത്തരവുകൾ, അവയുടെ അടിസ്ഥാനത്തിൽ വിവിധ ഏജൻസികൾ നൽകിയ നടപടി റിപ്പോർട്ട് എന്നിവയുടെയും കമ്മീഷന്റെ സിറ്റിങ്, സന്ദർശനങ്ങൾ, പരിപാടികൾ, കൂടിയാലോചനായോഗങ്ങൾ, ബാലാവകാശ വാരാചരണം എന്നിവയുടെയും അടിസ്ഥാനത്തിൽ 2019 ഏപ്രിൽ ഒന്നു മുതൽ 2020 മാർച്ച് 31 വരെ 128 പത്രക്കുറിപ്പുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആവശ്യമായ സന്ദർഭങ്ങളിൽ മാധ്യമ ങ്ങൾക്ക് വീഡിയോകളും ചിത്രങ്ങളും ലഭ്യമാക്കി. പത്രക്കുറിപ്പുകൾക്ക് മാധ്യമങ്ങളി ലൂടെ മികച്ച പ്രചാരം ലഭിച്ചിട്ടുണ്ട്. ഈ കാലയളവിൽ കമ്മീഷൻ ചെയർപേഴ്സൺ വിവിധ വിഷയങ്ങളിൽ നാല് മാധ്യമസമ്മേളനങ്ങൾ നടത്തി.

9.2 ഇലക്ട്രോണിക് മീഡിയയിലൂടെയുള്ള പ്രചാരണപ്രവർത്തനങ്ങൾ

കുട്ടികളുടെ അവകാശസംരക്ഷണവുമായി ബന്ധപ്പെട്ട് ദൂരദർശൻ, മറ്റ് സ്വകാര്യ ചാനലുകൾ എന്നിവയിലൂടെ കമ്മീഷൻ ചെയർപേഴ്സൺ, അംഗങ്ങൾ എന്നിവരുടെ അഭിമുഖം, ഫോൺ ഇൻ പരിപാടി എന്നിവ സംപ്രേഷണം ചെയ്യുകയുണ്ടായി. കുട്ടികളുമായി ബന്ധപ്പെട്ട വിശേഷദിവസങ്ങളിൽ കമ്മീഷൻ ചെയർ പേഴ്സൺ, അംഗങ്ങൾ എന്നിവരുടെ പ്രഭാഷണങ്ങൾ (ഇംഗ്ലീഷിലും മലയാളത്തിലും) കേരളത്തിലെ ആകാശവാണി നിലയങ്ങൾ പ്രക്ഷേപണം ചെയ്തു. കൂടാതെ, കമ്മീഷന്റെ ശ്രദ്ധേയമായ വിധികളെ അടിസ്ഥാനമാക്കി കേരളത്തിലെ വിവിധ എഫ്.എം നിലയങ്ങളും പരിപാടികൾ അവതരിപ്പിച്ചു.

9.3 വെബ്സൈറ്റ് & സോഷ്യൽ മീഡിയ

ലേ ഔട്ടിന്റെ പ്രത്യേകത കൊണ്ടും എളുപ്പം ഉള്ളടക്കം കണ്ടുപിടിക്കത്തക്ക തരത്തിലുള്ള സജ്ജീകരണം കൊണ്ടും ശ്രദ്ധേയമാണ് കമ്മീഷന്റെ വെബ്സൈറ്റ്. കമ്മീഷന്റെ പത്രക്കുറിപ്പുകൾ, പരിപാടികളുടെ ഫോട്ടോകൾ, സമീപഭാവിയിൽ നടത്തുന്ന പരിപാടികൾ, കമ്മീഷന്റെ പ്രസിദ്ധീകരണങ്ങൾ, കമ്മീഷൻ സമർപ്പിക്കുന്ന റിപ്പോർട്ടുകൾ എന്നിവയും കമ്മീഷൻ പുറപ്പെടുവിക്കുന്ന ഉത്തരവുകളും യഥാസമയം വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചുവരുന്നു. കമ്മീഷന്റെ വെബ്സൈറ്റ് ഇംഗ്ലീഷിലും മല യാളത്തിലും ലഭ്യമാണ്.

എന്നാൽ 2019 ഏപ്രിൽ 27 ന് കമ്മീഷന്റെ വെബ്സൈറ്റ് ഹാക്കർമാർ ഡീഫെ യിസ് ചെയ്തു. ഇതോടെ വെബ്സൈറ്റിന്റെ പ്രവർത്തനം തടസ്സപ്പെട്ടിരിക്കുകയാണ്.

ഐടി മിഷന്റെ നിർദേശപ്രകാരം പുതിയ വെബ്സൈറ്റിന്റെ രൂപകൽപ്പന കെൽട്രോണിനെ ഏൽപ്പിച്ചെങ്കിലും യഥാസമയം പൂർത്തിയാക്കി ലഭിച്ചില്ല. ഇതേത്തുടർന്ന് ഡിസൈനിംഗ് ജോലികൾ ഐ.ടി മിഷൻ മുഖാന്തിരം സി ഡിറ്റിനെ ഏവൽപ്പിക്കുകയുണ്ടായി. ഇതിന്റെ പൂർത്തീകരണം നടന്നുവരികയാണ്.

സാമൂഹ്യമാധ്യമങ്ങൾക്ക് പ്രചാരം ഏറിവരുന്ന ആധുനിക കാലഘട്ടത്തിൽ കമ്മീഷനും ഫേസ് ബുക്ക്, ടിറ്റർ പേജുകൾക്ക് രൂപം നൽകിയിട്ടുണ്ട്. പത്രക്കുറിപ്പുകളും പരിപാടികളും അപ്പോഴപ്പോൾ ഇവയിലൂടെ പ്രചരിപ്പിച്ചുവരുന്നു.

9.4 കമ്മീഷൻ ന്യൂസ് ലെറ്റർ - ബാല്യം

സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷന്റെ പ്രവർത്തനങ്ങൾ വിവിധ ബാലാവകാശ പ്രവർത്തകരിലും പദ്ധതിപ്പങ്കാളികളിലും പൊതുജനങ്ങളിലും എത്തിക്കുന്നതിനായി കമ്മീഷൻ *ബാല്യം* എന്ന പേരിൽ ത്രൈമാസ ന്യൂസ് ലെറ്റർ പ്രസിദ്ധീകരിക്കുന്നു. റിപ്പോർട്ട് കാലയളവിൽ 2018 ഒക്ടോബർ മുതൽ 2019 മാർച്ച് വരെയുള്ള ലക്കങ്ങൾ ഈ കാലയളവിലാണ് പ്രസിദ്ധീകരിച്ചത്. കമ്മീഷന്റെ ഉത്തരവുകൾക്ക് പുറമെ ബാലാവകാശമേഖലയിലെ വിവിധ വിഷയങ്ങളും പുതിയ സംഭവവികാസങ്ങളും ഉൾപ്പെടുത്തി കൂടുതൽ പേജുകളിൽ ആകർഷകമായാണ് ബാല്യം പ്രസിദ്ധീകരിക്കുന്നത്.

ജില്ല ശിശുസംരക്ഷണ ഓഫീസ് മുഖാന്തിരം ഓരോ ജില്ലയിലെയും ബാലാവകാശ പ്രവർത്തകർക്ക് ബാല്യത്തിന്റെ പ്രതികൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കുട്ടികളുടെ പങ്കാളിത്തത്തോടെ കമ്മീഷൻ നടത്തുന്ന "സംവാദം" മുതലായ പരിപാടികളിൽ പങ്കെടുക്കുന്നവർക്കും കമ്മീഷൻ നടത്തുന്ന കൂടിയാലോചനായോഗങ്ങളിൽപങ്കെടുക്കുന്നവർക്കും ന്യൂസ് ലെറ്റർ സൗജന്യമായി നൽകുന്നുണ്ട്.

10. വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷകൾ

2005-ലെ വിവരാവകാശ നിയമപ്രകാരം ലഭിക്കുന്ന അപേക്ഷകളിൽ കമ്മീഷനിൽ ലഭ്യമായിട്ടുള്ള വിവരങ്ങൾ അപേക്ഷകർക്ക് ലഭ്യമാക്കുന്നതിനായി സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരെ നാമനിർദ്ദേശം ചെയ്തിട്ടുണ്ട്. റിപ്പോർട്ട് കാലയളവിൽ കമ്മീഷന് ലഭിച്ച 95 അപേക്ഷകൾ സമയബന്ധിതമായി പരിഗണിക്കുകയും തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്.

11. ബഡ്ജറ്റും ധനകാര്യവും

കമ്മീഷന്റെ 2019-20 വർഷത്തെ വരവും ചെലവും സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വിഹിതവും ചെലവും			
നമ്പർ	വിഹിതം/ചെലവ്	ബഡ്ജറ്റ് വിഹിതം	ചെലവ്
(എ)	2235-02-102-53		
	01- ശമ്പളം		
	1. ശമ്പളം	2,07,85,000	2,10,11,502
	2. ക്ഷാമബത്ത	39,32,000	42,44,321
	3. വീട്ടുവാടക അലവൻസ്	20,00,000	20,39,265
	4. മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്	1,00,000	1,500
	5. മറ്റു അലവൻസുകൾ	1,50,000	1,91,850
(ബി)	02-വേതനം		
	01-വേതനം	1,26,000	1,24,210
	02-ക്ഷാമബത്ത	24,000	24,012
	4. നിശ്ചിത വേതനം	5,04,000	2,62,750
	5. ദിവസവേതനം	5,75,000	4,94,495
(സി)	04-യാത്രാ ചെലവുകൾ		
	1. യാത്രാ ബത്ത	1,30,000	60,342
(ഡി)	05 - ഓഫീസ് ചെലവുകൾ		
	1. വെള്ളക്കരം	11,000	9,146
	2. വൈദ്യുതി ചെലവ്	2,60,000	2,52,359
	3. ടെലിഫോൺ ചെലവ്	1,50,000	1,23,062
	4. മറ്റിനങ്ങൾ	14,00,000	14,12,597
(ഇ)	06 - വാടക, കരം, നികുതി	11,90,000	11,87,352
	2235-02-102-53-45 പി.ഒ.എൽ	1,38,000	63,000
	2235-02-102-53-21 സംരക്ഷണവും അറ്റകുറ്റപ്പണികളും	1,10,000	69,749
(എഫ്)	34 - മറ്റു ചെലവുകൾ	3,00,000	2,79,493
പ്ലാൻ - ബഡ്ജറ്റ് അലോക്കേഷൻ			
2235-02-102-53-34 മറ്റ് ചെലവുകൾ		1,35,00,000	1,29,61,189
2235-02-102-53-97 വാഹനവാടക		15,00,000	14,64,049
		1,50,00,000	1,44,25,238

ആകെ ബഡ്ജറ്റ് വിഹിതം - 3,33,85,000

ആകെ ചെലവ് - 3,33,15,054

റിപ്പോർട്ട് കാലയളവിൽ കുട്ടികളുടെ ഉത്തമതാല്പര്യം മുൻനിർത്തി ബാലാവകാശ സംരക്ഷണത്തിന് ആവശ്യമായ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുവാൻ കമ്മീഷന് കഴിഞ്ഞിട്ടുണ്ട്. തുടർവർഷത്തിലും കാര്യക്ഷമവും ശക്തവുമായ പ്രവർത്തനങ്ങൾ കാഴ്ച വെയ്ക്കാൻ കഴിയുമെന്ന ഉറച്ച വിശ്വാസവും പ്രതീക്ഷയുമാണ് കമ്മീഷനുള്ളത്.

ഫാ. ഫിലിപ്പ് പരക്കാട്ട് പി.വി.
കമ്മീഷൻ അംഗം

കെ. നസീർ
കമ്മീഷൻ അംഗം

ബബിത ബി.
കമ്മീഷൻ അംഗം

റെനി ആന്റണി
കമ്മീഷൻ അംഗം

ശ്യാമളാദേവി പി.പി.
കമ്മീഷൻ അംഗം

സി. വിജയകുമാർ
കമ്മീഷൻ അംഗം

കെ.വി. മനോജ് കുമാർ
ചെയർപേഴ്സൺ

അനുബന്ധം- 1

റിപ്പോർട്ട് കാലയളവിലെ (2018-19) കമ്മീഷൻ ചെയർപേഴ്സന്റെയും അംഗങ്ങളുടെയും പേരുവിവരം

1. ശ്രീ. പി. സുരേഷ് - ചെയർപേഴ്സൺ (01-10-2018 മുതൽ)
2. ശ്രീമതി. ശ്രീല മേനോൻ എൻ. - അംഗം (02-05-2017 മുതൽ 21-07-2017 വരെ) (18-08-2017 മുതൽ)
3. ഡോ. എം.പി. ആന്റണി - അംഗം (02-05-2017 മുതൽ 21-07-2017 വരെ) (18-08-2017 മുതൽ)
4. ശ്രീ. സി.ജെ. ആന്റണി - അംഗം (02-05-2017 മുതൽ 21-07-2017 വരെ) (18-08-2017 മുതൽ)
5. സിസ്റ്റർ ബിജി ജോസ് - അംഗം (02-05-2017 മുതൽ 21-07-2017 വരെ) (18-08-2017 മുതൽ)
6. ഫാ. ഫിലിപ്പ് പരക്കാട്ട് പി.വി. - അംഗം (05-04-2019 മുതൽ)
7. ശ്രീ. കെ. നസീർ - അംഗം (05-04-2019 മുതൽ)

അനുബന്ധം - 2

റിപ്പോർട്ട് കാലയളവിലെ (2019-20) കമ്മീഷൻ സെക്രട്ടറിയുടേയും മറ്റ് ഉദ്യോഗസ്ഥരുടേയും പേരുവിവരം

കമ്മീഷന്റെ സെക്രട്ടറി

ശ്രീമതി അനിത ദാമോദരൻ (29-07-2017 മുതൽ)

കമ്മീഷന്റെ രജിസ്ട്രാർ

ശ്രീ. കെ.ആർ. പ്രസന്നൻ (19-07-2017 മുതൽ 18-07-2019 വരെ)

ശ്രീമതി പി.വി. ഗീത (14-11-2019 മുതൽ)

മറ്റ് ഉദ്യോഗസ്ഥരും ജീവനക്കാരും

1. ശ്രീമതി ജെസ്സി ജോർജ്ജ് - അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (18-08-2018 മുതൽ)
2. ശ്രീ. രാധാകൃഷ്ണൻ നായർ ഡി.- ഫിനാൻസ് ഓഫീസർ (01-01-2018 മുതൽ)
3. ശ്രീ. ആർ. വേണുഗോപാൽ - പി.ആർ.ഒ. (04-12-2017 മുതൽ)
4. ശ്രീമതി സുജിതകുമാരി എസ്.എസ് - സെക്ഷൻ ഓഫീസർ, ഭരണവിഭാഗം (17-08-2016 മുതൽ)
5. ശ്രീ. റോയിച്ചൻ തോമസ് - സെക്ഷൻ ഓഫീസർ, ജനറൽ (11-07-2018 മുതൽ 31-01-2020 വരെ)
6. ശ്രീ. ആകാശ് രവി - കോർട്ട് ഓഫീസർ/സെക്ഷൻ ഓഫീസർ-1 (05-05-2017 മുതൽ 09-08-2019 വരെ)
7. ശ്രീമതി ലിജി അൽഫോൺസ് - കോർട്ട് ഓഫീസർ/സെക്ഷൻ ഓഫീസർ-1 (30-08-2019 മുതൽ)
8. ശ്രീമതി ലിൻഡ ഫ്ളച്ചർ - കോർട്ട് ഓഫീസർ/സെക്ഷൻ ഓഫീസർ-2 (23-11-2018 മുതൽ)
9. ശ്രീ. രഞ്ജിത്ത് കുമാർ എസ്. - ലീഗൽ അസിസ്റ്റന്റ്-1 (13-11-2018 മുതൽ)
10. ശ്രീ. അഭിലാഷ് - ലീഗൽ അസിസ്റ്റന്റ്-2 (28-11-2019 മുതൽ)
11. ശ്രീ. വി.എസ്. വെങ്കിടേഷ് - അക്കൗണ്ടന്റ് (23-02-2015 മുതൽ 22-02-2020 വരെ)
12. ശ്രീ. അബ്ദുൽ ബാരി - അക്കൗണ്ടന്റ് (17-03-2020 മുതൽ)
13. ശ്രീമതി നിഷ വൈ. - ക്ലാർക്ക്-കം-ഡേറ്റാ എൻട്രി ഓപ്പറേറ്റർ (സി2) (01-02-2017 മുതൽ)
14. ശ്രീ. എസ്.എൽ. വിജയകുമാർ - ക്ലാർക്ക്-കം-ഡേറ്റാ എൻട്രി ഓപ്പറേറ്റർ (എ1) (02-02-2015 മുതൽ 01-02-2020 വരെ)

15. ശ്രീ. പി. പത്മകുമാർ - ക്ലാർക്ക്-കം-ഡേറ്റാ എൻട്രി ഓപ്പറേറ്റർ (എ2)
(02-02-2015 മുതൽ 01-02-2020 വരെ)

16. ശ്രീ. ബിജു വി.ആർ. - ഓഫീസ് അറ്റൻഡന്റ് (09-10-2014 മുതൽ)

17. ശ്രീ. രജീഷ് ജെ.ബി. - ഓഫീസ് അറ്റൻഡന്റ്
(22-06-2017 മുതൽ 21-06-2019 വരെ)

18. ശ്രീമതി ഷിജി കെ. ജോൺ - ഓഫീസ് അറ്റൻഡന്റ് (11-10-2019 മുതൽ)

19. ശ്രീമതി ലീന എസ്. രാജ് - ഓഫീസ് അറ്റൻഡന്റ് (05-01-2019 മുതൽ)

20. ശ്രീമതി സൈഫുന്നിസ - പാർട്ട്-ടൈം-സ്വീപ്പർ